Reg: N: Mo. 2689—32. പേജ് 12 ഒററ പ്രതി വില ണ. 2 License No: 427 Dated 14—8—1943

# മലയാളരാജ്യം

പുസ്തകം ൧൬ കൊല്ലം, ൧൯൪൩ മേയ് ൨൪-ാംനു-യ്ക്ക് ൧൧൧൮ ഇടവം ൧൦-ാംനു തിങ്കളാഴ്ച ലക്കം ൩൦൧

## ടിറേറായുടെ അമർഷം

o

### ട്രിയസ്റ്റിനെപ്പററി അലക്സാണ്ടർ ചെയ്ത പ്രസ്താവനയിൽ

ലണ്ടൻ, മേ 20 ട്രിയസ്റ്റ് സ്ഥിതിഗതികളെപ്പററിയുള്ള ഫീൽഡ് മാർഷൽ അലക്സാണ്ടരുടെ പ്രസ്താവനയിൽ യുഗോസ്ലാവു പ്രധാനമന്ത്രിയും സർവ്വസൈന്യാധിപനുമായ മാർഷൽ ടിറേറാ അമർഷവും വിസ്മയവും പ്രകടിപ്പിക്കുന്നതായി റായിട്ടരുടെ റേഡിയോസ്റ്റേഷൻ റിപ്പോർട്ടു ചെയ്യുന്നു. യുഗോസ്ലാവു ന്യൂസ് ഏജൻസി മാർഷൽ ടിറേറാ ചെയ്ത ഒരു പ്രസ്താവന ഇങ്ങനെ ഉദ്ധരിക്കുന്നു.-,-"വെനിസ്യ ഗ്യൂലിയ, ട്രിയസ്റ്റ് എന്നീ പ്രദേശങ്ങളിലുള്ള യുഗോസ്ലാവു ഭടന്മാരുടെ സാന്നിധ്യം ഹിററ്ലറിൻെറയും മുസോളിനിയുടേയും ജപ്പാൻകാരുടേയും പിടിച്ചടക്കലിനു സദൃശമാണെന്ന ദുർവ്വഹമായ താരതമ്യത്തിൽ എനിയ്ക്കുള്ള അമർഷവും വിസ്മയവും പ്രകടിപ്പിക്കാതെ നിവൃത്തിയില്ല."

—o—

## ഫൂച്ചൌ തുറമുഖം ചീനർ വീണ്ടെടുത്തു

—o

ചുങ്കിങ്ങ്, മേ ൧൯—ഫോർമോസാ ദ്വീപിനെതിരായുള്ള ചൈനീസ് തുറമുഖമായ ഫൂച്ചൌ വെള്ളിയാഴ്ച പ്രഭാതത്തിൽ വീണ്ടെടുത്തെന്നു ടാക്കുംഗ്പോ പത്രം പറയുന്നു. ഇന്നത്തെ ചൈനീസ് കമ്യൂണിക്കെ ഈ വാർത്ത സ്ഥിരീകരിച്ചിരിക്കുന്നു.

### ൭ സഖ്യ യുദ്ധക്കപ്പലുകൾക്കു കേടു നേരിടുവിച്ചു

ലണ്ടൻ, മേ ൧൯ ജാപ്പനീസ് വിമാനങ്ങൾ ഓക്കിനാവാരംഗത്തു നടത്തിയ ആക്രമണങ്ങൾ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും ൭ യുദ്ധക്കപ്പലുകൾക്കു നാശമോ കേടോ ഉണ്ടാക്കിയെന്നു ജാപ്പനീസ് ഏജൻസി ഇന്നു പ്രസ്താവിച്ചിരിക്കുന്നു.

### പസിഫിക്കിലേയ്ക്കുള്ള ഫ്റഞ്ചുസേന

ലണ്ടൻ, മേ ൧൯ പസിഫിക്കു യുദ്ധത്തിൽ പങ്കെടുക്കുവാനുള്ള ഫ്രഞ്ച് ആക്രമണസേന നാലു സേനാവിഭാഗമായിരിക്കുമെന്നു പാരിസ് റേഡിയോ പറയുന്നു.

### ഒരമേരിക്കന് ൧൯ ജപ്പാൻകാർ വീതം കൊല്ലപ്പെടുന്നു

വാഷിംഗ്ടൻ, മേ ൧൯—പസിഫിക്കു നാവിക-കര പ്രവർത്തനങ്ങളിൽ കൊല്ലപ്പെടുന്ന ഓരോ അമേരിക്കനും ൧൯ ജാപ്പ് ഭടന്മാർ വീതം കൊല്ലപ്പെട്ടിട്ടുണ്ടെന്നു യു. എസ്സ്. പ്രസിദ്ധീകരണാലയം വെളിപ്പെടുത്തുന്നു.

## മഞ്ഞവർഗ്ഗക്കാരുടെ ഐക്യത്തെ ആസ്പദമാക്കി സന്ധി

### ജപ്പാൻ ചൈനയോടു ചെയ്തതും ചിയാങ്ങ് കൈഷക്കു നിരസിച്ചതുമായ സന്ധിനിർദ്ദേശം

ലണ്ടൻ, മേ ൧൯—ജപ്പാൻകാർ വാഷിംഗ്ടണിൽമാത്രമല്ല സന്ധിസാദ്ധ്യത ആരാഞ്ഞിരിക്കുന്നതെന്നും ജാപ്പനീസും ചൈനീസു നയതന്ത്രജ്ഞർതമ്മിൽ മാസ്കോയിൽവച്ചു സമ്പർക്കം നടക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 'ഡെയിലിടെലഗ്രാഫി'ൻെറ ലേബർപ്രത്യേകലേഖകൻ റിപ്പോർട്ടു ചെയ്യുന്നു.

ചൈനയുമായുള്ള സന്ധി മഞ്ഞവർഗ്ഗക്കാരുടെ താല്പര്യൈക്യം എന്ന അധിഷ്ഠാനത്തിലാണു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും പ്രസ്തുത ലേഖകൻ റിപ്പോർട്ടു ചെയ്യുന്നു.

ഒരു നയതന്ത്രകേന്ദ്രത്തിൽനിന്നുള്ള പ്രസ്താവനയാണു ഈ വസ്തുത ഇവിടെ വെളിപ്പെടുത്തിയതു്. വിദൂരപൌരസ്ത്യദേശത്തെ ചില രംഗങ്ങളിൽ ജപ്പാൻെറ പ്രാമാണ്യം ചൈന അംഗീകരിക്കണമെന്നും പകരം ജപ്പാൻ ചൈനീസുപ്രദേശങ്ങൾ വിട്ടൊഴിയുകയും മാർഷൽ ചിയാംഗ് കൈഷക്കുമായി 'ഒരു സൌഹാർദ്ദക്കരാറ്' ഉടൻതന്നെ ഒപ്പുവയ്ക്കുകയും ചെയ്യുന്നതാണെന്നും ജപ്പാൻ നിർദ്ദേശിക്കുന്നതായിട്ടാണു പറയപ്പെട്ടിരിക്കുന്നതു്. ഈ നിർദ്ദേശങ്ങളെ ചിയാംഗ കൈഷക്കു് അപ്പാടെ നിരസിച്ചിരിക്കുന്നു.

—

## ആംഗ്ലോ-അമേരിക്കൻ റഷ്യൻ സംഘട്ടനവിപത്തു്

### വർദ്ധമാനമായ യു. എസ്സ്. ഉൽക്കണ്ഠ—പോളിഷ് നേതാക്കന്മാർ 3-ാംലോകമഹായുദ്ധം പ്രതീക്ഷിക്കുന്നു

ലണ്ടൻ, മേ 18 "സോവിയററു സംരംഭങ്ങളിൽ യു. എസ്സിൻെറ ഉൽക്കണ്ഠ വർദ്ധിക്കുന്നു" എന്ന തലക്കെട്ടിൽ ഡെയിലിമെയിലിൽ ഇസ്റ്റ്ണ് എഴുതിയിരിക്കുന്ന ഒരു ലേഖനത്തിൽ റഷ്യയും ആംഗ്ലോ അമേരിക്കരുംതമ്മിൽ ഒരു സംഘട്ടനം സംഭവ്യമുണ്ടെന്നു പ്രസ്താവിക്കുന്നു. ലേഖനം ഇപ്രകാരം തുടരുന്നു. 150 കോടി പവൻെറ വായ്പ റഷ്യയ്ക്കനുവദിക്കാനുള്ള സാധ്യതകൾ ഇപ്പോൾ അത്ര വൻപിച്ചതല്ല. റഷ്യൻപ്ലാനുകളെപ്പററിയുള്ള സംശയങ്ങൾ യുണൈററഡ് സ്റ്റേററ്സിൽ വർദ്ധിച്ചുവരികയാണു്. ഗവർമ്മെണ്ടുനയത്തിലും അതിൻെറഫലങ്ങൾ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. റഷ്യയും ആംഗ്ലോ-അമേരിക്കരും തമ്മിലുള്ള ഒരു സംഘട്ടനത്തിൻെറ സംഭാവ്യത കൂടുതൽ കൂടുതൽ ചർച്ചാവിഷയമായിക്കൊണ്ടിരിക്കുന്നു. പത്രങ്ങൾ ഈ പ്രശ്നത്തെ ഉന്നയിച്ചു അനുകൂലവും പ്രതികൂലവുമായ വിമർശനങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു

ഇന്നത്തെ ഏററവും പ്രധാനപ്പെട്ട പ്രശ്നം യുണൈററഡ് സ്റ്റേററ്സും റഷ്യയും തമ്മിലുള്ള ബന്ധം ആണെന്നാണു് അമേരിക്കൻലേഖകനായ ഡ്രൂപീയേഴ്സൺ പ്രസ്താവിക്കുന്നതു്. ചൈനക്കാരുടെയും ഇൻഡ്യാക്കാരുടെയും മദ്ധ്യയൂറോപ്യൻരാജ്യക്കാരുടെയുംമേൽ റഷ്യയുടെ സ്വാധീനശക്തി വൻപിച്ചതായിരിക്കാനിടയുണ്ടെന്നും പശ്ചിമയൂറോപ്യൻരാജ്യങ്ങളും അമേരിക്കൻരാജ്യങ്ങളും യു. എസ്സിനോടു ചേർന്നു നിലകൊള്ളേണ്ടതാണെന്നും കാര്യങ്ങൾ ഇന്നത്തെനിലയ്ക്കു തുടർന്നുകൊണ്ടിരുന്നാൽ പത്തോ ഇരുപതോ വർഷത്തിനുള്ളിൽ വേറൊരു യുദ്ധം ഉണ്ടാകുമെന്നും മഹാശക്തികൾ മൂന്നും പരസ്പരം യുദ്ധത്തിൽ ഏർപ്പെടാതിരിക്കത്തക്ക യാതൊരു വ്യവസ്ഥയും സാൻഫ്റാൻസിസ്കോയിൽ രൂപീകരിക്കപ്പെടുന്നില്ലെന്നുള്ളതാണു അതിനു കാരണമെന്നും അദ്ദേഹം പറയുന്നു.

ലണ്ടനിലെ പോളിഷ് ഗവർമ്മെൻറംഗങ്ങളും വിദേശത്തുള്ള പോളിഷ് സൈന്യനേതാക്കന്മാരും ഇന്നത്തെ ലോകസംഭവങ്ങൾ പശ്ചിമഡെമോക്രസികളും സോവിയററുയൂണിയനും തമ്മിലുള്ള ഒരു മഹായുദ്ധത്തിലേക്കാണു നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു ഉറപ്പായി അനുമാനിക്കുന്നു എന്നാണു് സാൻഫ്റാൻസിസ്കോയിൽ ലഭിച്ചിരിക്കുന്ന ഒരു റിപ്പോർട്ടുകൊണ്ടറിയുന്നതു്. പോളണ്ടിനു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ ഒരു സത്താസാധ്യമാകണമെങ്കിൽ ആംഗ്ലോ-അമേരിക്കരും റഷ്യയും തമ്മിൽ ഏററു

## മഹാത്മജി

—o—

മഹാബലേശ്വർ, മേ ൨൦ ഡാ: ജീവരാജ് മേത്ത, ഡാ: ഗഡ്ജാർ, ഡാ: ഗിൽഡർ, ഡാ: സുശീലാനായർ എന്നിവർ ഇന്നു ഗാന്ധിജിയെ പരിശോധിച്ചു. പരിശോധനാനന്തരം ഡാക്ടറന്മാർ പറഞ്ഞതു ആശങ്കയ്ക്കു കാര്യമില്ലെന്നാണു്. കസ്തൂർബാഫണ്ടിൻെറ ചെയർമാൻ എന്ന നിലയിൽ മഹാത്മജിയുടെ ഇന്നലത്തെ ജോലിനിമിത്തം അദ്ദേഹത്തിനല്പം ക്ഷീണം ഉണ്ടാകുകയും സായാഹ്നസവാരി കുറയ്ക്കേണ്ടിവരികയും ചെയ്തു. മഹാത്മജിയുടെ ആരോഗ്യനിലയെപ്പററി അല്പംകൂടി ഇനിയും ശ്രദ്ധിക്കേണ്ടതുണ്ടെന്നാണു് ഇതുകൊണ്ടു വ്യക്തമാകുന്നതു്. ഇന്നദ്ദേഹം ഏതായാലും പതിവുപോലെ ഇന്നും സായാഹ്നസവാരി നടത്തി. (എ-പി)

## വിജയലക്ഷ്മിയുടെ യാത്രമുടങ്ങി

—o—

### കാൺഫറൻസുകാലം മുഴുവൻ സാൻഫ്റാൻസിസ്കോയിൽ താമസം

സാൻഫ്റാൻസിസ്കോ, മേ 18 സൈനികാവശ്യങ്ങൾക്കുള്ള മുൻഗണനനിമിത്തം മിസ്സിസ് വിജയലക്ഷ്മിപണ്ഡിററിനു ലാസ് എൻജൽസിൽ ഇറങ്ങേണ്ടിവരികയും അവർ ഇന്നു ഇവിടെ എത്തുകയും ചെയ്തു. മാസച്ചൂസെററ്സിൽ വെല്ലസ്ലികാളേജിൽ സ്വപുത്രിമാരുടെ വിദ്യാഭ്യാസബിരുദലബ്ധിയിൽ സംബന്ധിക്കുവാനായി മിസ്സിസ് പണ്ഡിററു യാത്ര തിരിച്ചതായിരുന്നു. ഇവിടെനിന്നും മൂവായിരം മൈൽ അകലെയാണു് പ്രസ്തുത കാളേജ്, കാൺഫറൻസുകാലമത്രയും ഇവിടെ താമസിക്കുവാനാണു് മിസ്സിസ പണ്ഡിററു ഇപ്പോൾ ഉദ്ദേശിക്കുന്നതു്.

—o—

## വേറൊരു ലുബ്ളിൻ പ്രശ്നമുണ്ടാകും

ന്യൂയാർക്ക്, മേ 18—ഏതെങ്കിലുമൊരു നിമിഷത്തിലും മാർഷൽസ്റ്റാലിൻ ചൈനയിലെ കമ്മ്യൂണിസ്ററുകളെ അംഗീകരിക്കാനിടയുണ്ടെന്നു സുപ്രശസ്തലേഖകനായ ഡ്രൂപിയേഴ്സൺ ഇന്നു മുന്നറിവു നൽകുന്നു.

കമ്മ്യൂണിസ്റ്റ് ചൈനയെ സോവിയററു റഷ്യ അംഗീകരിക്കുന്നതിൻെറ ഫലം വേറൊരു ലുബ്ളിൻ പ്രശ്നമായിരിക്കുമെന്നുള്ളതാണു സ്റ്റേററ്ഡിപ്പാർട്ടുമെണ്ടിൻെറ ഏററവും വലിയ ഭീതിയെന്നു പീയേഴ്സൺ പ്രസ്താവിക്കുന്നു

മുട്ടിയേതീരു എന്നു രാജ്യംവിട്ടുപോകേണ്ടിവന്ന പ്രമുഖപോളിഷുകാർ വിചാരിക്കുന്നതായും കാണുന്നു.

# വിജയലക്ഷ്മിപണ്ഡിററ്

(ലക്ഷ്മി എൻ മേനോൻ)

**സകലവിധ ആധിപത്യത്തിൻെറയും പരമശത്രുവായി പശ്ചിമാർദ്ധഗോളത്തെ-ഭൂലോകത്തെ മുഴുവൻതന്നെയും വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന, വിജയലക്ഷ്മിപണ്ഡിററിൻെറ, ഫലസിദ്ധിയെപ്പററിയുള്ള ചിന്തയ്ക്കു അടിമപ്പെടാതെ, പ്രീതിയോ അപ്രീതിയൊ വകവയ്ക്കാതെ, സ്വധർമ്മനിർവ്വഹണമാത്രനിരതയായി സ്വന്തം മാതൃഭൂമിയുടെ പാരതന്ത്ര്യം മനുഷ്യരാശിക്കു ഏതുവിധത്തിൽ സർവ്വനാശകമായിരിക്കുന്നു എന്നു ലോകത്തെ ഉൽബോധിപ്പിച്ചുകൊണ്ടു്, സാമ്രാജ്യവാദികൾക്കു 'ഒരു ഭയങ്കരവിപത്തായി' അനുഭവപ്പെട്ടുകൊണ്ടു്, ഭാരതീയസ്ത്രീത്വത്തിൻെറ സമുജ്ജ്വലമഹിമാതിശയം ലോകത്തിനു ബോദ്ധ്യപ്പെടുത്തിക്കൊണ്ടു, ലോകത്തിലെ രാഷ്ട്രതന്ത്രജ്ഞന്മാരുടെ കണ്ണു തുറപ്പിക്കുവാൻ, ലോകത്തിനു ഭാരതഭൂമിയുടെ സർവ്വവ്യാപ്തമായ ഐക്യസന്ദേശം നൽകുവാൻ, അതുയിൽ ഏഴദിവസവും നിരന്തരയത്നം നടത്തിക്കൊണ്ടിരിക്കുന്ന വീരഭാരതവിജയലക്ഷ്മിയുടെ പ്രയത്നരീതി ശ്രീ ലക്ഷ്മി എൻ മേനോൻ ഈ ഉപന്യാസത്തിൽ സമർത്ഥമായി ചിത്രണം ചെയ്തിരിക്കുന്നു.**

കഴിഞ്ഞ നവംബറിൽ മിസ്സിസ് പണ്ഡിററു് ഇൻഡ്യ വിട്ടപ്പോൾ അവരുടെ അമേരിക്കൻ സന്ദർശനം ഒരു സ്വകാര്യസന്ദർശനംആയല്ലാതെ അധികമാരും കരുതിയിരുക്കുകയില്ല. സ്വാതന്ത്ര്യത്തിനും ഇൻഡ്യയ്ക്കുംവേണ്ടി സേവനം അനുഷ്ഠിക്കാൻ ഉള്ള സന്ദർഭം പാഴാക്കുക എന്നതു് അവരുടെ സ്വഭാവത്തിലുള്ളതല്ല. ഇന്നു് അവർ സ്വന്തം രാജ്യത്തിനും ജനതയ്ക്കുംവേണ്ടിയുള്ള അവരുടെ കൃത്യം ധീരതയോടെ, ഫലങ്ങളെപ്പററി വകവയ്ക്കാതെ ചെയ്തതീക്കുന്നതിൽ നമ്മുടെ ഏററവും ശുഭാപ്തിപരമായ പ്രതീക്ഷകളെ വളരെദൂരം പിന്നിട്ടു് അവർ പുരോഗമിച്ചിരിക്കുന്നതിൽ നമുക്കു സന്തോഷത്തിനും അഭിമാനത്തിനും വകയുണ്ടു്.

### പ്രതിഷ്ഠാപിതതാല്പര്യങ്ങൾക്കു തലവേദന

ഇൻഡ്യയിലേയ്ക്കു കേബിൾചെയ്യപ്പെട്ടിട്ടുള്ള അവരുടെ പ്രസംഗങ്ങളുടെ വികൃതവിവരണം വളരെയധികം നിരൂപണത്തിനു വിധേയമായിട്ടുണ്ടു്. ഈ അപൂർണ്ണറിപ്പോർട്ടുകൾ ചിലർ അപ്പാടെ വിശ്വസിച്ചിട്ടുണ്ടു്. സാധാരണയായി കാര്യത്തിൻെറ ഇരുവശവും കാണാറുള്ള ആളുകൾ ഇപ്രാവശ്യം അതിൻെറ വികൃതവശം കാണുന്നതിനും മിസ്സിസ് പണ്ഡിററിനെ വസ്തുതകളിൽ വളരെ അതിശയോക്തികലർത്തിയതായി കുററപ്പെടുത്തുന്നതിനും മടിച്ചിട്ടില്ല. അമേരിക്കൻ ജനതയെ തെററിദ്ധരിപ്പിക്കുന്നതായും താൻ പ്രതിനിധീകരിക്കുന്ന മഹാസംഘടനയുടെ പ്രശസ്തിയ്ക്കു ഹാനിവരുത്തുന്നതായും മിസ്സിസ് പണ്ഡിററിനെ കുററപ്പെടുത്തുന്നു. ഈ ആരോപണങ്ങളെ നമുക്കൊന്നു പരിശോധിക്കാം.

ഹോട്ട്സ്പ്രിങ്ങ് കാൺഫറൻസിലും വെളിയിലും ഉള്ള മിസ്സിസ് പണ്ഡിററിൻെറ പ്രസംഗങ്ങളിൽ ഇൻഡ്യൻ സ്വാതന്ത്ര്യത്തെയും കൊളോണിയൽ ജനതയുടെ സ്വാതന്ത്ര്യത്തെയും എടുത്തെടുത്തു പറഞ്ഞിട്ടുണ്ടു്. വളരെ പ്രശംസിക്കപ്പെടുന്ന നാലു സ്വാതന്ത്ര്യങ്ങൾ അവരാവശ്യപ്പെട്ടില്ല. പ്രത്യുത ലോകത്തിലെ സകല ജനതകൾക്കും ഇതരശക്തികളുടെ ആധിപത്യത്തിൽനിന്നുമുള്ള സ്വാതന്ത്ര്യമാണവരാവശ്യപ്പെടുന്നതു്. മനുഷ്യരാശിയുടെ സുഖത്തിനു സാമ്രാജ്യദുഷ്പ്രഭുത്വത്തിൻേറയും കാളന്നികളുടേയും തുടച്ചു ഒഴിച്ചുവയ്ക്കാൻവയ്യാത്ത കാര്യങ്ങളാണെന്നു വിശ്വസിക്കത്തക്കവിധം അധഃപതിച്ചിട്ടില്ലാത്ത യാതൊരാൾക്കും ഇതിൽ ക്ഷുഭിതനാകേണ്ട കാര്യമില്ല. കാൺഗ്രസ്സിൻെറയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ആഫ് പേസിഫിക് അഫയേഴ്സിൻെറയും പ്രതിനിധിയെന്നനിലയിൽ വർഗ്ഗപരമോ വിഭാഗപരമോ ആയ വ്യത്യാസങ്ങളെ ഗണിക്കാതെ ഇൻഡ്യൻ സ്വാതന്ത്ര്യത്തിനും എല്ലാ അസ്വതന്ത്രജനതകളുടെയും സ്വാതന്ത്ര്യത്തിനുംവേണ്ടി അവർ നിലകൊള്ളുക എന്നതു സ്വാഭാവികംമാത്രമാണു്.

റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ള മററു പ്ര-

"വിജയിക്കണേ! വിജയലക്ഷ്മിയാൾ"



ഭാഗധേയനിരവദ്യനീരധിയിലുദ്ഭവിച്ച കനകാംബുജ
ശ്രീഗുണോദയസുഗന്ധശോഭന യശോവിരാജിതദിഗഞ്ചലാ
വാഗലർക്കമനിമാക്കോരേകതനു, സത്യപൂതസമദർശന-
ത്യാഗപുണ്യജനു, സർവമാന്യ, വിജയിക്കണേ! വിജയലക്ഷ്മിയാൾ.

ഭൂരിസൌഹൃദമഹാർഷധാമകിരണ പ്രഭാസരളചിത്തസം-
സ്കാരസിദ്ധ പരമാത്മതത്ത്വ മലീകൃതാശയപരമ്പരാ
പാരതന്ത്ര്യപരിതപ്തലോക പരമോദ്ധൃതിപ്രചരണോദ്യമാ
ഭാരതാംബയുടെ വീരപുത്രി വിജയിക്കണേ! വിജയലക്ഷ്മിയാൾ.

കാമ്പുങ്ങൽ നീലകണ്ഠപ്പിള്ള.

സംഗങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യത്തെ പ്രത്യേകം പരാമർശിക്കുന്നു. ഈ പ്രസംഗങ്ങളിൽ അവർ ആവശ്യപ്പെട്ടിട്ടുള്ളതു രാഷ്ട്രീയതടവുകാരെ പ്രത്യേകിച്ചു നേതാക്കന്മാരെ മോചിപ്പിക്കുകഎന്നതാണു്. മോചിപ്പിക്കപ്പെട്ടാൽ അവർക്കു യോജിച്ചു് എന്തെങ്കിലും ഒരു വർഗ്ഗീയതീരുമാനത്തിലെത്തുന്നതിനും അങ്ങനെ ഇന്ത്യയെ തനിക്കുവിട്ടു ആവശ്യമായ സ്വാതന്ത്ര്യവും നൽകിയാൽ ഭാവി ഭാഗധാഗിത്വത്തെപ്പററി സ്വന്തമായ ഒരുനയം സ്വീകരിക്കുന്നതിനു ഇന്ത്യയ്ക്കു കഴിയുമെന്നു ലോകത്തെ മനസ്സിലാക്കുന്നതിനും അവർക്കു സാധിക്കും. ഈ പ്രവർത്തനത്തിലാണു മിസ്സിസ് പണ്ഡിററു

യുണൈറഡ് സ്റ്റേററ്സിലെ ഇന്ത്യൻ വിരുദ്ധപ്രചരണമാകുന്ന ബ്രിട്ടീഷുകതന്ത്രവുമായി ഏററുമുട്ടിയതു്. അനുഭാവപൂർണ്ണരായ ഒരു ജനതയെ വസ്തുതകൾ ഗ്രഹിപ്പിച്ചു ഇന്ത്യൻസ്വാതന്ത്ര്യവാദത്തിലേക്കു കൊണ്ടുവരാമായിരുന്ന ഘട്ടം കഴിഞ്ഞുപോയെന്നു അവർ മനസ്സിലാക്കിയതും അപ്പോഴാണു്.

### അമേരിക്കയുടെ സൌമനസ്യം

ഈ യുദ്ധകാലത്തു ഇന്ത്യ സന്ദർശിച്ചിട്ടുള്ള അമേരിക്കൻലേഖകന്മാർനമ്മുടെ ഭരണരീതിയുടെ അപര്യാപ്തതയേയും ഡൽഹിയിലെ ആഡംബരഘോഷത്തിനെതിരായുള്ള ജനങ്ങളുടെ ദാരിദ്ര്യത്തേയും കഷ്ടതയേയുംപററി അവജ്ഞനിറഞ്ഞ വിവരണമാണു നൽകിയിട്ടുള്ളതു്. നമ്മുടെ നേതാക്കന്മാരേയും ഘോരമായ ഒരു പരീക്ഷണഘട്ടത്തിൽക്കൂടി രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുവാനായുള്ള അവരുടെ നിസ്സ്വാർത്ഥസേവനത്തെയും പററി അവർ വികാരത്തോടുകൂടിയും അഭിനന്ദനപൂർവ്വമായും ചിത്രണം ചെയ്തിട്ടുണ്ടു്. ഇന്ത്യയിൽ പ്രത്യേകിച്ചുംതാല്പര്യമില്ലാത്ത, ജഫർസൻെറയും ലിങ്കൻെറയും പാരമ്പര്യത്തിൽവളർന്നിട്ടുള്ള പുരുഷന്മാരും സ്ത്രീകളും ഇന്ത്യയുടെ

സ്വാതന്ത്ര്യവാദത്തെ അനുകൂലിക്കുന്നതിൽ ഒരേ അഭിപ്രായക്കാരും പൂർണ്ണഹൃദയരുമാണു്. അവരുടെ ലേഖനങ്ങൾ കർശനമായ സെൻസർഷിപ്പിനു വിധേയമാക്കപ്പെടുന്നുണ്ടു് എന്നാൽ തങ്ങളുടെ പൂർവ്വികന്മാർ അവർക്കുമാത്രമല്ല മനുഷ്യരാശിക്കു പൊതുവേയുംകൂടിവേണ്ടി നിർലോഭം രക്തം നൽകിയതെന്തിനുവേണ്ടിയോ ആ സ്വാതന്ത്ര്യാദർശങ്ങളിൽ വിശ്വസിക്കുന്ന ഒരുകൂട്ടം ആളുകൾ യുണൈററഡ് സ്റ്റേററ്സിലുണ്ടു്. ഒരു ലോകയുദ്ധത്തിൻെറ മദ്ധ്യത്തിൽ അവരുടെ ഉദാരവീക്ഷണത്തിൻെറ പ്രേരണാശക്തിയ്ക്കു പ്രചാരം സിദ്ധിച്ചുവരികയാണു്.

ഇന്ത്യയുടെ ആശകളോടു പേരലുള്ള ഈ വർദ്ധിച്ചുവരുന്ന അനുഭാവത്തെ തടയാൻ ഇന്ത്യാഗവർമ്മെണ്ടു പ്രതിവർഷം ഇരുപതുലക്ഷത്തോളം ചെലവാക്കിവരുന്നു. നമ്മുടെ കാര്യത്തിലുള്ള അമേരിക്കൻമനോഭാവത്തിൻെറ ഗതിയെമാററുന്ന ഇന്ത്യൻവിരുദ്ധപ്രയത്നത്തിനായി അനേകംഏജൻററന്മാരെ ഏർപ്പെടുത്തിയിട്ടുള്ളതായും പറയപ്പെടുന്നു. ഈ ഏജൻറന്മാർ മുതലെടുക്കുന്നതു യഥാർത്ഥവും കല്പിതവുമായ ഹിന്ദുമുസ്ലീംഭിന്നതകൾ, കടന്ന അവകാശവാദങ്ങൾ പുറപ്പെടുവിക്കുന്നതായ പറയപ്പെടുന്ന കാൺഗ്രസ്സിൻെറ പ്രാതിനിധ്യമില്ലായ്മ, ഇന്ത്യയുടെ പശ്ചാൽസ്ഥിതി, ബ്രിട്ടീഷുകാർ അധികാരം കൈവെടിഞ്ഞാലുടൻ പൊട്ടിപ്പുറപ്പെടുമെന്നു കരുതപ്പെടുന്ന ആഭ്യന്തരസമരം എന്നിവയെക്കൊണ്ടാണു്. ഇവർ പ്രചരിപ്പിക്കുന്ന തെററിദ്ധാരണകൾ എത്രമാത്രമാണെന്നറിയുന്നതിനു സർ ഫിറോസ്ഖാൻനൂൺ വിശ്വസിക്കുന്നതരത്തിൽ ഇന്ത്യയ്ക്കു ക്യാനഡായിലേയും ആസ്ത്രേലിയായിലേയുംപോലെ ഡൊമിനിയൻപദവി ഉണ്ടെന്നും പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന യുദ്ധാനന്തരപദ്ധതികളിൽ പലതും പ്രവർത്തനമാരംഭിച്ചു കഴിഞ്ഞിട്ടുണ്ടെന്നും വിശ്വസിക്കുന്ന ആളുകൾ അമേരിക്കയിലുണ്ടെന്നുള്ള വസ്തുത തെളിയിക്കും.

### വിസ്തൃതമായ ഒരു തടങ്കൽപാളയം

ഫലപ്രദമായ സ്വകീയരീതിയിൽ മിസ്സിസ് പണ്ഡിററു് ഈ ദുഷ്പ്രചരണത്തെ നേരിട്ടിട്ടുണ്ടു്. ഇൻഡ്യ ഒരു വിസ്തൃതമായ തടങ്കൽപാളയമാണെന്നു അവർ പ്രസ്താവിച്ചതായി പറയുന്നു. ബോവർ യുദ്ധകാലത്തു ഈ പദം ഉപയോഗിക്കപ്പെട്ടിരുന്ന അർത്ഥത്തിൽ അതിൻെറ ഉത്ഭവത്തെപ്പററി അനുസ്മരിക്കുന്നതു് ആ വാക്കു് മിസ്സിസ് പണ്ഡിററു് ഏതർത്ഥത്തിലാണുപയോഗിച്ചിരിക്കുന്നതെന്നു മനസ്സിലാക്കാൻ സഹായകമായിരിക്കും. 1942-ൽ അറസ്ററുചെയ്ത അന്നുമുതൽ വിചാരണകൂടാതെ തടങ്കലിൽ കഴിയുന്ന നമ്മുടെ നേതാക്കന്മാർക്കെന്തുസംഭവിച്ചു എന്നാലോചിക്കുന്നതും പ്രയോജനകരമായിരിക്കും. അതുപോലെതന്നെയാണു അടുത്ത ബന്ധുക്കൾക്കുമാത്രമറിയാവുന്ന ത്യാഗമഹിമയോടുകൂടിയ അനേകായിരം അജ്ഞാതരായ സ്വാതന്ത്ര്യയോദ്ധാക്കളുടേയും കാര്യം. അവരുടെ രക്തസാക്ഷിത്വത്തെ കൂടാതെ സ്വാതന്ത്ര്യസംരംഭത്തിനു വിജയം സാധ്യമേആകുമായിരുന്നില്ല. സ്വാതന്ത്ര്യവഹ്നി ജ്വലിച്ചുകൊണ്ടിരിക്കുന്നതിനു നിയമത്തിൻെറ പിടിയിൽനിന്നും മോചനംനേടിയ വീരന്മാരുടെ ചരിത്രവും അപ്രകാരംതന്നെ. ഇവർ ചെയ്തിട്ടുള്ള കുററമോ? ആയുധംകൂടാതെ, ആയുധംഎടുക്കാനുള്ളമാർഗ്ഗംപോലുംഅറിയാതെ അക്രമരാഹിത്യത്തിൽ വിശ്വസിച്ച നിയമത്തിനുള്ളിൽനിന്നുകൊണ്ടുംതന്നെ പ്രവർത്തനംനടത്തി സ്വാതന്ത്ര്യത്തിനുള്ള ഇന്ത്യയുടെ അവകാശം അംഗീകരിക്കപ്പെടണമെന്നും അതു ചെയ്യാത്തപക്ഷം സ്വാതന്ത്ര്യത്തിനുവേണ്ടിയെന്നു പറയുന്ന ഒരുയുദ്ധത്തിൽ പൂർണ്ണാത്മനാ സഹകരിക്കാൻ കഴിയുന്നതല്ലെന്നും അവർപറഞ്ഞു. ഫാസിസ്റ്റുഭീകരതയെപ്പററി ബ്രിട്ടനു ബോധമുണ്ടാകുന്നതിനു വളരെക്കാലംമുമ്പുതന്നെ, പ്രജായത്തരാജ്യങ്ങളും മുതലാളിത്തരാ

(ശേഷം 12-ാംപേജിൽ)

# ശ്രീശങ്കരന്റെ സന്ദേശം

(ആഗമാനന്ദസ്വാമികൾ)

(ശ്രീ ചിത്രാ ഹിന്ദുമത ഗ്രന്ഥശാലയിൽ വച്ച് മേടം 30-ാംനു- ചെയ്ത പ്രസംഗത്തിന്റെ ചുരുക്കം.)

ഇന്നു ശ്രീശങ്കരജയന്തി ആഘോഷത്തിന്റെ ഒന്നാം ദിവസമാണ്. വൈശാഖത്തിലെ പഞ്ചമിയിലാണു ഭഗവാൻ ശ്രീശങ്കരൻ ജനിച്ചതു്. അതുകൊണ്ടാണ് ഇന്നു ശ്രീശങ്കരനെപ്പററിത്തന്നെ പറയണമെന്നു ഞങ്ങൾ തീർച്ചയാക്കിയതു്. കേരളത്തിൽ ജനിച്ച ഭഗവാൻ ശ്രീശങ്കരനെ ലോകം മുഴുവൻ ആദരിക്കുന്നു; ആരാധിക്കുന്നു. അദ്ദേഹത്തെ മലയാളികൾ അത്ര ആദരിക്കുന്നില്ല. ഇതു മററു ദേശക്കാരുടെ കണ്ണിൽ വളരെ ലജ്ജാവഹമായ ഒരു സംഗതിയാണ്. ആ നാട്ടുകാർ അതു പറഞ്ഞു എന്നെ മലയാളിയായതുകൊണ്ടു അധിക്ഷേപിക്കതന്നെ ചെയ്തു. അതുകൊണ്ടു ശ്രീശങ്കരനെപ്പററി ശരിയായി ഒരു ബോധം മലയാളികളുടെയിടയിൽ ഉണ്ടാകണമെന്നുള്ള വിചാരമാണ് വടക്കേ ഇൻഡ്യയിൽ ജീവിതശേഷം കഴിക്കണമെന്നുദ്ദേശിച്ചു പതിമൂന്നുകൊല്ലം മുമ്പു കാശിയിൽഎത്തി അവിടെ താമസിച്ചിരുന്ന എന്നെ വീണ്ടും മലയാളത്തിലേക്കു മുഖ്യമായി കൊണ്ടുവന്നതു്.

ശ്രീശങ്കരനെ ഈശ്വരാവതാരമായി പുരാണങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടു. എഴുത്തച്ഛൻ ഗന്ധർവ്വാവതാരമാണെന്നു നമ്മുടെ നാട്ടിൽ ഒരു വിശ്വാസമുണ്ടു. ഇതുപോലെ ചിലരെ അനന്തന്റെ അവതാരമാണെന്നും മററു ചിലരെ ദേവന്മാരുടെ അവതാരമാണെന്നും വിശ്വസിച്ചുവരുന്നു. സിദ്ധാന്തകൌമുദീകാരനായ ഭട്ടോജിദീക്ഷിതർപോലും ഏതോ ഒരു മഹർഷിയുടെ അവതാരമാണെന്നു പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ടു്. എന്നാൽ ശ്രീശങ്കരൻ അക്കൂട്ടത്തിലല്ല അദ്ദേഹം ഈശ്വരന്റെ അവതാരംതന്നെ ആണെന്നാണ് എന്റെ വിശ്വാസം. ഈശ്വരാവതാരത്തെപ്പററിയുള്ള എന്റെ അഭിപ്രായം ഞാൻ വെളിവാക്കാം. സർവ്വവ്യാപിയും സർവ്വാത്മാവും സർവ്വാന്തര്യാമിയുമായ ഈശ്വരൻ എങ്ങനെ പ്രത്യേകശരീരത്തിൽ അവതരിക്കുമെന്നു ചിലർ ചോദിക്കുന്നു. ഈശ്വരൻ സർവ്വശക്തനാകയാൽ അദ്ദേഹത്തിനു എന്തുകൊണ്ടു അവതരിച്ചു സ്ഥൂലശരീരത്തിൽ പ്രത്യക്ഷപ്പെട്ടുകൂടാ എന്നു ഭക്തന്മാർ പകരം ചോദിക്കുന്നു. സർവ്വാത്മാവും സർവ്വാന്തര്യാമിയും പരമാത്മസ്വരൂപിയും സർവ്വവ്യാപിയും ആയ ഈശ്വരനു 'പാദോƒസ്യ വിശ്വാഭൂതാനി ത്രിപാദസ്യാമൃതംദിവി' എന്നു പുരുഷസൂക്തത്തിൽ പറഞ്ഞതുപോലെ ജഗത്താകാമെങ്കിൽ എന്തുകൊണ്ടവതരിച്ചുകൂടാ എന്നും അവർ ചോദിക്കുന്നു. ഏതായാലും ഇതു ഒരു ഈശ്വരരഹസ്യമാണ്. നമുക്കു മനസ്സിലാകാത്തതാണ്. 'തത്സ്വരൂപത്തെ നാരദാദി ജ്ഞാനികളെന്നു തത്സ്വരൂപത്തെയറിഞ്ഞവനേയറിയാവൂ' എന്നു ആചാര്യർ പറഞ്ഞതേ നമുക്കും പറയാൻ കഴിയൂ.

എന്നാൽ എനിക്കുമനസ്സിലായിട്ടുള്ളതും മററുള്ളവക്കു മനസ്സിലാവാൻ പ്രയാസമില്ലെന്നു തോന്നുന്നതുമായ മറൊരു ഭാവമുണ്ടു്. ഒരു മണൽക്കാട്ടിൽ അനവധിയാളുകൾ എങ്ങനെയോ അകപ്പെട്ടുപോയി. അവർ അവിടെ വിശപ്പും ദാഹവുംകൊണ്ടു വലയുന്നു. പുറത്തുവരാനുള്ള വഴിയും അറിയുന്നില്ല. എല്ലാവരും വിശപ്പും ദാഹവും തീക്കാനുള്ള ഉൽക്കണ്ഠനിമിത്തം പരിഭ്രമിച്ചോടിനടക്കുന്നു. അപ്പോൾ അതിന്റെ നടുവിൽ ഒരാൾ ഒരു മതിൽകെട്ടു കണ്ടെത്തി. വളരെ കഷ്ടപ്പെട്ടു പൊന്തിനിൽക്കുന്ന ചില കല്ലുകളിൽ ചവിട്ടിയും മററും ഒരാൾ ആ മതിലിന്റെ മുകളിൽ കയറി അകത്തേക്കു എത്തിനോക്കി. അതിനുള്ളിൽ അനവധി നല്ല പഴം നിറഞ്ഞ ഫലവൃക്ഷങ്ങളും തേനരുവിയും മററും കണ്ടു. സന്തോഷസാഗരനിമഗ്നനായി കൈകൊട്ടിക്കൊണ്ട് അകത്തേക്കു ചാടി വിശപ്പും ദാഹവും തീർത്തു വിശ്രമിച്ചു. പിന്നെ ഒരാൾ മുമ്പു ചാടിയ ആളെ കണ്ടു പുറകെ ചാടി. ഒരാൾ അടുത്തുനിന്ന മറൊരാളെ കൂട്ടിക്കൊണ്ടു അകത്തേക്കു ചാടി. ഇങ്ങനെ പലരുംചെയ്തു. അക്കൂട്ടത്തിലൊരാൾ മതിലിന്റെ മുകളിലെത്തിയപ്പോൾ താഴെ കിടക്കുന്നവരോടുള്ള അനുകമ്പ വർദ്ധിച്ചു. അവരെക്കൂടിവിളിച്ചു ഉദ്യാനത്തിലെ വിശേഷങ്ങൾ മനസ്സിലാക്കി കൂട്ടിക്കൊണ്ടുപോകണമെന്നു തീർച്ചയാക്കി താഴെയിറങ്ങിവരുന്നു. അവരോടു വിവരം പറയുന്നു. തന്റെ വാക്കിൽ വിശ്വസിക്കുന്നവരെയെല്ലാം മണൽക്കാട്ടിലെ ക്ലേശത്തിൽ നിന്നു രക്ഷിച്ചുകൊണ്ടുപോകുന്നു. അനവധിയാളുകൾ അയാൾ നിമിത്തം ക്ലേശത്തിൽനിന്നു കരകയറുന്നു. ഉദ്യാനത്തിലെ സ്ഥിതികൾകണ്ടു മതിലിന്റെ മുകളിലെത്തിയ ഉടൻ ചാടിയവർ സിദ്ധന്മാർ. അനേകായിരംപേരെ താഴെയിറങ്ങിവന്നു കൂട്ടിക്കൊണ്ടുപോകുന്നയാൾ അവതാരപുരുഷൻ. ഇങ്ങനെ ശ്രീരാമകൃഷ്ണദേവൻ പറഞ്ഞിട്ടുണ്ടു. 'അവതരിക്കുക' എന്ന വാക്കിനു ഇറങ്ങുകയെന്നർത്ഥവുമുണ്ട്. ബ്രഹ്മാനുഭൂതി ലഭിച്ചശേഷം ആ നിലയിൽനിന്നു അന്യരെക്കൂടി ഉദ്ധരിക്കുവാൻവേണ്ടി താഴെയിറങ്ങി വരുന്നയാൾ അവതാരപുരുഷൻ. അയാൾ എങ്ങനെ ഈശ്വരാവതാരമാകുമെന്ന ചോദ്യമുണ്ടാകാം. 'ബ്രഹ്മവിദ് ബ്രഹ്മൈവ ഭവതി' എന്നു ശ്രുതിയുണ്ട്. ബ്രഹ്മത്തെ അറിഞ്ഞവൻ ബ്രഹ്മം തന്നെയാണ്.

ഉപനിഷത്തുകളിൽ ദ്വൈതവും വിശിഷ്ടാദ്വൈതവും അദ്വൈതവും ഉണ്ട്. അദ്വൈതത്തെ സ്പഷ്ടമായി പ്രതിപാദിക്കുന്ന അനവധി വാക്യങ്ങളുണ്ട്. ദ്വൈതികൾ എത്രതന്നെ ശ്രമിച്ചാലും ഇവ നിഷ്പക്ഷദൃഷ്ടികളുടെ കണ്ണിൽ ദ്വൈതപരങ്ങളാക്കാൻ സാധിക്കയില്ല. 'ബ്രഹ്മൈവേദമമൃതം പുരസ്താൽ' എന്നു തുടങ്ങിയ വാക്യങ്ങൾ അക്കൂട്ടത്തിലുള്ളവയാണ്. ആ വാക്യങ്ങൾ വച്ചുനോക്കിയാൽ ബ്രഹ്മത്തിൽനിന്നു ഭിന്നമായി മറൊന്നുമില്ല. എല്ലാം ബ്രഹ്മമായതുകൊണ്ടു ബ്രഹ്മവിത്തു ബ്രഹ്മമാകുന്നു. ബ്രഹ്മഭിന്നമായൊന്നുണ്ടെന്നു പറഞ്ഞാൽ 'അനന്തത്വഹാനി' മുതലായ ദോഷങ്ങളുണ്ടാകുമെന്നു ശ്രീശങ്കരൻ 'സത്യം യദിസ്യാജ്ജഗദേതദാത്മനോനന്തത്വഹാനിർനിഗമാപ്രമാണതാ' എന്ന ശ്ലോകത്തിൽ വെളിവാക്കുന്നു. എല്ലാം ബ്രഹ്മം തന്നെയാണെങ്കിലും അജ്ഞനായ ജീവൻ താൻ ബ്രഹ്മഭിന്നനാണെന്നു തെററിദ്ധരിക്കുന്നു. ജ്ഞാനിയായ ജീവൻ ബ്രഹ്മവുമായുള്ള അഭേദത്തെ അനുഭവപ്പെടുത്തുന്നു. ഈ അനുഭൂതിവന്ന ജീവൻ ഈശ്വരൻ അഥവാ സഗുണബ്രഹ്മം തന്നെ. ആ അവസ്ഥയിൽനിന്നു സംസാരത്തിൽ കിടന്നുഴലുന്ന മററു ജീവന്മാരെ ഉദ്ധരിക്കാനായി അവരുടെ നിലയിലേക്കിറങ്ങിവരുന്നു. ബ്രഹ്മാഭിന്നതാനുഭൂതിനിമിത്തം അവർ ബ്രഹ്മം തന്നെയാകയാണെങ്കിലും താഴെയിറങ്ങി വരുന്നതിനാൽ അവതാരങ്ങളാകുന്നു. വേദാന്തസൂത്രത്തിൽ ഇവരെ ആധികാരികപുരുഷന്മാരെന്നു പറയുന്നു. പുരാണപ്രസിദ്ധങ്ങളായ അവതാരങ്ങളിൽ അദ്വിതീയസ്ഥാനം അലങ്കരിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണന്റെ പൂർവ്വജന്മങ്ങളെപ്പററി മഹാഭാരതത്തിൽ,

അബ്ഭക്ഷോ വായുഭക്ഷശ്ച യത്രസായംഗൃഹോമുനിഃ വ്യചരസ്ത്വം പുരാപൂർവ്വം പർവ്വതേ ഗന്ധമാദനേ

എന്നും മററും വർണ്ണിച്ചിട്ടുണ്ട്. ശ്രീബുദ്ധനെ ഒരവതാരപുരുഷനായിട്ടു ഹിന്ദുപുരാണങ്ങൾ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ പൂർവ്വജന്മങ്ങളെപ്പററി ബുദ്ധമതഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. ഇതിൽനിന്നു ബ്രഹ്മാഭിന്നതാനുഭൂതി ലഭിച്ച ജീവൻ ഏതോ കാരണവശാൽ ധർമ്മസംസ്ഥാപനാർത്ഥം ലോകോദ്ധാരണത്തിനായിട്ടു താഴെ വരുന്നയവസരത്തിൽ ആ ജീവനെയാണ് അവതാരമെന്നു പറയുന്നതെന്നു സിദ്ധിക്കുന്നു. ഈ വരവ് തനിക്കുവേണ്ടി നിർബ്ബന്ധമല്ല. ബ്രഹ്മജ്ഞന് ഇച്ഛയില്ല. അദ്ദേഹം നിരീഹനാണ്. ബ്രഹ്മജ്ഞൻ തിരിച്ചുവരുന്നതു വാസനകൊണ്ടല്ല. എന്തെന്നാൽ ബ്രഹ്മജ്ഞൻ നിർവ്വാസനനാണ്. പിന്നെ തിരിച്ചുവരാൻ കാരണമെന്തു്? എനിക്കു തോന്നുന്നതു പ്രകാരമാണ്. ലോകത്തിലെ ഓരോ മനസ്സും സർവ്വവ്യാപകമായ മനസ്സിന്റെ അംശമാണ്. സർവ്വവ്യാപകമായ മനസ്സിനോടു ബന്ധപ്പെട്ടതുമാണ്. പരമസത്യാനുഭൂതിയുടെമാർഗ്ഗം കാണിച്ചുതരുന്ന പരമാചാര്യന്റെ ദർശനത്തിനും ഭഗവൽഗുണപൂർണ്ണ പുരുഷവീക്ഷണത്തിനും കൊതിച്ചും സത്യമറിയാനുള്ള തൃഷ്ണനിമിത്തവും വ്യാകുലരാകുന്ന ഭക്തന്മാരുടെ ഹൃദയങ്ങളിൽനിന്നു പുറപ്പെടുന്ന നിരന്തരപ്രാർത്ഥന സർവ്വവ്യാപകമായ Cosmic mind(മഹത്തി)നെ സ്പർശിക്കുന്നതിന്റെ ഫലമായിട്ടു ബ്രഹ്മസാക്ഷാൽകാരം ലഭിക്കുന്ന അനവധി ജീവന്മാരിൽ ഒന്നു താഴേക്കു വരുന്നുവെന്നാണ് എന്റെ അഭിപ്രായം.

ഇങ്ങനെയുള്ള അവതാരപുരുഷന്മാരിൽ തെക്കേ ഇൻഡ്യയിൽ ഒരാളെ ഉണ്ടായിട്ടുള്ളുവെന്നാണറിയുന്നതു. വിശേഷിച്ചും കേരളത്തിൽ. പട്ടണത്താർ, തായുമാനവർ, അപ്പർ, സുന്ദരർ, ആൾവാർമാർ മുതലായവരെല്ലാം ദിവ്യന്മാരാണ്. മേല്പത്തൂർ ഭട്ടതിരി, വില്വമംഗലത്തുസ്വാമിയാർ മുതലായവരെല്ലാം പരമഭാഗ്യരാണ്. ആധുനികകാലത്തും കേരളത്തിനും ദക്ഷിണഭാരതത്തിനും വളരെ മഹാത്മാക്കളെ ജനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവരാരും ശ്രീശങ്കരന്റെ നിലയിലെത്തിയതായിട്ടു അറിയുന്നില്ല. അദ്ദേഹം നിർവ്വികല്പസമാധിയിൽ ബ്രഹ്മതത്വാനുഭൂതി ലഭിച്ച ജീവന്മുക്തനായിരുന്നുവെന്നുള്ളതിനു തെളിവുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഒന്നാമത്തെ തെളിവാണ്. അതിൽ താൻ സിദ്ധനാണെന്നു ഘോഷിച്ചുകൂടി വിളിച്ചു പറയുകയല്ല അദ്ദേഹം ചെയ്യുന്നതു്. പ്രതിപാദനത്തിനിടയ്ക്കു ആശയം വന്നുചേരുകയാണ്. സാധനപഞ്ചകത്തിലെ 'പൂർണ്ണാത്മാസുസമീക്ഷ്യതാം ജഗദിദം തദ്ബാധിതം ദൃശ്യതാം' എന്നും മനീഷാപഞ്ചകത്തിലെ 'യത്സൌഖ്യാംബുധി ലേശലേശത ഇമേ ശക്രാദയോ നിർവൃതാ

യച്ചിത്തേനിതരാം പ്രശാന്തകലനേ
(ലബ്ധ്വാ മുനിർന്നിവൃതഃ
യസ്മിൻ നിത്യസുഖാംബുധൌ ഗലിതധീ-
(ബ്രഹ്മൈവനബ്രഹ്മവിൽ''

എന്നും, വിവേകചൂഡാമണിയിലെ,

''വാചാവക്തുമശക്യമേവ മനസാ മന്തും
(നവാശക്യതേ
സ്വാനന്ദാമൃതപൂരപൂരിത പരബ്രഹ്മാം
(ബുധർവൈഭവം''

എന്നും അപരോക്ഷാനുഭൂതിയിലെ

''വൃത്തിമേകാം ജഹാത്യേനാം ബ്രഹ്മാഖ്യാം
(പാവനീം പരാം
വൃഥൈവ തേതു ജീവന്തി പശുഭിശ്ച
(സമാനരാഃ''

എന്നും ബ്രഹ്മസൂത്രഭാഷ്യത്തിലെ

''അനാവൃത്തിശബ്ദാത്'' എന്നും മററുമുള്ള അനവധി വാക്യങ്ങൾ തെളിവുകളാണ്. ഇതെല്ലാം കേവലം കവിതയാണെന്നു വിചാരിച്ചാൽതന്നേയും പത്തൊൻപതാംനൂററാണ്ടിൽ, ശ്രീശങ്കരന്റെ കാലംകഴിഞ്ഞു് ആയിരം വർഷത്തിനുശേഷം നിർവ്വികല്പസമാധി സാധിച്ചിട്ടുള്ള ഒരു തോതാപുരിസ്വാമിയുണ്ടായിരുന്നെന്നുള്ളതു് അനിഷേധ്യമായ ഒരു തെളിവാണ്. ഈ തോതാപുരിയിൽനിന്നാണ് ശ്രീരാമകൃഷ്ണദേവൻ സന്ന്യാസം സ്വീകരിക്കുന്നതും നിർവ്വികല്പസമാധിയനുഭവപ്പെടുത്തുന്നതും. ഉത്തമാധികാരിയായ ശ്രീരാമകൃഷ്ണദേവന്റെ അദ്വൈതസാധനാരംഭത്തിൽ തന്നെയുള്ള നിർവ്വികല്പസമാധ്യനുഭൂതികണ്ടിട്ടു് അത്ഭുതപരതന്ത്രനായ തോതാപുരി പറയുന്നു; ''നാല്പതുവർഷംകൊണ്ടു ഞാൻ സാധിച്ചതു് ഇയാൾ ഇത്രവേഗം സാധിച്ചല്ലോ'' എന്നു്. അപ്പോഴാണ് നാല്പതു വർഷമാകാണ്ടെങ്കിലും നിർവ്വികല്പസമാധി സാധിച്ച ഒരു തോതാപുരിയുണ്ടെന്നു പുറത്തുവരുന്നതു്. ''ബഹൂനാം ജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ'' എന്നാണു ഗീതാകർത്താവു പറയുന്നതു്. ശ്രീരാമകൃഷ്ണദേവനാണ് ശ്രീശങ്കരന്റെ മഹിമ വെളിവാക്കുന്നതു്. ശ്രീരാമകൃഷ്ണദേവന്റെ മഹിമ വെളിവാക്കുന്നതോ? വിവേകാനന്ദസ്വാമികൾ; സകലവല്ലഭൻ. അതുകൊണ്ടു ശ്രീശങ്കരൻ നിർവ്വികല്പസമാധി സാധിച്ചു ദേഹാത്മബോധത്തിനതീതനായിത്തീർന്ന ദിവ്യപുരുഷനാണെന്നു തീർച്ചതന്നെ.

ഇപ്രകാരമൊരാളെ ലഭിച്ച കേരളം ധന്യംതന്നെ. ശ്രീശങ്കരനെ മാനിക്കാത്തതും തെററിദ്ധരിച്ചതുമാണ് കേരളത്തിനു പററിയ ദോഷം. ശ്രീശങ്കരന്റെ സന്ദേശം വിസ്തരിച്ചുപറയാൻ ഇപ്പോൾ സമയമില്ല. എന്റെ മുൻപ്രാസംഗികൻ—സംസ്കൃതപ്രൊഫസർ മി. രാമസ്വാമിശാസ്ത്രികൾ—ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. സമയച്ചുരുക്കത്താൽ ഒന്നുരണ്ടുമാത്രം ഞാൻ പറയാം.

മഹാന്മാർ അവരുടെ പ്രസംഗങ്ങളും പുസ്തകങ്ങളുംകൊണ്ടുമാത്രമല്ല സന്ദേശം നൽകുന്നതു്. സ്വജീവിതംകൊണ്ടും നൽകുന്നു. ശ്രീരാമകൃഷ്ണദേവൻ, വിവേകാനന്ദസ്വാമികൾ, മഹാത്മാഗാന്ധി, ബാലഗംഗാധരതിലകൻമുതലായവർ അത്തരത്തിൽ പെട്ടവരാണ്. ശ്രീശങ്കരന്റേയും നില അതുതന്നെ. ശ്രീശങ്കരൻ ഒരു സന്ന്യാസിയായിരുന്നു. അദ്ദേഹം ബാല്യത്തിൽതന്നെ സന്ന്യസിച്ചു. അദ്ദേഹത്തിനു ധാരാളം സ്വത്തുണ്ടായിരുന്നുവെന്നുള്ളതിന്നു് ഇന്നും കാലടയിൽ തെക്കേമഠം സ്വാമിയാക്കു കരംകൊടുക്കുന്നതായി എത്ര ഏക്കർസ്ഥലമുണ്ടെന്നു നോക്കിയാലറിയാം. കുടുംബത്തിൽ വേറെ ധാരാളം ആളുണ്ടായിട്ടു സന്ന്യസിച്ചതുമല്ല. അദ്ദേഹം ഏകപുത്രനായിരുന്നു. സന്ന്യാസത്തിന്റെ ഉദ്ദേശം അദ്ദേഹം

ശേഷം 4-ാംപേജിൽ


ഏക്കമോ



ഇപ്പോഴും!

നിങ്ങൾ ഇപ്പോഴും കാസശ്വാസോപദ്രവത്താൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ, എന്തിനായി? വേഗത്തിൽ ഭേദമാവും ഫലത്തെപ്പററി സംശയമില്ല. എന്നെല്ലാം ഒരേ സ്വരം ഇതു പറഞ്ഞു വഞ്ചിക്കുന്നവരെ എങ്ങിനെ നാൽപ്പിടിക്കു കളിക്കുന്നു?

''ശ്വാസഹാരി''(Shwas Hari) ആസ്ത്മക്ക് ഡോക്ടർമാരുള്ള ഒരൌഷധമാകുന്നു. ഇതു് ആസ്ത്മയുടെ ശക്തിമായ കുറയ്ക്കുക മാത്രമല്ല; ആ രോഗത്തെ തീരെ ഭേദപ്പെടുത്തുന്നു. രാത്രികൾ മരുന്നു കഴിച്ചുടൻതന്നെ ചുമയും ഇട്ടലും ഇല്ലാതാകുന്നു. നിങ്ങൾക്ക് എത്രയും സുഖകരമായ നിദ്ര ലഭിക്കും. നല്ലവണ്ണം ഭക്ഷണം കഴിക്കുവാനും, അതു ദഹിക്കുവാനും സാധിക്കുന്നു. ക്രമത്തിൽ നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിക്കും. നിങ്ങളുടെ ശ്വാസകോശങ്ങൾക്കു ബലം വർദ്ധിക്കും. കാസശ്വാസത്തിന്റെ ഉപദ്രവം തീരെ ഇല്ലാതാവുകയുംചെയ്യും.

എല്ലാ പ്രധാന വ്യാപാരികളിൽനിന്നും 3 ഔൺസ്, 6 ഔൺസ്, 12 ഔൺസ്. എന്നീ തോതിൽ 3 ക. 6 ണ, 5 ക. 12 ണ, 10 ക, എന്നീ വിലയ്ക്കു ലഭിക്കുന്നതാണ്.

Quilon Stockists:- S. Ramalingam Pillai & Sons, Big-Bazaar,

*Manufacturers:-*
Dr. Purohit's Pharmacy, Kolhapur

Purohit's
SHWASHARI

# ശ്രീശങ്കരന്റെ സന്ദേശം

3-ാംപേജിൽനിന്നും തുടർച്ച

"ശുദ്ധാംഭക്തിമതീ സതീം ഗുണവതീം
പുത്രാൻ ശ്രുതാൻ സമ്മതാൻ
അക്ഷയ്യം വസുധാന്തഭോഗവിഭവൈഃ
ശ്രീസുന്ദരാമന്ദരം
സർവം നശ്വരമിത്യവേത്യ കവയഃ ശ്രുത്യു
ക്തിഭിര്യുക്തിഭിഃ
സന്ന്യസ്യന്ത്യപരേതു തൽസുഖമതി
ഭ്രാമ്യന്തി ദുഃഖ ഋണവേ."

എന്നു വെളിപ്പെടുത്തിയിട്ടുണ്ട്. നമ്മുടെനാട്ടിലെ സന്ന്യാസിമാർ ഇതാലോചിച്ചാൽ നന്ന്. "വിരക്തഃ സന്ന്യസേദ്ധീമാൻ സുരക്തസ്തു ഗൃഹേവസേൽ" എന്നാണ് ആചാര്യമതം. ഈയവസരത്തിൽ സന്ന്യാസിയെപ്പറ്റി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. സന്ന്യാസിമാർ ക്രിസ്ത്യാനികളുടെ പാതിരിമാരെപ്പോലെയോ ബിഷപ്പന്മാരെപ്പോലെയോ ആണെന്നു വിചാരിക്കുന്ന ചിലരുണ്ട്. ഇതു തെറ്റാണ്. അതെല്ലാം ഉദ്യോഗമാണ്. അവർ പുരോഹിതന്മാരാണ്. സന്ന്യാസം മനസ്സിന്റെ ഒരവസ്ഥയാണ്. പ്രപഞ്ചവിരക്തൻ സന്ന്യസിക്കുന്നു. സന്ന്യാസേയാശ്രിതിക്കുക എന്നതു് ഒരു തൊഴിലല്ല. ആക്കും ഏതവസ്ഥയിലും വിരക്തി വന്നാൽ സന്ന്യസിക്കാമെന്നാണ് ശാസ്ത്രവിധി. സന്ന്യാസി അനുസന്ധാനംചെയ്യുന്നതു് താൻ ബ്രഹ്മമാണെന്നാണ്. അതിനാൽ സന്ന്യാസി നാരായണൻതന്നെയാണെന്നു ശാസ്ത്രങ്ങൾ പറയുന്നു. ഇപ്രകാരമൊരു സന്ന്യാസിയായിരുന്നു ശ്രീശങ്കരൻ.

ശങ്കരന്റെ മതം സന്ന്യാസിക്കുമാത്രമേ പരമസായൂജ്യം അഥവാ സദ്യോമുക്തി ലഭിക്കയുള്ളുവെന്നാണ്. അതിനുള്ള ഹേതുക്കൾ അദ്ദേഹം പറയുന്നുണ്ട്. 'തേഷാമസൗ വിരജോ ബ്രഹ്മലോകോ ന യേഷുജിഹ്മമനൃതം ന മായാ' എന്ന ഉപനിഷന്മന്ത്രം വ്യാഖ്യാനിക്കുന്നിടത്തു "യഥാഗൃഹസ്ഥാനാം മനേകവിരുദ്ധസംവ്യവഹാരപ്രയോജനവത്വാൽ ജിഹ്മം കൗടില്യം വക്രഭാവോഽവശ്യം ഭാവിതഥാ നയേഷുജിഹ്മം" എന്നാണു പറയുന്നു. ഗൃഹസ്ഥന്മാർക്കു ജിഹ്മവും അനൃതവും മായയും പ്രായേണ കൂടാതെ കഴിയുകയില്ല എന്നതാണ് ഒരു ഹേതു. മറ്റൊരുദിക്കിൽ സത്യവും അഹിംസയും ബ്രഹ്മചര്യവും പൂർണ്ണഭാവത്തിൽ സന്ന്യാസിക്കേ ഉണ്ടായിരിക്കുവെന്നതും ഹേതുവായി പറയുന്നു. എന്നാൽ ഇതുകൊണ്ടു ശങ്കരൻ സങ്കുചിതബുദ്ധിയല്ല. ഗീതയിലെ "അനാശ്രിതഃ കർമ്മഫലം" എന്ന ശ്ലോകം വ്യാഖ്യാനിക്കുന്നിടത്തു് ഫലേച്ഛകൂടാതെ കർമ്മംചെയ്യുന്ന ഗൃഹസ്ഥനേയും സന്ന്യാസിയായി കരുതാമെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഭഗവാൻ ശ്രീകൃഷ്ണന്റെ ക്ഷാത്രകർമ്മ ചരിത്രം അദ്ദേഹത്തിനു ബാധകമല്ലെന്നും അതുപോലെ ജീവിക്കുന്ന ഗൃഹസ്ഥന്റെ ഗാർഹസ്ഥ്യം മോക്ഷത്തിനു പ്രതിബന്ധമല്ലെന്നും ഗീതാഭാഷ്യത്തിൽ അദ്ദേഹം പറയുന്നുണ്ട്. അദ്ദേഹത്തിന്റെ മതപ്രകാരം സന്ന്യാസിമാർ രണ്ടുതരം. വെളിയിലും അകത്തും സന്ന്യാസിമാരായവർ ഒരു തരം. വെളിയിൽ ഗൃഹസ്ഥന്മാരെങ്കിലും അകത്തു സന്ന്യാസമാരായവർ മറ്റൊരുതരം. ഈ രണ്ടുകൂട്ടരും സന്ന്യാസിമാരാണ്. രണ്ടുപേരും മുക്തിയ്ക്കവകാശികളാണു. സന്ന്യാസിമാർക്കേ മോക്ഷമുള്ളുവെന്നു് അദ്ദേഹത്തിനു പക്ഷമുണ്ട്. "ന കർമ്മണാ ന പ്രജയാ ധനേന ത്യാഗേനൈകേ അമൃതത്വമാനശുഃ" എന്നാണല്ലോ ശ്രുതിയും.

അദ്ദേഹം മോക്ഷത്തിനുള്ള ഉപായം സർവകർമ്മസന്ന്യാസപൂർവകമായ ആത്മജ്ഞാനനിഷ്ഠയാണെന്നു സമർത്ഥിക്കുന്നു. എന്നാൽ ഇതുകൊണ്ടു് എല്ലാവരും ഒന്നും ചെയ്യാതിരിക്കണമെന്നല്ല അദ്ദേഹം ഉപദേശിക്കുന്നതു്. കർമ്മംചെയ്യാതെയിരിയ്ക്കാൻ ദേഹാഭിമാനമുള്ളവനു് ഒരിക്കലും സാദ്ധ്യമല്ല. അതിനാൽ അദ്ദേഹം പറയുന്നതു വിവേകംകൊണ്ടു ദേഹാഭിമാനം മുഴുവൻ വിട്ടുമാറുന്നതുവരെ കർമ്മം ചെയ്യണമെന്നാണ്. കർമ്മം ഒരിക്കലും പരമലക്ഷ്യമാകയില്ല. ശാന്തിയാണു പരമലക്ഷ്യമെങ്കിൽ ശാന്തി വിശ്രാന്തികൂടാതെ എങ്ങനെയുണ്ടാകും? വിശ്രാന്തിയും മനസ്സവ്യാപാരവുംകൂടി എങ്ങനെ ഒന്നിച്ചിരിക്കും? മനോസവ്യാപാരംകൂടാതെ കായികവ്യാപാരം എങ്ങനെ നടക്കും? ശാന്തിയില്ലാത്തവനു സുഖം എവിടെ? സകല കർമ്മങ്ങളുടേയും പരമലക്ഷ്യം സുഖമാണല്ലോ. ഈ മാതിരിയിലുള്ള ചിന്താസരണിയാണ് അദ്ദേഹം ലോകത്തിനു പ്രദാനം ചെയ്യുന്നതു്. എന്നാൽ മനസ്സുകൊണ്ടു് ഇന്ദ്രിയാർത്ഥങ്ങളിൽ നിരന്തരം വ്യാപരിച്ചുകൊണ്ടു് ശരീരത്തെ നിഷ്ക്രിയമാക്കിവയ്ക്കുന്നതുകൊണ്ടു് യാതൊരു ഫലവുമല്ല. മനസ്സ് ഇന്ദ്രിയാർത്ഥങ്ങളിൽ വ്യാപരിയ്ക്കാതിരിക്കണമെങ്കിൽ അതു വിരക്തമാകണം. വിരക്തമാകണമെങ്കിൽ ശുദ്ധമാകണം. ശുദ്ധമാകണമെങ്കിൽ നിഷ്കാമകർമ്മം ചെയ്യണം. അതിനാൽ സാധാരണമനുഷ്യനു വിരക്തിപര്യന്തം കർമ്മം ആവശ്യമാണ്. "ന കർമ്മണാമനാരംഭാൽ" എന്ന ഗീതാശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ ഈ ആശയം അദ്ദേഹം സ്പഷ്ടമാക്കിയിട്ടുണ്ട്. "കർമ്മഭിഃസംസ്കൃതാഹിവിശുദ്ധാത്മാനഃ ശക്താവന്ത്യാത്മാനമുപനിഷൽ പ്രകാശിതമപ്രതിബന്ധേന വേദിതും... ഏവം കാമ്യവർജ്ജിതം നിത്യം കർമ്മജാതം സർവമാത്മജ്ഞാനോൽപത്തിദ്വാരേണ മോക്ഷസാധനത്വം പ്രതിപദ്യതേ!' എന്ന് അദ്ദേഹം ബൃഹദാരണ്യകഭാഷ്യത്തിലും പറയുന്നു. മനുഷ്യൻ കർമ്മമൊന്നുംചെയ്യാതെ മടിയനായിരിക്കാൻ പഠിപ്പിച്ചയാളാണു ശങ്കരനെന്നു ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. അദ്ദേഹം മുപ്പത്തിരണ്ടു വർഷത്തെ ജീവിതത്തിൽ ചെയ്തിടത്തോളം കർമ്മം ലോകത്തിനുവേണ്ടി ചെയ്തവരാളുകൾ എത്രയുണ്ട്? സ്വജീവിതംകൊണ്ടു അദ്ദേഹം പഠിപ്പിച്ചതു് മനുഷ്യൻ ഒരു നിമിഷംപോലും മടിയനായിരിക്കരുതെന്നാണ്. ലോകം മിഥ്യയാണെന്നും മായയാണെന്നും അദ്ദേഹം പഠിപ്പിച്ചു് ഇന്ത്യയെ അധഃപതിപ്പിച്ചുവെന്നു പറയുന്ന ചിലരുണ്ട്. ലോകം മിഥ്യയാണെന്നും മായയാണെന്നും പഠിപ്പിച്ചുവെന്നതു സത്യമാണ്. ലോകത്തിലെ നാമരൂപങ്ങൾ പ്രതിനിമിഷം മാറിക്കൊണ്ടിരിക്കുമ്പോൾ അവ സത്യമാണെന്ന്—പാരമാർത്ഥികസത്തയുള്ളവയാണെന്ന്—ആർക്കു പറയാൻ കഴിയും? മായയെന്ന പദത്തിന്റെ അർത്ഥം ഇല്ലാത്തതെന്നല്ല. 'സദസദ്ഭ്യാമനിർവ്വചനീയം' എന്നാണ്. ഉണ്ടെങ്കിലും ഇല്ലാത്തതും ഇല്ലാത്തതെങ്കിലും ഉള്ളതും ആണ്. എന്നാൽ പന്നഗത്തിനു ആധാരമായിരിക്കുന്ന രജ്ജുപോലെ ജഗത്തിനെല്ലാം ആസ്പദമായി ബ്രഹ്മമിരിക്കുന്നുവെന്നും ബ്രഹ്മമാണു ജഗത്തായും ജീവനായുമിരിക്കുന്നതെന്നും അതിനാൽ ഒന്നിനേയും വെറുക്കരുതെന്നും എല്ലാം താനാണെന്നും അതിനാൽ എല്ലാററിനേയും സ്നേഹിക്കണമെന്നും മനുഷ്യൻ 'സർവഭൂതഹിതേരതനാ'യിരിക്കണമെന്നും പഠിപ്പിച്ച ആചാര്യനാണദ്ദേഹം. ശ്രീബുദ്ധൻ സർവഭൂതദയയുപദേശിച്ചെങ്കിലും അദ്ദേഹത്തിന്റെ മതത്തെ ശൂന്യവാദമാക്കിയും ക്ഷണികവിജ്ഞാനമാക്കിയും ശിഷ്യന്മാർ വ്യാഖ്യാനിച്ചു ഭാരതത്തെ തമസ്സിലേക്കു മുക്കിയപ്പോൾ അതിനെ ഉദ്ധരിക്കാൻ ഓരോ ജീവനും വാസ്തവത്തിൽ ബ്രഹ്മംതന്നെയാണെന്നും 'ഇദം ജഗച്ചസകലം ചിന്മാത്രവിസ്താരിതം' എന്നും പഠിപ്പിച്ച ജഗദ്ഗുരുവാണദ്ദേഹം.

പ്രമാണത്രയത്തിന് അദ്ദേഹം ഒരുപോലെ പ്രാധാന്യം കൊടുക്കുന്നു. എങ്കിലും അദ്ദേഹം ഓരോന്നിനേയും അതതിന്റെ മര്യാദയ്ക്കു നിറുത്തുന്നു. ഇക്കാലത്തു വളരെ യുക്തിവാദികളെ നാം കാണുന്നു. എന്നാൽ യുക്തിക്ക് ഒരു തിരുണ്ടെന്നവരറിയുന്നില്ല. വ്യാപ്തിജ്ഞാനമാണു് അനുമാനഹേതു. വ്യാപ്തിജ്ഞാനമാകട്ടെ പ്രത്യക്ഷത്തെ ലയുണ്ടാക. അത്യന്താപ്രത്യക്ഷമായ വസ്തുവിൽ വ്യാപ്തിക്കു പ്രവേശമില്ല. വ്യാപ്തിജ്ഞാനമില്ലാത്തിടത്തു യുക്തിയെന്തുചെയ്യും? തനിക്കു വ്യാപ്തിജ്ഞാനമുണ്ടാകാത്തിടത്തു മറ്റൊരാൾക്കു വ്യാപ്തിജ്ഞാനമുണ്ടാകിക്കൂടെന്നുമില്ല. പ്രത്യക്ഷജ്ഞാനത്തിനു മരുമരീചികാദികളിൽ ഭ്രമംവരികയും ഉണ്ടാകും. അതിനാൽ അനുമാനവും പ്രത്യക്ഷവുംമാത്രം പോരാ ശ്രുതിയും ആവശ്യമാണ്. എന്നാൽ പ്രത്യക്ഷവിരുദ്ധമായ ശ്രുതിയേയും അദ്ദേഹം അംഗീകരിക്കുന്നില്ല. 'തർക്കികോപഹ്യനാഗമജ്ഞഃ സ്വബുദ്ധിപരികല്പിതം യത് കിഞ്ചിദേവ കല്പയതി. അത ഏവചയായ മാഗമപ്രഭൃത്വമതിഃ താർക്കികദേന്യേരനവഗമാഭിജ്ഞേന വാചസ്പ്വേണപ്രോക്താസതി സുജ്ഞാനായഭവതി' എന്ന കിഠോപനിഷദ്ഭാഷ്യത്തിലും 'താർക്കികൈസ്തു പരിത്യക്താഗമബലൈരസ്തിനാസ്തി കർത്താഽകർത്തേത്യാദിവിരുദ്ധം ബഹു തർക്കയദ്ഭിരാകുലീകൃതഃ ശാസ്ത്രാർത്ഥഃ തേനാർത്ഥനിശ്ചയോ ദുർല്ലഭഃ' എന്നു ബൃഹദാരണ്യകഭാഷ്യത്തിലും പറയുന്ന ആചാര്യൻ തന്നെ 'നഹി ശ്രുതിശതമപിശീതോഽഗ്നിരപ്രകാശോവാ ഇതിബ്രുവൻ പ്രമാണ്യമുപൈതി' എന്നു ഗീതാഭാഷ്യത്തിലും 'നചസ്വ(ബ്രഹ്മാത്മതാദർശീ) നിയോക്തുശക്യതേകേനചിൽ ആമ്നായസ്യാപിതൽ പ്രഭവത്വാൽ' എന്നു ഐതരേയഭാഷ്യത്തിലും പറയുന്നു. ഇങ്ങനെ ശ്രീശങ്കരൻ അനുഭവവാദിയും ശ്രുതിവാദിയും എന്നാൽ യുക്തിവാദിയുമാണ്. 'സ്വാനുഭൂത്യനുസാരേണ തർക്ക്യതാം മാ കുതർക്ക്യതാം' എന്നദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ ബുദ്ധിബലം അപാരമെന്നു പാശ്ചാത്യന്മാർ മുതലായ വെള്ളക്കാർകൂടി സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം ശ്രുതിയുടെ പ്രാമാണ്യത്തെ യുക്തികൊണ്ടു സമർത്ഥിച്ചിട്ടുണ്ട്. ഉപദേശസാഹസ്രിമുതലായ ഗ്രന്ഥങ്ങളിൽ ആത്മതത്വത്തെപ്പററി യുക്തിവിചാരം ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ മതം സദാചാരനിഷ്ഠയിൽ അടിയുറപ്പിച്ചതാണ്. അഹിംസയും സത്യവും ബ്രഹ്മചര്യവുമാണു് അതിന്റെ ജീവൻ. മദ്യാദിഭക്ഷണത്തെ സൂത്രഭാഷ്യത്തിൽ അദ്ദേഹം നിഷേധിച്ചിട്ടുണ്ട്. ശ്രുതിക്കു യോജിച്ചതും യുക്തിവിചാരത്തിന്നിടംകൊടുക്കുന്നതും അനുഭവത്തിൽ എത്തിക്കുന്നതുമാണു അദ്ദേഹത്തിന്റെ മതം ആ മതം വേദാന്തമാണ്. വേദാന്തമാണു് ഇനി ലോകരക്ഷയ്ക്കു വഴിയെന്നു് ആധുനികശങ്കരനായ ശ്രീ വിവേകാനന്ദസ്വാമികൾ പറയുന്നു. സ്വാമികളുടെ പ്രസംഗങ്ങളിൽ വ്യാപിച്ചുനിൽക്കുന്നതു് ശ്രീശങ്കരന്റെ മതമാണ്. യൂറോപ്പുഖണ്ഡം അമ്പതുവർഷത്തിനകം പൊടിഞ്ഞു തകരാതിരിക്കണമെങ്കിൽ വേദാന്തസന്ദേശം യൂറോപ്പു സ്വീകരിക്കണമെന്നു ശ്രീസ്വാമിജി നാല്പത്തിയെട്ടു വർഷംമുമ്പു് ആജ്ഞാപിച്ചിട്ടുണ്ട്. ഇൻഡ്യയുടെ രാഷ്ട്രീയമോചനത്തിനുതന്നേയും ഇവിടെ വേദാന്തപ്രചരണം ചെയ്യുകയാണു് ആദ്യമായി വേണ്ടതെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്.

സ്വാമിജിയുടെ വാക്കുകളെ നാം ആദരിക്കാത്തതുകൊണ്ടാണു നാം ഇന്നും അടിമത്തത്തിൽ കിടക്കുന്നതു്. ശ്രീശങ്കരന്റെ പരമഭക്തനായ ഒരു മഹാരാജാവാണ് നമ്മെ ഭരിക്കുന്നതു്. ആ മഹാരാജാവുതരുമാനത്തെക്കൊണ്ട് അതുപോലെതന്നെ ശ്രീശങ്കരന്റെ മതത്തെ ആദരിക്കുന്ന ഒരു ദിവാൻജിയേക്കൂടി രാജ്യഭാരം നടത്തുന്ന ഈ കാലഘട്ടത്തിൽ ശ്രീശങ്കരന്റെ ജന്മദിനം രാജ്യമൊട്ടാകെ കൊണ്ടാടാനും ശ്രീശങ്കരന്റെ ഗ്രന്ഥങ്ങൾ പഠിയ്ക്കാനും സംസ്കൃതം അറിയാൻപാടില്ലാത്തവർക്കുവേണ്ടി തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്താനും പ്രസിദ്ധപ്പെടുത്തുന്നവ വായിക്കാനും നിർവ്യാജം ശ്രമിക്കേണ്ടതാണ്. ശ്രീശങ്കരന്റെ ജന്മദിനം ആഘോഷിക്കുകയെന്നു പറഞ്ഞാൽ കുറെ വെടികെട്ടുകൂടി നടത്തുകയെന്നല്ല അർത്ഥം. ശ്രീശങ്കരൻ വന്നതു ധർമ്മസംസ്ഥാപനത്തിനാണ്. വെടിമരുന്നുനശിപ്പിക്കാനല്ല. ശ്രീശങ്കരന്റെ ജന്മദിനം രാജ്യമൊട്ടാകെ കൊണ്ടാടുകയും അധർമ്മം ക്ഷയിക്കയും ശ്രുതിയുക്ത്യനുഭവസമ്മതവും ശാസ്ത്രീയവാദത്തെ വെല്ലുവാൻ ശക്തവും ആയ വേദാന്തമതം പ്രചരിച്ച് അന്ധവിശ്വാസവും അനാചാരവും ഇല്ലാതാകയും ചെയ്യുന്നതിനു പരമകാരുണികൻ അനുഗ്രഹിക്കട്ടെ!

—ം—

ഇതാ പുറപ്പെട്ടുകഴിഞ്ഞു!
Dr. വെട്ടിക്കവല നാരായണദാസിന്റെ

## പറക്കുംബോംബുകൾ

(7 ചെറുകഥകളുടെ സമാഹാരം)
ചിതറിപ്പറക്കുന്ന ചിന്തകൾ!!
പൊട്ടിത്തെറിക്കുന്ന വികാരങ്ങൾ!!
അത്തരം ഷെല്ലുകളൊന്നിച്ചതാണു പറക്കുംബോംബുകൾ!!
ജീവിതത്തിന്റെ തനിനിറം തെളിച്ചുകൊണ്ടു
പുരോഗമിക്കുന്ന കല്പനാവൈഭവം!!
ആവശ്യപ്പെടുക. വില രൂ: 1.
ഉദയാ ബുക്ക്സ്റ്റാൾ, പുനലൂർ.
N. B. കൊല്ലം S. R. V. പ്രസ്സിലും ബ്രാഞ്ചുകളിലും കിട്ടുന്നതാണ്.

## കാമബാണരസായനം

വിദഗ്ദ്ധനും സുസമ്മതനുമായ ഒരു വൃദ്ധവൈദ്യനാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതും അനേകായിരം മേഹരോഗികളെ ആപൽസന്ധിയിൽനിന്നുവീണ്ടെടുത്തിട്ടുള്ളതും പ്രശംസാസന്ദേശങ്ങൾ ദിനംപ്രതി കിട്ടിക്കൊണ്ടിരിക്കുന്നതുമായ ഈ ദിവ്യൗഷധം മേഹരോഗസംബന്ധമായുണ്ടാകുന്ന അസ്ഥിസ്രാവം, ശുക്ലസ്രാവം, ഉഷ്ണപ്പുണ്ണ്, മേഹപ്പോക്കു്, രക്തംപോക്കു്, മൂത്രച്ചുടിച്ചിൽ എന്നുവേണ്ടാ സകലവിധ മേഹരോഗങ്ങളേയും നിശ്ശേഷംമാററി ഓജസ്സും തേജസ്സും യുവത്വവും വീണ്ടെടുക്കാൻ പര്യാപ്തമായവയാണ്.

ടിൻ ഒന്നിനു് വില രൂപാ രണ്ടര.
മാനേജർ, ബോംബെമെഡിക്കൽഹാൾ കൊല്ലം.

## ഫഫഫ ദിവസത്തെ ആട്ടക്കഥകൾ

വില രൂപാ. ൪൪
മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# ബർമ്മയിൽനിന്നുള്ള എൻെറ വിജയകരമായ പിന്മാററം

## ൯. വഞ്ചിയാത്ര

(പി. കെ. രാജരാജവർമ്മ എം. ഏ.)

"ഓമ"യിലെ "ചിൻഡ്വിൻ" നദീതീരത്തുള്ള വിസ്തൃതമായ മണൽതിട്ട ചളിനിറഞ്ഞതും അഭയാർത്ഥികളുടെ മലവിസർജ്ജനത്താൽ മലിനമാക്കപ്പെട്ടതും ആയിരുന്നു. താവളമടിക്കുന്നതിനോ ആഹാരം പാകം ചെയ്തു കഴിക്കുന്നതിനോ അവിടം തീരെ യോജിച്ചതല്ലായിരുന്നു. അതിനാൽ മേച്ചേയുണ്ടായിരുന്ന ഒരു വീടിൻെറ മുമ്പിലത്തെ ചെറിയ പന്തലിൽ ഗൃഹനായികയുടെ അനുമതിയോടെ ഞങ്ങൾ സാമാനങ്ങൾ ഇറക്കി. പാല്, തക്കാളിപ്പഴം, മുളകുപൊടി മുതലായ സാധനങ്ങൾ ആ ഗ്രാമത്തിൽ കിട്ടുമായിരുന്നു. ധാരാളം ലഭ്യമായിരുന്ന ചുരുട്ടും ആവശ്യക്കാർ വാങ്ങിക്കരുതി.

സാവധാനത്തിൽ ആഹാരങ്ങൾ പാകം ചെയ്യുന്നതിനു ഞങ്ങൾ ഒരുങ്ങി. ഓരോരുത്തരും അവരവരുടെ വീട്ടിൽ വയ്ക്കുന്നതു കണ്ടിട്ടുള്ള അറിവുമാത്രമുള്ളവരും അവനവൻെറ ഭാര്യയുടെ പാചകവിധങ്ങൾ ആദർശപരമാണെന്നു കരുതിയിരുന്നവരും ആയിരുന്നു. അതിനാൽ ആശ്ചര്യകരങ്ങളായ പല അഭിപ്രായങ്ങളും ഓരോ സമയത്തു കേൾക്കാമായിരുന്നു. തേയിലയുടെ കൂടെത്തന്നെ പഞ്ചസാരയും ഒന്നിച്ചിട്ടില്ലെങ്കിൽ ചായ കയ്ക്കുമെന്നു ഒരാൾ. പാലുകാച്ചുമ്പോൾ ഇളക്കാൻ പാടില്ലെന്നു ഒരാൾ. ഇളക്കിയില്ലെങ്കിൽ കരിയും എന്നു മറ്റൊരാൾ. പച്ചമുളകു വളരെ തണുപ്പാണെന്നും അതു ധാരാളം കഴിക്കണമെന്നും ഒരാളുടെ അഭിപ്രായം. അരിയും കടലയും ഉപ്പും മാത്രം കഴിച്ചുകൊണ്ടിരുന്നാൽ യാതൊരു സുഖക്കേടും ഉണ്ടാകയില്ലെന്നു മറ്റൊരഭിപ്രായം. ഏവംവിധങ്ങളായ വിവിധാഭിപ്രായപ്രകടനങ്ങൾക്കിടയിൽ ഞങ്ങൾ അന്നത്തെ ആഹാരം പാകംചെയ്തു കഴിച്ചു. അതിനിടക്കു വളരെ നാൾകൂടിയിട്ടു ഞാൻ ആററിൽപോയി സുഖമായി ഒന്നു തേച്ചുകുളിച്ചു. ഉച്ചതിരിഞ്ഞ യാദൃശ്ചികമായി ഒരു കണ്ണാടിയെടുത്തു നോക്കിയപ്പോൾ എനിക്കു എന്നെത്തന്നെ തിരിച്ചറിയാൻ പ്രയാസംതോന്നി. ക്ഷീണിച്ചു രക്തപ്രസാദമില്ലാതെവിളറി ഗർഭിക്ഷവളർത്തിയ ഒരു പോററിയെപ്പോലെ ഞാൻ കാണപ്പെട്ടു. അതുകൊണ്ടു അവിടെവച്ചു ഒരു മുഖക്ഷൌരവും നടത്തി. വെയിലിൻെറ ചൂടും ഈച്ചകളുടെ ഉപദ്രവവുംകൊണ്ടു പകൽ വിശ്രമം സാധിച്ചില്ല. രാത്രിയിലെ ഉറക്കം ഒരു മഴച്ചാററലാൽ കുറേനേരത്തേക്കു പ്രതിബന്ധിക്കപ്പെട്ടു.

"യെയു"വിൽ വണ്ടി കിട്ടാതെ താമസിക്കേണ്ടിവന്നകൂട്ടർ ഏതോ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടെ കുറേദൂരം ട്രെയിനിലും ബാക്കി കൂലിയില്ലാതെ കാളവണ്ടിയിലും ആയി യാത്രചെയ്തു ഞങ്ങൾക്കൊരുദിവസം മുമ്പുതന്നെ "ഓമ"യിലെത്തുകയും അവൎക്കു കുറെ വള്ളങ്ങൾ ഏർപ്പാടുചെയ്യുകയുംചെയ്തിരുന്നു. എന്നാൽ, വേഗം "ഓമ"യിൽ എത്തുന്നതിനായി കുറുക്കുവഴിയിൽകൂടി രഹസ്യമായി പോയ ടി. എം. കെ. സംഘം ഞങ്ങൾ എത്തിയതിൻെറ അടുത്തദിവസമേ അവിടെ വന്നുചേർന്നുള്ളു. വണ്ടിക്കാരുടെ ബന്ധുക്കളുള്ള ഒരു ഗ്രാമംവഴി പോകുന്നതിനായി അവർ (വണ്ടിക്കാർ) പ്രയോഗിച്ച ഒരു പൊടിക്കൈ മാത്രമായിരുന്നത്രെ അതു്. ഏതായാലും ഞങ്ങൾ ഓമയിൽ എത്തിയ ദിവസംതന്നെ ഞങ്ങളുടെ പ്രമാണികൾ അവിടുത്തെ ഇവാക്കുവേഷൻ ആഫീസറായ സായിപ്പിനെ ചെന്നു കണ്ടു ഞങ്ങളുടെ അടുത്ത ഉദ്ദിഷ്ട സ്ഥലമായ "കലേവ"യിലേയ്ക്കു പോകാൻ ബോട്ടുകളും കപ്പലുകളും ഒന്നും കിട്ടുകയില്ലെന്നും കെട്ടുവള്ളങ്ങൾ മാത്രമേ ആശ്രയമുള്ളുവെന്നും "കലേവ"യിൽനിന്നുള്ള യാത്രയ്ക്കു പണം കൊടുത്താൽ ബസ്സുകളും ലോറികളും കിട്ടുമെന്നും അയാളിൽനിന്നു കേട്ടു. കെട്ടുവള്ളങ്ങൾ ഞങ്ങൾക്കും ടി. എം. കെ. സംഘത്തിനും അയാൾമുഖാന്തിരം ഏർപ്പാടുചെയ്തു. ചിലർ സ്വയം വള്ളങ്ങൾ ഏർപ്പാടുചെയ്തു എന്നു കേട്ടപ്പോൾ സായിപ്പു കോപിക്കുകയും ആ വള്ളങ്ങൾ വിടാൻ സമ്മതിക്കാതെ സർക്കാരാവശ്യത്തിനെന്നുപറഞ്ഞു് എടുക്കുമെന്നു ഭീഷണിപ്പെടുത്തുകയുംഉണ്ടായി. കാര്യങ്ങൾ വിശദീകരിക്കാൻ ചെന്ന പത്തെഴുന്നൂറുരൂപ ശമ്പളക്കാരായ ഒരു ബംഗാൾക്കാരനോടു്, "എനിക്കു നിൻെറ മുഖം കാണണ്ട. ഇനി മിണ്ടിയാൽ ചെകിടിനിട്ടടിക്കും!" എന്നു് ആ വെള്ളക്കാരൻ പറഞ്ഞതായും സംസാരമുണ്ടായിരുന്നു. ഏതായാലും അടുത്തദിവസം കാലത്തേക്കു കെട്ടുവള്ളങ്ങൾ എല്ലാവക്കും തയാറായി. നേരത്തെ ഊണുകഴിച്ചിട്ടു കെട്ടുകളും ചുമന്നുകൊണ്ടു് എല്ലാവരും പന്ത്രണ്ടുമണിക്കുമുമ്പായി വള്ളങ്ങളുടെ സമീപത്തെത്തി.

വള്ളങ്ങളെല്ലാം ഉത്തരബർമ്മയിലേക്കു നെല്ലും അരിയും കയററിക്കൊണ്ടുപോകുന്നതിനു് ഉപയോഗപ്പെടുത്തിവന്ന വലിയ കെട്ടുവള്ളങ്ങളായിരുന്നു. ഞങ്ങൾ കയറിയ വള്ളം നൂററിപ്പത്തുപേക്കു് ഇരിക്കാൻ ഉദ്ദേശിക്കപ്പെട്ടിരുന്നു. സാമാനങ്ങളെല്ലാം വെച്ചതിനുശേഷം 110 പേക്കിരിക്കാൻ കഷ്ടിച്ചു സ്ഥലമുണ്ടായിരുന്നു. ഈ കൂട്ടത്തിൽ ഒരു ബ്രാഹ്മണനും ഭാര്യയും മൂന്നുനാലു കുട്ടികളും ഉൾക്കൊള്ളുന്ന ഒരു കുടുംബം ഉണ്ടായിരുന്നു. അവൎക്കു കുറെ സൗകര്യം ചെയ്തുകൊടുക്കുന്നതിനായി മററുള്ളവർ ഒതുങ്ങി ഇരുന്നു. യാത്രാനന്തരം സിംലയിൽ എത്തിയപ്പോൾ ഞാൻ കേട്ടു, ആ ബ്രാഹ്മണനും മൂന്നു കുട്ടികളും മലയേററത്തിൽ മരിച്ചുപോയെന്നും ആ സ്ത്രീയും ഒരു കുട്ടിയുംമാത്രം നിരാധാരരായി കൽക്കത്തായിൽ എത്തിയെന്നും. ഞങ്ങൾ അനുഭവിക്കാനിരുന്ന കഷ്ടപ്പാടുകളേപ്പററിയോ ഞങ്ങളിൽ പലരേയും കാത്തുകൊണ്ടു വഴയിൽ ഒളിഞ്ഞിരുന്ന മരണത്തെപ്പററിയോ ആരും അപ്പോൾ ഒന്നും അറിഞ്ഞിരുന്നില്ല. അല്ലെങ്കിൽ പലപ്പോഴും നിസ്സാരവും സ്വാർത്ഥപരവും ആയ മത്സരങ്ങളിലും ചിലപ്പോൾ ഉത്സാഹമായി വിനോദഭാഷണങ്ങളിലും ഏർപ്പെടുന്നതിനു ഞങ്ങൾക്കു കഴിയുമായിരുന്നില്ല. ഏകദേശം മൂന്നുമണിആയപ്പോളാണു് വള്ളക്കാർവന്നതു്. ആ വങ്കൻ വള്ളം തുഴയുന്നതിനു് ചുക്കാൻപിടിക്കുന്നഒരുവൻ കൂടാതെ രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അറുപതുമൈൽ ദൂരെയുള്ള "കലേവ"യിൽ ചെന്നെത്തുന്നതിനു 13 ദിവസം വേണ്ടിവരുമെന്നു വള്ളക്കാർ പറഞ്ഞപ്പോൾ എല്ലാവരും ഒന്നു നടുങ്ങി. അതിനിടയ്ക്കു മഴ ആരംഭിച്ചു. ആററിൽ ഒഴുക്കുകൂടിയാൽ കൂടുതൽ ദിവസങ്ങൾ വേണ്ടിവരുമെന്നും അവർ അറിയിച്ചു. അവൎക്കു ധാരാളം രൂപ കൊടുക്കാമെന്നും നാലഞ്ചുദിവസത്തിനകം "കലേവ"യിൽ എത്തിക്കണമെന്നും സകലരും അഭ്യർത്ഥിച്ചു. തങ്ങൾ വിചാരിച്ചാൽ നിവൃത്തിയില്ലെന്നും, വള്ളത്തിൽ സാമാനങ്ങൾ മാത്രം വെച്ചിട്ടു ആളുകൾ ആററിൻകരയിൽകൂടി നടക്കുകയും, വള്ളത്തിൽ കെട്ടിയിരുന്ന വടംപിടിച്ചു പത്തുമുപ്പതുപേർവീതം മാറിമാറി വള്ളംവലിക്കുകയും, തങ്ങൾക്കു നല്ലതുക സമ്മാനംകൊടുക്കുകയും ചെയ്താൽ ആറു ദിവസംകൊണ്ടു "കലേവ"യിലെത്തിക്കാമെന്നു അവർ ഒടുവിൽ സമ്മതിച്ചു.

വള്ളം പുറപ്പെട്ടപ്പോൾ നാലുമണിയോളമായി. ഉത്സാഹികളായ ചിലർ വള്ളംവലിക്കാൻ ഒരുമ്പെട്ടു. മറെറല്ലാവരും വള്ളത്തിൽതന്നെ ഇരുന്നു. ആറുമണിയായപ്പോൾ രണ്ടോമൂന്നോ മൈലിൽകൂടുതൽ പ്രയാണംചെയ്തിരുന്നില്ലെങ്കിലും വള്ളം നല്ല മണലുള്ള ഒരു കരയിൽ അടുപ്പിച്ചു. അന്നത്തെ യാത്ര അവസാനിച്ചെന്നും ഇനിയും അടുത്തദിവസം കാലത്തു തുടരുന്നതാണെന്നും വള്ളക്കാർ പ്രസ്താവിച്ചു. നിർബന്ധബുദ്ധികളായ വള്ളക്കാരെ അവരുടെ നിശ്ചയത്തിൽനിന്നു മാററുന്നതിനു സാധിച്ചില്ല.

ഞങ്ങൾ അവിടെ ഇറങ്ങി ആഹാരം പാകംചെയ്യുന്നതിനും കുളിക്കുന്നതിനും ഉദ്യമിച്ചു. അപൂർവം ചിലർ ചില ബർമ്മാക്കാർ അവിടെ കൊണ്ടുവന്നു വിററിരുന്ന കള്ളുവാങ്ങി കുടിക്കുകയുംഉണ്ടായെന്നു പ്രസ്താവിക്കാതെതരമില്ല. രാത്രിയിൽ ഊണുകഴിഞ്ഞു ഞങ്ങൾ മണൽപുറത്തുതന്നെ കിടന്നു. അടുത്തദിവസംമുതൽ എല്ലാവരേയും വള്ളംവലിക്കാൻ പ്രേരിപ്പിക്കുന്നതിനു എന്താണുവേണ്ടതെന്നുഒരു ചെറുസംഘക്കാർ രഹസ്യമായി ആലോചിക്കുന്നതു ഞാൻ കേട്ടു. ബർമ്മാഗവർമ്മെണ്ടുസിക്രട്ടറിയേററിലെഉദ്യോഗസ്ഥന്മാരെ ഇന്ത്യയിലേക്കു കൊണ്ടുപോകുന്നതായി അറിവുകിട്ടിയിട്ടുണ്ടെന്നും, അവരെ തങ്ങൾക്കാവശ്യമുള്ളതിനാൽ ഇന്ത്യയിലേക്കു പോകാൻ തങ്ങൾ അനുവദിക്കുകയില്ലെന്നും ജപ്പാൻകാർ ടോക്കിയോ റേഡിയോവിൽ പറഞ്ഞിരിക്കുന്നതായി ഒരു ശ്രുതി പരത്തുവാൻ അവർ നിശ്ചയിച്ചു. അടുത്തദിവസംകാലത്തു ആദ്യംവള്ളം വലിക്കാൻ തയാറായി കുറേപേർ ഇറങ്ങണമെന്നും അതു മററുള്ളവക്കു പ്രേരകമായിത്തീരുമെന്നും അവർ അഭിപ്രായപ്പെട്ടു. അതിൽ ഒരാളായി എന്നെയും അവർ നിശ്ചയിച്ചു. അന്നു രാത്രി രണ്ടുമണിയായപ്പോൾ ഉണ്ടായ മഴ ഞങ്ങളെ മണൽപുറത്തുനിന്നു വള്ളത്തിനകത്തേക്കു ഓടിക്കുകയും ഉറക്കത്തെ വിച്ഛിന്നപ്പെടുത്തുകയുംചെയ്തു.

അടുത്തദിവസം വെളുപ്പിനുതന്നെ ചായകഴിച്ചിട്ടു് ആറുമണിക്കു വള്ളം വലിക്കുന്നതിനു തയാറായിനിന്നു. ഒരു തോർത്തു തലയിൽകെട്ടി ഏഴുമണിയോടുകൂടി ഞാൻ വള്ളംവലിയിൽ ഏർപ്പെട്ടു. വടംപിടിച്ചു വലിച്ചുകൊണ്ടും ചില അപശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഞങ്ങൾ ആററിൻകരയിലൂടെ കുന്നുകൾ കയറിയും മണലിൽ കാൽപുതഞ്ഞും ചെളിയിൽ ചവിട്ടിയും വെള്ളത്തിലിറങ്ങിയും മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നു. ഒരിക്കൽ മുഴയററം വെള്ളത്തിൽ നടന്നുകൊണ്ടു ഒഴുക്കിനെതിരായി അരമണിക്കൂർനേരം വലിക്കേണ്ടിവന്നപ്പോൾ എൻെറ കൈകാലുകൾ കുഴഞ്ഞു. രണ്ടുമണിക്കൂർനേരത്തെ പ്രയത്നത്തിനുശേഷം ഞങ്ങൾ വിമുക്തരാവുകയും ഞങ്ങളിൽ ചിലർ നനഞ്ഞ ഡ്രസ്സോടെ വെയിലത്തു മണൽപുറത്തു കിടന്നുവിശ്രമിക്കുകയുംചെയ്തു. അപ്പോൾ ഞാൻ ഒരുകപ്പു കാപ്പിയുടെ മാഹാത്മ്യത്തെപ്പററി ചിന്തിച്ചു. മദിരാശിയിലെ "മോഡേൺകഫേ"യിലേയോ, "രാമകൃഷ്ണലഞ്ചുഹോമി"ലേയോ ചിലപ്പോൾ ഭാര്യഉണ്ടാക്കിത്തരാറുള്ളതുപോലെയുള്ളതോ ആയ ഒരുകപ്പു കാപ്പിയ്ക്കു എട്ടോ പത്തോ രൂപാ കൊടുക്കുന്നതിനു എനിക്കു യാതൊരു മടിയും തോന്നിയില്ല. എന്നാൽ വേവിച്ച കടലയും ചോളച്ചോറിയുണ്ടയും അങ്ങുമിങ്ങും ചില ബർമ്മാക്കാരകൾ വിററുകൊണ്ടിരുന്നതുമാത്രമേ അവിടെ കിട്ടുമായിരുന്നുള്ളു. കുറേദൂരം നടന്നപ്പോൾ ഒരുത്തി കരിക്കുകൾ വിൽക്കുന്നതു കണ്ടു അതു വാങ്ങിക്കുടിച്ചു. പന്ത്രണ്ടുമണിവരെ ഞങ്ങൾ ചില്ലറ ഭക്ഷണസാധനങ്ങൾ വാങ്ങി കൊറിച്ചുകൊണ്ടു വള്ളത്തിൻെറ കൂടെ നടന്നു. പിന്നീടു ഒരുസ്ഥലത്തിറങ്ങി കയ്യിലുണ്ടായിരുന്ന പഴഞ്ചോറു വെയിലത്തിരുന്നുതന്നെഉണ്ടു. അവിടെങ്ങും തണലില്ലാതിരുന്നതുകൊണ്ടു ഉച്ചമുഴവൻ വള്ളത്തിൽ കഴിച്ചുകൂട്ടി. അന്നുകാലത്തുണ്ടായ യാത്രയുടെ പുരോഗതിയെപ്പററി എല്ലാവക്കും തൃപ്തിയായി. അതുപോലെ വൈകുന്നേരവും വേണമെന്നു നിശ്ചയിച്ചു.

എന്നാൽ വള്ളക്കാരുടെ അമാന്തംകൊണ്ടു വൈകുന്നേരംപുറപ്പെട്ടപ്പോൾതന്നെ നാലരമണികഴിഞ്ഞു. ഒരുകൂട്ടർ വള്ളം വലിയ്ക്കുന്നതിൽ ഏർപ്പെടുകയും മറെറല്ലാവരും നടക്കുകയുംചെയ്തു. അരമണിക്കൂർ ഇങ്ങനെ മുന്നോട്ടുപോയപ്പോൾ ഭയങ്കരമായ ഒരു കൊടുങ്കാററുണ്ടായി. വള്ളം കരയ്ക്കടുപ്പിച്ചുകെട്ടിനിറുത്തി. വലിയ മഴയില്ലാതിരുന്നതിനാൽ ആ പൂഴി മഹാസമുദ്രത്തിൽ കണ്ണുംപൊത്തി ഞങ്ങൾ കരയ്ക്കുതന്നെ നിന്നു. അരമണിക്കൂറിനുശേഷമേ വീണ്ടും യാത്രയ്ക്കു ഒരുങ്ങിയുള്ളു. മന്ദോത്സാഹികളായി വീണ്ടും അരമണിക്കൂർകൂടി ഞങ്ങൾ പ്രയാണം ചെയ്തപ്പോൾ വള്ളം വീണ്ടും കരയ്ക്കടുപ്പിക്കുകയും അന്നത്തെ യാത്ര കഴിഞ്ഞെന്നു വള്ളക്കാർഅറിയിക്കുകയുംചെയ്തു. ആ ദിക്കിൽ ഒരു സ്റ്റീംലാഞ്ചുകെട്ടിയിട്ടിരുന്നതു "കലേവാ"യിക്കു വിടാനുള്ളതല്ലെന്നു അന്വേഷിച്ചറിഞ്ഞു. ആററിൻകരയിൽ പഴവും ചില തീററിസാധനങ്ങളും ചില ബർമ്മാക്കാർ വിററുകൊണ്ടിരുന്നതു ഞങ്ങൾ ഭക്ഷിച്ചു. ചാററമഴഉണ്ടായിരുന്നെങ്കിലും ചിലർ മണൽപുറത്തു അത്താഴം പാകംചെയ്യുന്നതിനു ഉദ്യമിച്ചു. ഞാൻ വള്ളത്തിൽ കാവലിരുന്നു.

നേരം നല്ലപോലെ ഇരുട്ടി. പരി

(ശേഷം 6-ാംപേജിൽ)

# പ്രശസ്ത വ്യക്തികൾ

## റൂസ്‌വെൽററിൻെറ വിശ്രമവേളകൾ

പ്രസിഡൻറ റൂസുവെൽററിൻെറ അനുദിനജീവിതത്തെപ്പററിയുള്ള പല വൃത്താന്തങ്ങളുടേയുംകൂട്ടത്തിൽ അതിപ്രധാനമായുള്ള ഒന്ന്, തൻെറ കൃത്യശതങ്ങൾക്കിടയിൽ അദ്ദേഹത്തിനു് ആവശ്യമുള്ള നിദ്ര ലഭിച്ചിരുന്നുവെന്നുള്ളതാണ്. മററു പല മഹാന്മാരേയുംപോലെ ഉറക്കമില്ലായ്മ അദ്ദേഹത്തെ ശല്യപ്പെടുത്തിയിരുന്നില്ല; ഉറക്കത്തിനായി എന്തെങ്കിലും ഔഷധങ്ങൾ അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നുമില്ല. അർദ്ധരാത്രിക്കുശേഷമാണ് അദ്ദേഹം നിദ്രയ്ക്കായി പോകാറുണ്ടായിരുന്നതു്; കിടക്കയിൽ കിടന്നയുടനേതന്നെ ഉറക്കമാരംഭിക്കുകയുംചെയ്യും; അടുത്തദിവസം രാവിലെ പ്രാതർഭക്ഷണത്തിനുള്ള സാധനങ്ങളുംകൊണ്ടു ഭൃത്യൻ മുറിയിൽ പ്രവേശിക്കുമ്പോൾമാത്രമേ നിദ്രയിൽനിന്നു് അദ്ദേഹം ഉണരാറുണ്ടായിരുന്നുള്ളു. അതുപോലെതന്നെ, ഓരോ ദിവസത്തിലും സായാഹ്നത്തിൽ പതിനഞ്ചോ ഇരുപതോ മിനിട്ടു സമയത്തേക്കു രാഷ്ട്രീയചിന്തകളെല്ലാം നിശ്ശേഷം മാററിവച്ചിട്ടു്, തൻെറ സമയം വിനോദങ്ങൾക്കും നർമ്മഭാഷണങ്ങൾക്കുമായി ചെലവാക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നു. അതുകഴിഞ്ഞു്, അത്രത്തോളമുള്ള ഉന്മേഷാധിക്യത്തോടുകൂടിയാണ് അദ്ദേഹം വീണ്ടും തൻെറ ജോലികളിൽ പ്രവേശിക്കാറുണ്ടായിരുന്നതു്.

## സുപ്രസിദ്ധ ചലനചിത്രതാരം

ഷർളി ടെമ്പിൾ എന്ന സുപ്രസിദ്ധ ചലനചിത്ര താരത്തിനെപ്പോലെയുള്ള യശസ്സും ആദായവും ആ ബാലികയുടെ പ്രായത്തിലുള്ള യാതൊരുത്തക്കും ലഭിച്ചിട്ടില്ലെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ഷർളിടെമ്പിളിനു് ഇപ്പോൾ പതിനഞ്ചുവയസ്സുമാത്രമേ പ്രായമുള്ളു. ഏകദേശം അഞ്ചു സംവത്സരങ്ങൾക്കുമുമ്പ്, തൻെറ പുതിചലനചിത്ര വ്യവസായത്തിൽ നിന്നു "റിട്ടയാർ" ചെയ്യിരിക്കുന്നതായി ഷർളിടെമ്പളിൻെറ മാതാവു വിജ്ഞാപനംചെയ്തപ്പോൾ ആ ബാലിക പത്തുലക്ഷം പവൻ സമ്പാദിച്ചുകഴിഞ്ഞിരുന്നു. ചെറിയ കുട്ടികളുടെ പാർട്ടുകൾ വഹിക്കുന്ന സുപ്രസിദ്ധ ചലനചിത്രതാരങ്ങളായ ബാലികകൾ റട്ടയർചെയ്യുന്ന പ്രായത്തിലാണു ഷർളിടെമ്പിളിനെസംബന്ധിച്ചും ആ ബാലികയുടെ മാതാവിൻെറ വിജ്ഞാപനമുണ്ടായതു്. എന്നാൽ ഷർളിടെമ്പിളിനു തക്കതായ പാർട്ടുകൾ നൽകുമ്പോൾ ആ ബാലിക വീണ്ടും ചലനചിത്രരംഗത്തിൽ പ്രവേശിക്കുമെന്നുള്ളൊരു 'രജതരേഖ' കൂടി പ്രസ്തുത വിജ്ഞാപനത്തിലുണ്ടായിരുന്നു. അതനുസരിച്ചു്, പിന്നീടു ഒന്നുരണ്ടു ചലനചിത്രങ്ങളിൽ ആ ബാലിക അഭിനയിക്കുകയുണ്ടായെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

## ഒരുകാലത്തെ നാരങ്ങാവില്പനക്കാരൻ

ഒരു അമേരിക്കൻമാസിക അല്പകാലത്തിനുമുമ്പു പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരുലേഖനത്തിൽനിന്നു സംഗ്രഹിച്ചിരിക്കുന്നതാണ് താഴെ കാണുന്ന വിജ്ഞേയമായ വിവരം. റഷ്യയിലെ ജനസംഖ്യ ൧൭൦,൦൦൯൦൦൦ ആണ്. അവിടെയുള്ള ജനങ്ങൾ അറുപതിലധികം ഭാഷകൾ ഉപയോഗിക്കുന്നുണ്ടു്. എന്നാൽ ഇന്നാകട്ടെ അവരെല്ലാവരും ഒരു ഒററശബ്ദംമുഖേനയാണു സംസാരിക്കുന്നതു്. ആ ശബ്ദം, മോസ്കോയിൽനിന്നു വളരെദൂരെയല്ലാത്തെയുള്ള ഒരുചെറിയ ഗ്രാമത്തിലെ തെരുവുകളിൽ ഒരുകാലത്തു കീറിപ്പറിഞ്ഞ വസ്ത്രങ്ങളുംധരിച്ചു തീപ്പെട്ടിയും നാരങ്ങായും വിററുനടന്നിരുന്നശേഷം ഇപ്പോൾ "വിദേശകാര്യങ്ങൾക്കായുള്ള വൈസ്‌കമ്മിസ്സാർ" എന്ന ഉൽകൃഷ്ടസ്ഥാനം വഹിക്കുന്ന സാളമൺഏബ്രമോവിച്ചു് ലോസ്സോവ്സ്കിഎന്ന മഹാൻേറതാണ്. എട്ടുവയസ്സായ ഒരുബലനായിരുന്നപ്പോഴാണു സാളമൺ തീപ്പെട്ടിയും നാരങ്ങായുംവിററുനടന്നതു്. ആ തൊഴിലിൽനിന്നു സാളമണു ഒരുകശാപ്പുകാരൻെറ ഭൃത്യനെന്നുള്ള കയററം ലഭിച്ചു. പിന്നീടു്, ഒരു യുവാവായതോടുകൂടി ഒരുകൊല്ലൻെറ "കയ്യാൾ" എന്ന ജോലിയിൽ നിയമിക്കപ്പെട്ടു. ഇങ്ങനെ ആരംഭിച്ച കഷ്ടജീവിതത്തിൻെറ ചിഹ്നങ്ങളൊന്നും സുമുഖനായ ലോസോവ്സ്കിയിൽ ഇപ്പോൾ കാണ്മാനില്ല. അദ്ദേഹത്തിൻെറ സംഭാഷണത്തിനുതന്നെ ആകർഷകമായ ഒരു സൌകുമാര്യവും സംസ്കാരവും സിദ്ധിച്ചിട്ടുണ്ടു്. റഷ്യൻഭാഷക്കുടാതെ ഫ്റഞ്ചുഭാഷയിലും ജർമ്മൻഭാഷയിലും അദ്ദേഹം വിദഗ്ദ്ധനാണ്. ഇംഗ്ലീഷു്, സ്പാനിഷു് എന്നീ ഭാഷകളും അദ്ദേഹം ഒരുവിധം വശത്താക്കിയിട്ടുണ്ടു്. ഇപ്പോൾ അദ്ദേഹത്തിനു സമ്പവയസ്സു പ്രായമുണ്ടു്. "വിദേശകാര്യങ്ങൾക്കായുള്ളവൈസ്‌കമ്മിസാർ" എന്നസ്ഥാനത്തിനുപുറമേ "സോവിയററ്ഇൻഫർമേഷൻബ്യൂറോ"യുടെ വക്താവുമാണദ്ദേഹം.

## ഷാജഹാൻെറ ഉപകാരസ്മരണ

ഷാജഹാൻചക്രവത്തി ഒരിക്കൽ തൻെറ ഒരുപുത്രനോടൊന്നിച്ചു ഒരു ആനയുടെ പുറത്തുകയറി ഒരുകട്ടിൽകൂടെ സവാരിചെയ്യുകയായിരുന്നു. പെട്ടെന്നു ആനയ്ക്കു ഭ്രാന്തിളകി ആ മൃഗം ആനക്കാരൻെറ നിയന്ത്രണത്തിനുവിധേയനാകാതെ ഓടിത്തുടങ്ങി. ഓട്ടത്തിനിടയിൽ ചക്രവത്തിയുംരാജകുമാരനുംമരണംസംഭവിക്കുമെന്നു മനസ്സിലാക്കിയആനക്കാരൻ, തൻെറ മരണശേഷം തൻെറ മൂന്നു പുത്രന്മാരേയും സംരക്ഷിക്കണമെന്നു അഭ്യർത്ഥിച്ചശേഷം, ആനപ്പുറത്തുനിന്നുതാഴെ, ആന ഓടുന്ന മാർഗ്ഗത്തിൽ, ചാടി. ആന ഉടനേതന്നെ തുമ്പിക്കൈകൊണ്ടു ആനക്കാരനെ തൂക്കിയെടുത്തു താഴെ എറിഞ്ഞിട്ടു കാലുകൊണ്ടു ചവിട്ടിക്കൊന്നു. ഈ ഉന്മത്തപ്രവൃത്തി ആനയുടെ കോപത്തെ ശമിപ്പിക്കുകയും പിന്നീടു് ആന ശാന്തമായി നടന്നുതുടങ്ങുകയും ചെയ്തു. ആനക്കാരൻെറ ആത്മത്യാഗപരമായ സഹായത്തെ ചക്രവത്തി വിസ്മരിച്ചില്ല. അദ്ദേഹം ആനക്കാരൻെറ പുത്രന്മാക്കു കൊട്ടാരത്തിൽ ഉയന്ന ഉദ്യോഗങ്ങൾ നൽകി. അതിനുപുറമേ, കൃതജ്ഞതാപ്രകടനപരമായി രണ്ടുലക്ഷം രൂപാ ദാനംചെയ്കയുമുണ്ടായി.

—ഠ—





## രക്തബിന്ദു

രക്തശുദ്ധിക്കും, രക്തവർദ്ധനവിനും ഉപയോഗിക്കാവുന്ന ഏകടാണിക്കു്. സ്ത്രീകൾക്കു തീണ്ടാരിക്കാലങ്ങളിൽ ഉണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും കൈകണ്ട ഔഷധം.

16 ഔൺസു് കുപ്പി 1-നു് വില 4-ക. മാത്രം.

നിർമ്മാതാക്കൾ:—

ആരോഗ്യദായിനി വൈദ്യശാല.

പുതിയറോഡു്, കൊച്ചി.

കൊല്ലം സ്റ്റാക്കിസ്റ്റ്സ്:

മെ: എസ്സ് രാമലിംഗംപിള്ള ആൻഡ് സൺസ്


## ബർമ്മയിൽനിന്നുള്ള എൻെറ വിജയകരമായ പിന്മാററം

(5-ാംപേജിൽനിന്നും തുടച്ച)

ഭ്രമത്തോടെ ആളുകൾ വള്ളത്തിലേക്കു ഓടിവരുന്നതും സാമാനങ്ങൾ കെട്ടുന്നതും ഇറങ്ങിപ്പോകുന്നതും തിക്കും തിരക്കും കൂട്ടുന്നതും കാണാറായി. കാര്യമറിയാതെ ഞാൻ അന്ധാളിച്ചു.

"കൊള്ളാം! ഇവിടെ ചുമ്മാതിരിക്കുന്നേ ഉള്ളു? വേഗംപോയി രക്ഷപെടാൻനോക്കു!" എന്നു ഒന്നു രണ്ടു സ്നേഹിതന്മാർ ഓടിവന്നുപറഞ്ഞു് അവരുടെ സാമാനങ്ങൾ കെട്ടിത്തുടങ്ങി. ആ സ്ഥലത്തിനു നാല്പതു മൈലോളം തെക്കായി സ്ഥിതി ചെയ്യുന്ന "മൊണീവാ" പട്ടണംവരെ ജപ്പാൻ സൈന്യം എത്തിയിരിക്കുന്നുഎന്നും മൊണീവായിൽനിന്നു ആളുകളെകയററി അവസാനമായി പുറപ്പെട്ടിരിക്കുന്ന നാലു സ്റ്റീംലാഞ്ചുകൾ അവിടെ അടുപ്പിച്ചിരിക്കുന്നുഎന്നും അവയിൽ എങ്ങനെയെങ്കിലും ഒളിഞ്ഞുകയറാൻ നോക്കണമെന്നും അല്ലെങ്കിൽ ശത്രുരാജ്യത്തകപ്പെട്ടുമെന്നുമായിരുന്നു അവർ തന്ന സംഭ്രമപരമായ വാത്ത. കാര്യങ്ങൾ അന്വേഷിക്കാൻ ഞാൻ കരയിലിറങ്ങി. കപ്പലുകളിൽ കയറാൻ കപ്പിത്താന്മാർ അനുവദിക്കുന്നില്ലെന്നും ഒളിഞ്ഞുകയറുന്നതിനു ഓരോരുത്തരുടേയും കാര്യം അവരവർ നോക്കിക്കൊള്ളണമെന്നും ചില പ്രമാണികൾ അറിയിച്ചു. ഞങ്ങളുടെ സംഘത്തിലെ ചിലർ അപ്പോഴേയ്ക്കും എങ്ങനേയോ കപ്പലുകളിൽ കയറിക്കഴിഞ്ഞു. 'മററു ചിലരും കയറാൻ ഏർപ്പാടുചെയ്തു' എന്നുപറഞ്ഞു ഞങ്ങളെവിട്ടുപോയി. വീണ്ടും പരിപൂർണ്ണമായ നിസ്സഹായാവസ്ഥയിൽ "ഈശ്വരാ!" എന്നുവിചാരിച്ചുകൊണ്ടു ചാററമഴയിൽ ആ മണൽപുറത്തുനിന്നു ഞാൻ മിഴിച്ചു.

—ഠ—

## വിയപ്പിനോടു്

—ഠ—

(ഒ. നാണു ഉപാദ്ധ്യായൻ)

കണ്ണീർപറഞ്ഞുവിയപ്പിനോടു
കാര്യങ്ങളെല്ലാക്കെക്കേഴഞ്ഞുചട്ടം,
കണ്ടോളൂ നമ്മുടെ കൂട്ടുകെട്ടിൽ
കണ്ണുകടിക്കാതെ നാട്ടിലുള്ള
ഒന്നിച്ചുനമ്മളെ കണ്ടുപോയാൽ
കണ്ണുകലക്കലിട്ടുകയായി,
പല്ലുകൾതമ്മിൽ കിറുക്കലായി,
ചുണ്ടുകൾകൂടിപ്പുറപ്പുറപ്പായ്,
ചോരയിരച്ചിരച്ചേറ്റമായി,
മറവുപെരുമാറകൊട്ടലായ !
ഞാനെന്നുചൊല്ലുന്നു ചേടനോടീ
നാണക്കേടയ്യോ! നമുക്കുവേണ്ടാ.
നാട്ടുകാർകാണെന്നിടത്തുമേലാൽ
ചേട്ടനോടൊന്നിച്ചു ഞാൻവരില്ല.
പാടത്തുചേട്ടൻകൃഷിക്കുപോയാൽ
പാലോത്തുകൊണ്ടും ഞാൻവരില്ല.
ഫാക്ടറിയിങ്കൽ പണിക്കുപോയാൽ
പാതിരാക്കിട്ടിനും ഞാൻവരില്ല.
സാഹിത്യവേലയ്ക്കു ചേട്ടൻപോയാൽ
സഹകര്യംനോക്കി ഞാൻ കൂട്ടുപോരും
ഗ്രന്ഥകർത്തുക്കൾക്കുലക്കു ചേട്ടൻപോയാൽ
കൈകയ്യുംപിടിച്ചുഞാൻ കൂടെപ്പോരും.

—*—

## സ്മരണയാൽ

ഠ—

വെള്ളായണി
കെ. എൻ. പരമേശ്വരൻപിള്ള
(എയർഫോഴ്സ്)

തിരുവിതാംകൂറേ, നിൻെറതിരുമടിയി-
(ലേക്കിതാ
വരുന്നുഞാൻ വരുന്നുഞാൻ വഞ്ചിമാ-
(താവേ,
ഉഴലുന്നിതെൻനയനദ്വയമമ്മേ, ഭവതിത
ന്നഴകെഴും മരതകമേനികാണുവാൻ
ഇവിടത്തെ—ബർമ്മായിലെ ചില്ലികൾ-
(ചിലയ്ക്കുമ്പോഴും
പവനപരിചരണമേററിടുമ്പോഴും
നിനയ്ക്കുന്നു ദേവി, നിന്നെയടിയനറി-
(യാതെയാം-
സനാതനധർമ്മമാളും തമ്പുരാനെയും
ശങ്കരനെപ്പെററവളാമീ പമ്പാസരസ്സും-
(ന്നവളാമീ
സങ്കടമകററും കല്പതരുവുള്ളോളാമീ!
അവിടുത്തെമറക്കുന്നതെങ്ങനെഞാൻ-
(ജപ്പാൻദ്വീപ-
നിവഹത്തിലൊന്നിൽപ്പോയിവസിക്കു-
(കിലും
ഉടവാളുമേന്തിബ്‌ഭടജനമൊട്ടുകട-
(ലിൽത്തീ-
യുടൽമുങ്ങിയാലാട്ടുവാനു് തമ്പുരാൻപോ-
(യോരാ
വഴിയരികിലായ്തൊഴുകൈകൂപ്പിമായി-
(നിൽക്കുമാറു-
ണ്ടടിയൻതിരുവനന്തപുരത്തുകാരൻ
കൊച്ചുകൊച്ചുപുഴകളും പുഞ്ചപ്പാടങ്ങ-
(ളുംപിന്നെ
കൊച്ചുശോകച്ചെടികളും വഞ്ചിനിരയും
വയലിലെ'ചാത്തൻ'മ'ക്കണ്ണമ്മ'യും
മൊട്ടുമായി
വിടരാൻതുടങ്ങുംമുല്ലച്ചെടിയുംതോപ്പും!
സ്മരണയാംവിളക്കേന്തിവരുന്നുണ്ടെൻ-
(മുമ്പിൽ, നൽകാൻ
ഹൃദയമല്ലാതെയെൻെറകൈകയിലി-
(ല്ലൊന്നും
തിരുവിതാംകൂറേ, നിൻെറ തിരുമടിയി-
(ലേക്കിതാ
വരുന്നുഞാൻ വരുന്നുഞാൻ വഞ്ചിമാ-
(താവേ!!

—ഠ—


## ദിവ്യരഹസ്യപ്രകാശിക

—ഠ—

യോഗാഭ്യാസം പരിശീലിക്കുന്നവർ അറിഞ്ഞിരിക്കേണ്ട എല്ലാ വിവരങ്ങളും ൻ അദ്ധ്യായങ്ങളിലായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. വില രൂ. ൧. ണ. ൧൪.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

—ഠ—

ചെറുകഥ

# ചേന്നൻെറ മകൻ

—o—

(പുത്തൂർ, നാരായണൻനായർ, വിദ്യാർത്ഥി)

"വല്യമ്പിരാനേ! അടിയനും ഒരു മാസത്തെ ആയിത്യം കിട്ടിയ്ക്കണെ! അടിയൻെറ മോൻകുഞ്ഞന പുത്തോംവാങ്ങിയ്ക്കാൻ അഞ്ചാറു ചെമ്പുകായ് വേണാരുന്നു."

പാടത്തുനിന്നും വന്നപ്പോഴാണ് ചേന്നൻ അവൻെറ തമ്പുരാനോടു യാചിച്ചു. പ്രഭുവിൻെറ മുമ്പിൽ ഭൃത്യനായിരിക്കേണ്ട ഭയഭക്തിബഹുമാനങ്ങളോടുകൂടി. പക്ഷേ പ്രഭുപ്രമാണി കുപിതനായി.

"എന്താകുന്നു നെല്ലും ചക്രോം ചോദിക്കാൻ ഇവിടെ രണ്ടു സമ്പാദിച്ചു വച്ചിട്ടുണ്ടോ? ഉം. കൊടുത്താട്ടെ. എന്തിനാ? മോനേ പഠിപ്പിയ്ക്കാൻ, മജിസ്ട്രേട്ടായിട്ടോ പേഷ്കാരായിട്ടോ വരാൻ പോണതു്? ഇപ്പോഴിവിടെ നേരമില്ല. തരാനുണ്ടെങ്കിൽ കൊയ്ത്തുകഴിയട്ടെ" നിർദ്ദയം മറുപടി പറഞ്ഞു.

ചേന്നൻെറ ഹൃദയം പിടഞ്ഞു. ശങ്കരൻ ചേന്നൻെറ ഒരേ ഒരു മകൻ. അവനാണു ചേന്നൻെറ ആശാദീപം. ജീവിതത്തെ നിലനിർത്തുന്ന മൃതസഞ്ജീവിനി. ശങ്കരനെ പഠിപ്പിച്ചു് ഉദ്യോഗസ്ഥനാക്കണം. തടിച്ച ഉദ്യോഗസ്ഥൻ. കച്ചേരിയിലെ വക്കീലുതമ്പ്രാന്മാരേപ്പോലെയോ, മജിസ്ട്രേട്ടുതമ്പ്രാനേപ്പോലെയോ' അതാണവൻെറ മോഹം. അതിനുവേണ്ടിയാണ് അവൻ അരുണോദയംമുതൽ അന്തിയാകുംവരെ അത്യധ്വാനം ചെയ്യുന്നതു്.

മകരമാസത്തിലെ മരംകോച്ചുന്ന മഞ്ഞും, മഴക്കാലത്തെ മനം മരവിക്കുന്ന തണുപ്പും അവനേറ്റു സഹിക്കുന്നതു് അവൻെറ മകനെ പഠിപ്പിച്ചു് ഉദ്യോഗസ്ഥനാക്കാനാണ്. അഹോ! പുത്രവാത്സല്യത്തിൻെറ പേരിൽ എന്തെന്തു ത്യാഗങ്ങളാണ് ഓരോ പിതാക്കന്മാർ അനുഭവിക്കുന്നതു്?

ഇരുട്ടുപോലുമുറങ്ങുന്ന ശൂന്യതയിൽ, അന്ധകാരാവൃതമായ അർദ്ധരാത്രിയിൽ, സകല ജീവജാലങ്ങളുമെന്നല്ല; പ്രകൃതിപോലുമുറങ്ങുന്ന നിശ്ചലസന്ദർഭങ്ങളിൽ അവൻെറ തമ്പുരാൻെറ നഗ്നമായ കുളത്തിണ്ണയിൽ 'കീറത്തുണിയും പുതച്ചു നിദ്രാവിഹീനനായി കഴിഞ്ഞുകൂടുന്നതതിനു വേണ്ടിയാണ്. അധമോന്നതഭാവം ആരിലും ദർശിക്കാത്ത ആ ചൈതന്യമൂർത്തിയും അവൻെറ ഹൃദയത്തോടൊപ്പം പുകഞ്ഞുകത്തുന്ന നെരിപ്പോട്ടുമാണവനു കൂട്ടിനുള്ളതു്. നോക്കണം. കുബേരന്മാരുടെ സുഖനിദ്ര കുചേലന്മാരുടെ ചുടുനിശ്വാസമുതിരുന്ന അന്തരീക്ഷത്തിലാണ്. പട്ടിണിപ്പാവങ്ങളുടെ വയറ്റുകനലുകളെ ലേശിപ്പായുന്ന മൃദുപവനനാണ് അവരുടെ വെൺചാമരം. അവിടെയാണിന്നത്തെ ലോകം തങ്ങിനിൽക്കുന്നതു്. ദുഷ്പ്രഭുത്വത്തിൻെറ മൃഗീയമായ ദുർവിലാസങ്ങൾ. അഹോ! അതിലാക്ക്, ആരെ കുറ്റം പറയുവാൻ കഴിയും.

ശങ്കരൻെറ ജീവിതഗ്രന്ഥത്തിൻെറ 'ഏട്ടു'കൾ മറിച്ചുനോക്കിയാൽ കാണുന്ന കാഴ്ച കദനഹേതുകമാണ്. പ്രഭാതംമുതൽ പ്രദോഷംവരെ പാടത്തു പണിയെടുക്കണം. അന്തിയായാൽ അരുണോദയംവരെ യജമാനൻെറ വീടുകാക്കണം. പ്രാണാധികപ്രേയസിയായ ചിരുതയുടെ ദുഃഖദർശനംതന്നെ വളരെ വരളമാണ്. കൃത്യാന്തരബാഹുല്യം അവനെ അതിന് അനുവദിക്കയില്ല. അവൻെറ ജീവനിലും ജീവനായ ആ അരുമക്കിടാവിനെ —ശങ്കരനെ— ഒരുനോക്കു കാണുവാൻ, തമ്പുരാൻെറ 'കുന്നിൽ മണ്ണുചാരിയിട്ട' നിശാപക്ഷസന്ധ്യയുടെ തൃതീയയാമാരംഭത്തിൽ അവൻ ഓടും കുടിലിലേയ്ക്കു്. ചേന്നൻെറ ആഗമനം പ്രതീക്ഷിച്ചുകഴിയാൻ നിദ്രാദേവി ശങ്കരനെ അനുവദിക്കയില്ല. അതിനുമുമ്പ് അവളവനെ ആ വിരിമാറിൽചേർത്തു അമർത്തിക്കഴിയും.

ഉണരുന്നതു അവിടെ കഴിയാൻ യജമാനസ്നേഹംകൊണ്ടു നിർഭരമായ ഹൃദയം ചേന്നനെ അനുവദിക്കയില്ല. കർത്തവ്യബോധത്താൽ ത്രസിക്കുന്ന ചിന്താസമ്മിശ്രമായ ചിത്തത്തോടെ, അന്ധകാരത്തെ തട്ടിത്തകർത്തുകൊണ്ട് അവൻ തിരിഞ്ഞോടും. തമ്പുരാൻെറ വീട്ടിലേക്ക് അല്ല. കുളത്തിണ്ണയിലേക്ക്, അവൻെറ മണവറയിലേക്ക്.

പുത്രനെപ്പറ്റിയുള്ള സ്മരണമാത്രയിൽ, തമ്പുരാൻെറ നിഷ്ഠുരമായ സ്വഭാവവും പെരുമാറ്റവും പാടെ മറന്ന ചേന്നൻ വീണ്ടുമാവർത്തിച്ചു.

'മൂന്നുമാത്തെകിട്ടിക്കാനക്കെണ്ടോണ്ടേ. ഇപ്പം ഒരുമാത്തെ കിട്ടിച്ചാമതിയാരുന്നു. പുത്തിമുട്ടുകൊണ്ടോ അടിയൻ...' അവൻ അർദ്ധോക്തിയിൽ വിരമിച്ചു.

തമ്പുരാൻ കലികൊണ്ടുതുള്ളി. വേലക്കാരൻകുറവൻ കൂലിചോദിച്ചു കൊട്ക്കാമ്പാളം വാങ്ങാതെ. അതും അവൻെറ മകനെ പഠിപ്പിപ്പിക്കാൻ. 'ആറുകാനാറു'ണ്ടയേ തൻെറ അമ്മയമ്മമാരേപോലും പുസ്തകം വാങ്ങിയിട്ടില്ല. കൂലിക്കാരൻ കുറവൻെറ മകനു പുസ്തകം വാങ്ങാൻ പണം കൊടുത്താട്ടെ. അതുമോ? കന്നുകാലിയെ തീറ്റേണ്ട കുഴിയൻ പഠിച്ചാൽ അതിനു പിന്നാരു്? അതുമല്ല അക്ഷരാഭ്യാസംചെയ്താൽ അഹംകരിക്കുന്നതോടെ പള്ളിക്കൂടത്തിൽ ഒറ്റയ്ക്കിരിക്കയും തൊട്ടുമടിയ്ക്കുകയുമില്ലേ? അയാളുടെ ഹൃദയവിഹായസ്സിൽ ചിന്താവിഹംഗം ചിറകടിച്ചുപറന്നു. ധനവാന്മാരുടെ സന്താനങ്ങൾക്കുമാത്രമുള്ള കുടുംബസ്വത്താ വിദ്യാഭ്യാസം? അതോ, പണമില്ലാത്തവനു പഠിച്ചുകൂടന്നോ? അപ്രകാരമോ ഇന്നത്തെ ലോകം വിധിക്കുന്നതു്? കഷ്ടം! വിവേകവാനെന്നഭിമാനിക്കുന്ന മനുഷ്യൻെറ വിജ്ഞാനസമ്പൂർണ്ണമായ ഹൃദയം ഇത്ര സങ്കുചിതമോ?

"ഛീ! അധികപ്രസംഗി! നിന്നോടല്ലിയോടാ പറഞ്ഞതു കൊയ്ത്തുകഴിയട്ടെന്ന്. അവനെന്നോടു കേറിനിന്നു പ്രസംഗിയ്ക്കുന്നതു കണ്ടില്ലേ? അടിച്ചു പല്ലുപറിച്ചുകളയും പറഞ്ഞേക്കാം. പള്ളിക്കൂടത്തിൽപോയി നാലക്ഷരം പഠിച്ചുകൊള്ളട്ടെ എന്നു കരുതിയപ്പം സായിപ്പാകാനാ ഭാവം. മതി. സായിപ്പാകുന്നതെന്നു കാണട്ടെ. നാളെമുതൽ കന്നുകാലിയെ കൊണ്ടുപോയി തീറ്റട്ടെ. ഇന്നുതന്നെപോയി വിളിച്ചിവിടെ കൊണ്ടുവരണം. അല്ലാത്തപക്ഷം ഇറങ്ങിക്കൊള്ളണമിവിട്ടുന്ന്." ആ ഉഗ്രാജ്ഞ പുറപ്പെട്ടു.

ചേന്നൻെറ സിരാചക്രങ്ങളിൽകൂടി ഒരു മിന്നൽപിണർ മിന്നിമാഞ്ഞു. പാവം ചേന്നൻ പരുങ്ങി. അവനു തോന്നി, ആവശ്യമില്ലായിരുന്നു പണം ചോദിച്ചിട്ടെന്ന്. അതുകൊണ്ടല്ലേ അവൻെറ ആശാസൗധം അടിയോടെ തകർന്നുപോകാൻ പോകുന്നതു്? അതുമല്ല, അവനറിയാം തമ്പുരാനരുളുന്നതിനിളക്കമില്ലെന്ന്.

അവൻെറ കുടിൽ. അതുപേക്ഷിക്കാൻ കെല്പവനുണ്ടോ? പോരെങ്കിൽ ജോലിയുമില്ലാതാകും പിന്നീടു് കഴിയ്ക്കുവാൻ കഞ്ഞിയില്ലാതെ, ഉടുക്കുവാൻ തുണിയില്ലാതെ, കിടക്കുവാനിടമില്ലാതെ അവനെങ്ങനെ കഴിഞ്ഞുകൂടും? അല്ലെങ്കിൽ അവൻെറ മകനെ പഠിപ്പിക്കാതിരിക്കണം. അതും ഉപരാ, തമ്പുരാൻെറ കന്നാലിക്കുഴിയനാക്കി നിയമിയ്ക്കുകയും വേണം. പാവപ്പെട്ട കുറവൻ വിഷമിച്ചു. ഭാവനാതീതമായ പുത്രവാത്സല്യമൊരുവശത്തു, ഭീകരസ്വരൂപിണിയായ പട്ടിണിപ്പിശാചു മറുവശത്തും നിന്നുകൊണ്ടവനെ അലട്ടി. അലയടിച്ചിരമ്പുന്ന ശോകസാഗരമദ്ധ്യത്തിലാപതിച്ച അവനെ ആരുദ്ധരിക്കുവാനാണ്? കഷ്ടം. രണ്ടു മഹച്ഛക്തികളുടെ മർദ്ദനമോറു മനമുഴറുന്ന ആ പിതൃഹൃദയത്തിൻെറ പരിദേവനം ആ പ്രഭുപ്രമാണി കേട്ടിരുന്നെങ്കിൽ — അയാളൊരിയ്ക്കലെങ്കിലുമനുഭവിച്ചെങ്കിൽ—പട്ടിണിപ്പാവങ്ങളുടെ നട്ടെല്ലു വളഞ്ഞും വേലചെയ്യുന്നതാണിവരുടെ അസൂയാനിർമ്മിതമായ തടിച്ചുകൊഴുത്ത ശരീരത്തെ നിലനിറുത്തുന്നതെന്നു അല്പനിമിഷമെങ്കിലും ചിന്തിച്ചിരുന്നു എങ്കിൽ..........

അന്യായമായ ആജ്ഞാശക്തി ന്യായപൂർണ്ണമായ യുക്തിവാദത്തോടേറ്റു മുട്ടി. നിഷ്ഠുരമായ, മാനവസമുദായത്തിൻെറ നിർദ്ദയനയം നിരസിച്ചു്, തൻെറ ഓമനസ്സന്താനത്തെ പഠിപ്പിക്കാൻ നിശ്ചയിച്ചു. അന്യായമായ അധികാരപ്രമത്തത — അസ്വാതന്ത്ര്യമായ അടിമത്തം. ഒരുനിമിഷം പാഴാക്കാതെ അത്യധ്വാനംചെയ്തിട്ടും ലഭിക്കുന്ന 'ആട്ടും തുപ്പും.' അവനിനി അതൊന്നും സഹിയ്ക്കാൻ കഴിയുകയില്ലെന്നുറച്ചു ബുദ്ധിപൂർവം തീരുമാനിച്ചു.

ചേന്നൻെറ വിയർപ്പുകണങ്ങളാൽ കെട്ടപ്പെട്ടതാണ് ആ മലഞ്ചരിവ്. ഒരുകാലത്തു ഉരഗങ്ങളുടെ ആവാസരംഗമായ മുൾച്ചെടികളാൽ നിബിഡമായിരുന്നു അവിടം. ഉടലെടുത്ത ഗ്രാമീണലക്ഷ്മിയുടെ വിശിഷ്ടമായ വിരിമാറാണിന്ന്. അവിടെക്കാണുന്ന ഓരോ വൃക്ഷവും ചേന്നൻെറ ശേഷിച്ച വിശ്രമവേളകളിലെ ആയാസകിരണങ്ങളാണ്. പക്ഷെ പ്രയോജനമെന്തു് അനുഭവിക്കാനവകാശമില്ലെങ്കിൽ? അന്യൻെറ പറമ്പിലെ അത്യധ്വാനമീവിധം കദനഹേതുകമോ?

ii

കാളേജിലെ പ്രഫസറന്മാർക്കും മററും ശങ്കരനെ വലിയ കാര്യമാണ്. അവൻെറ പ്രാതിനിധ്യം നിഷേധിക്കുന്ന യാതൊരു സംരംഭവും, സാധുവായുള്ളതു്, വിദ്യാർത്ഥിവൃന്ദത്തിലില്ല. അത്രകണ്ടു 'പഥ്യ'മാണു് വിദ്യാർത്ഥികൾക്കവനോടു്. വിദ്യാർത്ഥിലോകത്തിൻെറ അഭിമാനഭാജനവും സതീർത്ഥ്യരുടെ നർമ്മസഖാവുമായ അവനിൽ കാളേജധികൃതർ ആത്മാർത്ഥതയുള്ളവരാകൽ അതിലെന്തത്ഭുതം?

ബഹുമാനപ്പെട്ട ഗവമെൻറിൻെറ കരുണാകടാക്ഷങ്ങളുടെ സാന്ദ്രാഭയായാണ ഹരിജനഹോസ്റ്റൽ. പാവപ്പെട്ട ഹരിജനങ്ങളുടെ കാമസുരഭിയായ ആ വാസ്തുമന്ദിരത്തിൽതന്നെയാണ ശങ്കരനും. അവനപേക്ഷിക്കുന്ന വിശേഷച്ചിലവുകൾക്ക് അവൻെറ പിതാവു് പട്ടണത്തിൽ വിറകുകീറിയും ചുമടെടുത്തും സമ്പാദിയ്ക്കും.

ചേന്നനിനു പണിയെടുക്കാത്ത ദിവസങ്ങളിൽ ചോദ്യംചെയ്യാൻ ഒരു തമ്പുരാനുമവനില്ല. ആർക്കുമവൻ അടിമയുമല്ല. സ്വാതന്ത്ര്യസാമ്രാജ്യത്തിലെ മന്ദമാരുതനാണ് അവൻ ശ്വസിക്കുന്നതു്. സൗഭാഗ്യപ്രദമായാണ ജീവിതം നയിയ്ക്കുന്നതു്. എന്തൊരു സ്വച്ഛത. പണിയെടുക്കാതിരുന്നാൽ 'ഒരുചാൺ' വയറിൻെറ ആവലാതി കേട്ടാൽ മതി. ചിരുത ആ ദമ്പതിയും അവരുടെ ദാമ്പത്യാരാമത്തിൽ വിരിഞ്ഞു വികസിച്ചു പരിലസിയ്ക്കുന്ന പാരിജാതകുസുമത്തിൻെറ പരിശുദ്ധിയോടുകൂടി ശങ്കരനേയും അവനേയും വെടിഞ്ഞു വീരസ്വർഗ്ഗംപ്രാപിച്ചു. അതുമാത്രമാണു ചേന്നനെ ചിലപ്പോൾ ചഞ്ചലഹൃദയനാക്കും.

iii

നാട്ടുകാർക്കാകമാനമൊരു സംസാരവിഷയമാണ സബ്ബ്രജിസ്ട്രാർ ഗോപാലൻനായരുടെ ഭവനത്തിൽ നടന്ന മോഷണം. ഒന്നാംപ്രതിയായ ചന്ദ്രശേഖരനെ ഇനിയും പിടികിട്ടിയിട്ടില്ല. പോലീസുകാരുടെ ഉഗ്രദൃഷ്ടി അക്കാര്യത്തിൽ അല്പവും ഫലവത്തായില്ല. അവൻെറ കൂട്ടുകാർ മൂട്ടയുടെ കടിയും, ബാററൻതയ്യുടെ രുചിയും അനുഭവിച്ചു ഇരുമ്പഴികൾക്കുള്ളിൽ വിശ്രമിക്കുകയാണ്. അവർ ചന്ദ്രശേഖരനിൽതന്നെ സർവ്വകുററവും ആരോപിച്ചു. കൂടാതെ സാധനങ്ങളും അടക്കം ചെയ്തിരിക്കുന്നതവനാണ പോലും. പോലീസുകാർ ചന്ദ്രശേഖരൻെറ വീടുമുഴുവൻ പരിശോധിച്ചു ഫലമുണ്ടായില്ല. പിതാവിനെ പിടികൂടിയാൽ പക്ഷേ പ്രയോജനമുണ്ടായേക്കാമെന്നുകരുതി ഗോവിന്ദപ്പിള്ളയെ പിടിച്ചു പലവിധ ബന്ധനങ്ങളുമേല്പിച്ചു. അയാളും ഒളിച്ചുവച്ചിരിക്കയാണപോലും ചന്ദ്രശേഖരനെ. കഷ്ടം! സാധുവായ വൃദ്ധൻ പട്ടിണി കിടന്നു പുത്രനുവേണ്ടി പണമുണ്ടാക്കിയതിനുള്ള പ്രായശ്ചിത്തം. വയസ്സുകാലത്തു പോലീസുകാരുടെ പ്രഹരവും നാട്ടുകാരുടെ പരിഹാസജല്പനങ്ങളും. പോരെ? പിന്നെന്തുവേണം.

'സബ്ബ്രജിസ്ട്രാർ വീണ്ടും അധികാരസ്ഥാനങ്ങളിൽ ആവലാതി ബോധിപ്പിച്ചു, ചന്ദ്രശേഖരൻെറ തിരോധാനം പിതാവിൻെറ അറിവോടും പോലീസുകാരുടെ അനവധാനത്തോടും കൂടിയാണെന്നു്.

ഫിഫ്ത്തുഫാറത്തിൽ തോററു, വിദ്യാഭ്യാസം നിറുത്തി, ചൂതുകളിയും മദ്യപാനവും വ്യഭിചാരവും വ്യവസായമായി സ്വീകരിച്ച ചന്ദ്രശേഖരൻ, പിതാവിൻെറ കണ്ണുനീരറവ വെട്ടിത്തെളിച്ചു. നിരവധി സമ്പത്തിൻെറ ഏകാവകാശിയായ ചന്ദ്രശേഖരനെ കണക്കററ ഓമനിച്ചു എന്നു വരുന്നതു സ്വാഭാവികമാണല്ലോ? എങ്കിലും 'പിശുക്ക'നായ മൂപ്പിനു പണത്തെപ്പററിയുള്ള സ്മരണയിൽ പുത്രനെപ്പോലും വിസ്മരിക്കുന്നതു്, ചന്ദ്രശേഖരൻെറ വ്യവസായങ്ങൾക്ക് ഉടവുവരുത്തി. വൈഷമ്യമേറിയ വൈതരണിയെ തരണംചെയ്യാൻ, ഉത്തമമായ ഒരു സരണി അവൻ കണ്ടുപിടിച്ചു. കുററത്തേ അപഹരണം. എന്താണ്? ഭേദമായ ഉപാധിയല്ലേ; ബുദ്ധിപൂർവം സ്വീകരിച്ചതും തിരഞ്ഞെടുത്തതും. അതിലോളനമൂലമുണ്ടാകുന്ന അനർത്ഥങ്ങളും അന്തസ്സററ കുടുംബത്തെയും, അഭികാമ്യമായ കുലീനതയേയും തകിടംമറിച്ചു താറുമാറാക്കുന്നതു ഈവിധമുള്ള സാഹചര്യങ്ങൾകൊണ്ടാണല്ലോ. ഇവിടെ ഇപ്രകാരമെങ്കിൽ അന്യത്ര മറെറാന്നു്. അത്രമാത്രം വ്യത്യാസമേയുള്ളൂ. എന്നാൽ വന്നുകൂടുന്ന വൈഷമ്യങ്ങൾ അനുഭവിച്ചിടങ്ങുന്നതു പുത്രവത്സലരായ മാതാപിതാക്കന്മാർ അവരുടെ വിവേകരഹിതവും ആലോചനാശൂന്യവുമായ പ്രവൃത്തികളാലുമാണ്.

ചന്ദ്രശേഖരനെ പിടികൂടാൻ കഴിയാതെ വന്നതു ചില പോലീസുകാർക്കും, ഇൻസ്പെക്ടർക്കുതന്നെയും സ്ഥലംമാററത്തിനു കാരണമായി. പുതിയ ഇൻസ്പെക്ടർ ചാർജ്ജു സ്വീകരിച്ചു. പ്രതിയെ പിടിച്ചാലുള്ള പ്രമോഷൻ. പിടിയ്ക്കാതിരുന്നാൽതനിക്കും വന്നുചേരുന്ന സ്ഥലംമാററവും അപവാദങ്ങളും. സാധുവായ ഇൻസ്പെക്ടർ നിമേഷംകൊണ്ടു തോഷിക്കയും വിഷമിക്കയും ചെയ്തു. ചന്ദ്രശേഖരൻെറ പിതാവിൽനിന്നു വല്ലവിവരങ്ങളുമറിഞ്ഞാൽ—അയാളെ കോരിത്തരിപ്പിച്ച ചിന്താനിലൻ ചില നെടുനിശ്വാസങ്ങളായി രൂപാന്തരപ്പെട്ടു ഉടൻതന്നെ കീഴ്സിൽബന്തികളെ വിളിച്ചു് "ആ മോഷണക്കേസ്സിലെ ഒന്നാംപ്രതിയുടെ പിതാവിനെ പിടിച്ചുകൊണ്ടുവരു' എന്നു് ആജ്ഞകൊടുത്തു. പുതിയ യജമാനൻെറ മുമ്പിൽ പൌരുഷം കാട്ടാൻ ചുളുവിനു കിട്ടിയ കനകാവസരത്തെ കാര്യമായി കണക്കാക്കിയ പോലീസുകാർ ലോകം ഉരുകുന്ന കൊടുംവെയിലുമേററു മൂന്നു നാലുമൈൽവഴി തണ്ടി ഗോവിന്ദപ്പിള്ളയെ പിടികൂടി, സ്റ്റേഷനിലെത്താൻ യജമാനനമാന്തമില്ലെങ്കിലോ എന്നു കരുതി ഉടൻതന്നെ യജമാനൻെറ വീട്ടിൽ ഹാജരാക്കി.

ഉച്ചയ്ക്കു ഊണുകഴിഞ്ഞു ചാരുകസാലയിൽ ചെറുശയനം ചെയ്യുന്ന ഇൻസ്പെക്ടർ ഗൗരവം പാലിക്കുന്നതിനു അനുരൂപമായവിധത്തിൽ ആജ്ഞാപിച്ചു.

"ഏടോ ജീവൻവേണമെങ്കിൽ പരമാർത്ഥം പറഞ്ഞേക്കു. അല്ലാത്തപക്ഷം തന്നെ ശരിപ്പെടുത്തുന്നുണ്ടു്. നേരുപറഞ്ഞാൽ ഒരു വൈഷമ്യവുമില്ല തൻെറ മകനെവിടെ. എവിടെയാണു മോഷണംചെയ്ത സാധനം അടക്കംചെയ്തിരിക്കുന്നതു്. പറയൂ അവനെ ഒന്നും ആരും ചെയ്യാതെ ഞാൻ നോക്കിക്കൊള്ളാം."

"പൊന്നുജമാന്നേ! എനിയ്ക്കറിഞ്ഞുകൂടാ ആ ദ്രോഹി എവിടെയാണെന്ന്. ഏകദേശം ഒരുമാസമായി അവിടെ വന്നിട്ടു പോയിട്ട്. ഒരു വിവരവും സാധനങ്ങളെപ്പററിയും അവനെപ്പററിയും ഇവനറിഞ്ഞുകൂടാ. സത്യമാണേ ബോധിപ്പിക്കുന്നതു്."

ഇൻസ്പെക്ടർ നിരാശനായി. അയാൾ വിചാരിച്ചുപോയി ആ മിരട്ടിൽ പാവം സകലവുമേററുപറയുമെന്നു. എങ്ങിനെ പറയും അജ്ഞാതമായ കാര്യങ്ങളെപ്പററി ഒരുവൻ?

"ഏടോ താൻ ഒന്നുകൊണ്ടും ഭയക്കേണ്ട എന്നല്ലേ പറഞ്ഞതു്. ഞാൻ നോക്കിക്കൊള്ളാം. കേസിനു മേൽനടപടി ഉണ്ടാകാതെ, വാദിയെ സമ്മതിപ്പിച്ചുകൊള്ളാം. പറയൂ സത്യം." ഇൻസ്പെക്ടർ കാര്യസാദ്ധ്യത്തിനുവേണ്ടി ശാന്തനായി ചോദിച്ചു.

വൃദ്ധൻ ആ പ്രാവശ്യവും നിഷേധിച്ചെങ്കിൽ അതു അയാളുടെ കുററമോ?

'ബോധിപ്പിച്ചതു സത്യമാണേ കള്ളംപറഞ്ഞു ശീലിച്ചിട്ടില്ല.' അങ്ങിനെയല്ലേ ആ ന്യായപാലകൻെറമുമ്പിൽ മൊഴികൊടുക്കാൻ കഴികയുള്ളൂ. കള്ളപ്രമാണംചമച്ചതും കൂടിയനോധനെ കബളിപ്പിച്ചതും എങ്ങിനെ പറയും. അതയാളുടെ, അന്യൻെറചാരൽ ആത്മാർത്ഥതയുടെ കണികപോലുമേശാത്ത കാപട്യാന്ധകാരംകൊണ്ടു കലുഷിതമായ ഹൃദയഗഹ്വരാന്തരാളത്തിൻെറ അതിഗഹനതയിൽ അതിഭദ്രമായി സൂക്ഷിച്ചിരിക്കുന്ന പരമരഹസ്യങ്ങളല്ലേ? പക്ഷേ എല്ലാമറിയുന്ന ഈശ്വരനേ

(ശേഷം 11-ാംപേജിൽ)

ഗ്രന്ഥനിരൂപണം:

# പൂജാപുഷ്പം

*

കവി, ശ്രീ. ജി. ശങ്കരക്കുറുപ്പ് അവർകൾ
(സി ജി. മാധവൻപിള്ള)

ആരു പറയും മലയാളത്തിൽ, മനസ്സുനെപ്പിടിച്ചുലച്ചു ചിന്തിപ്പിക്കാൻ കഴിയുന്ന കവിതകളില്ലെന്നു്?; സിരകളിൽക്കൂടി ചൂടുള്ള രക്തം പായിക്കാൻ പോരുന്നവയില്ലെന്നു?; മനുഷ്യസാഹോദര്യത്തെ പെരുമ്പറയടിച്ചു പ്രഖ്യാപിക്കുന്നവയില്ലെന്നു?; ആനന്ദനിർവൃതി അനുഭവിപ്പിക്കുന്നവയില്ലെന്നു?; സ്വരാജ്യസ്നേഹവും സ്ഥിതിസമത്വവും ജാതിമതസ്പർദ്ധകളും ഒഴിഞ്ഞ ആസ്തിക്യബുദ്ധിയും ആദർശാത്മകതയും ഉളവാക്കുന്നവയില്ലെന്നു്; കീററ്സിന്റെ ഒരു വരിക്കുപോലും തുല്യതയുള്ളതായി മലയാളത്തിൽ ആരുടേതുമില്ലെന്നു? അങ്ങനെയുള്ള ജല്പനങ്ങൾ ചെയ്യുന്നവർ മി: ശങ്കരക്കുറുപ്പിന്റെ "പൂജാപുഷ്പം" എന്ന ഒററയൊരു ചെറുകൃതി ഒരാവൃത്തിയെങ്കിലും വായിച്ചുനോക്കട്ടെ! അഭിപ്രായം മാറിയില്ലെങ്കിൽ വെയ്ക്കാം ഈ പേന താഴെ. പക്ഷേ നല്ല ചാരിത്രം - ചടയന്മാരൊക്കെ അതിനകത്തുകയറി കൂക്കിവിളിക്കാൻ പാററുകയില്ല. ആ ക്ഷേത്രകവാടം അവർക്കു ബന്ധിച്ചിരിക്കും. കുറച്ചു പൂർവ്വസംസ്കാരമുള്ളവർ ചെന്നാൽ വാതിൽ തന്നെയങ്ങു തുറന്നു മലരുന്നതു കാണാം. അപ്പോൾ 'മാറൊറാലി' യല്ലാത്ത തനി 'ലിറിക്ക്സ്'കൾതന്നെ മലയാളത്തിൽ പാടാമെന്നും, 'സംബോലിസ്സു' മെന്നല്ല ഏതു "ഇസ്സവും" കൈരളിയിൽക്കൂടി വരുമെന്നും, മുതലാളിപ്രഭുക്കളിലെ ദുഷ്ടന്മാർക്ക് ഏഴുദിവസത്തെപ്പനി വിടാതെ ഒന്നോടെയുണ്ടാക്കത്തക്കവണ്ണം അവരെ ആലിലപോലെ വിറപ്പിച്ച് ഭയങ്കരസ്വപ്നങ്ങൾ കാണിച്ചു ഉറക്കെ നിലവിളിപ്പിക്കത്തക്ക ഉരക്കും ഉശിരുമുള്ള കവിതകൾ ചമയ്ക്കാൻ മലയാളത്തെവിട്ടു ഇതരഭാഷകളെ തേടേണ്ടതില്ലെന്നും ബോധപ്പെടും. 'വല്ലഭനു പുല്ലുമായുധം' എന്ന ചൊല്ലു എത്ര ശരിയാണെന്നു ഇതിൽ കണ്ടനുഭവപ്പെടാം. പഴയ ആഖ്യാനമാർഗ്ഗംമുതൽ ഇന്നത്തെ ആത്മാലാപരായ വാദപ്രസ്ഥാനങ്ങൾവരെയും തനിക്കു എത്രസാമർത്ഥ്യത്തോടുകൂടിപ്പെരുമാറാൻ കഴിയുമെന്നു കാണിച്ചുകൊടുക്കാൻ ഉതകുന്ന കവിതകളാണ് നമ്മുടെ കവി ഈ ഗ്രന്ഥത്തിൽ തിരഞ്ഞെടുത്തു ചേർത്തിട്ടുള്ളതു്. കവിയുടെ ഗദ്യരീതിയുടെ അഴകും ആഴവും അനന്യലബ്ധതയും "ചുളരുന്നതു പൊന്നോണം" എന്ന ഏകാങ്കനാടകത്തിൽനിന്നും വെളിവാകും. "തുമ്പപ്പൂ ചൂടിവരും-കനിവേറും മാവേലി-ആമ്പൽപ്പൂ ചൂടിവരും, മികവേറും മാവേലി-ചിങ്ങത്തിൽ കേറിവരും-ചിരിതൂകും മാവേലി എന്ന നാടോടിമട്ടിൽ ലളിതമായി എഴുതാൻ കഴിയുന്ന കവി, നാണുവെന്നും വേണുവെന്നും പേരുള്ള രണ്ടു കുറപ്പിള്ളക്കുമാരന്മാരെക്കൊണ്ടു-അദ്ദേഹം നേരിട്ടുപറഞ്ഞിരുന്നില്ലെങ്കിൽ ആ കാര്യം സംശയിക്കപോലും ചെയ്യാത്ത രണ്ടു പിള്ളേരെക്കൊണ്ടു-പറയിക്കുന്ന കാര്യങ്ങളും അതിനു അവർക്കുണ്ടായിരിക്കേണ്ട പൂർവ്വസംസ്കാരങ്ങളും, സംസാരിക്കുന്ന ഭാഷയുടെ കാകലരാത്രശുദ്ധിയും, അതിന്റെ വൈചിത്ര്യങ്ങളും ആലോചിച്ചാൽ അതു നമ്പൂതിരിബാലന്മാരുടെ മുഖത്തുനിന്നുപോലും പുറപ്പെടുമോ എന്നു ആരും സംശയിച്ചുപോകും. കവിയെയല്ലാതെ നാടകപാത്രങ്ങളിൽക്കൂടി കാണുന്നതു്. ആ ഉൽകൃഷ്ടാദർശങ്ങളെയും ചാരുരീതികളെയും ബലികഴിക്കേണ്ടിയിരുന്നുവെന്നല്ല ഞാൻ അഭിപ്രായപ്പെടുന്നതു്. അവർ കുറപ്പിള്ളേരാണെന്നു പറയാതിരിക്കയെങ്കിലും വേണ്ടിയിരുന്നെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. വിധിവൈപരീത്യത്താൽ ധനലോഭികളായ ചില ദുഷ്ടന്മാരുടെ ചതിയിൽ അകപ്പെട്ടു നിസ്വനായിത്തീർന്നു് ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ എത്തിയ പരമസാത്വികനും സംസ്കാരസമ്പന്നനുമായ ഒരു നമ്പൂരിയുടെ പുത്രന്മാരായിരിക്കും ആ ബാലന്മാരെന്നു വായനക്കാർ ഊഹിച്ചുകൊള്ളുമായിരുന്നു, നേരത്തെ ആ-ക്ഷമിക്കണേ-വിധിതാം, എഴുന്നള്ളിക്കാതിരുന്നെങ്കിൽ. എന്നാൽ ഇതു കാച്ചിക്കുറുക്കി പഞ്ചസാരയിട്ട പാലിലെ ഒരു ചെറുതരിമാത്രമേ ആകുന്നുള്ളു. പാലിന്റെ മധുരവും ഗുണവും ആ ചെറുപൊടി അല്പമെങ്കിലും കുറയ്ക്കാൻ ശക്തിയുള്ളതല്ല. കണ്ണിനുമാത്രം ഒരു നിമിഷനേരത്തെ ഒരു ഇതു്, അത്രേയുള്ളു. തേച്ചുരച്ചു പ്രകാശം വർദ്ധിപ്പിച്ച വജ്രക്കല്ലുകളെക്കൊണ്ടും മററു രത്നങ്ങളെക്കൊണ്ടും അതിസമർത്ഥനായ ഒരു ശില്പി മനോധർമ്മം വളരുന്നവേളയിൽ മാത്രം ഇരുന്നു ശ്രദ്ധാപൂർവ്വം നിർമ്മിച്ചിട്ടുള്ള ചില നവീന ആഭരണങ്ങൾ ഭംഗിയായി അടുക്കിവച്ചിരിക്കുന്ന ഒരു ചെറുപേടകമാണു് തൃശ്ശൂരിൽനിന്നും ബി. വി. ബുക്കുഡിപ്പോക്കാർ ഒന്നേകാൽരൂപ വിലയ്ക്കു വില്ക്കുന്ന ഈ ഗ്രന്ഥമെന്നു് കവിയുടെ ഭാവന ഏതാണ്ടൊന്നു പകർന്നുകൊണ്ടായിരിക്കാം എനിക്കു തോന്നുന്നതു്-ഗ്രന്ഥത്തിന്റെ പുറങ്കടലാസ്സിൽ കവിയുടെ പേരിന്റെ സ്ഥാനത്തു ഒരു "ജി" മാത്രം കണ്ടു ഞാൻ ആശ്ചര്യസ്തബ്ധനായിപ്പോയി. ഷോഡശക്രിയകളിൽ "നാമകരണ"മെങ്കിലും 'പ്രചാരലുപ്ത'മായി ഭവിക്കയില്ലെന്നു ഞാൻ വിചാരിച്ചിരുന്നു. അനന്തരം എന്റെ ഗൃഹത്തിൽത്തന്നെ എം. കെ. നായരേയും, വി. ബി. നായരേയും കണ്ടു ഞാൻ ആലോചിച്ചുനോക്കിയപ്പോൾ ജാതിനാമാദികൾ വെറുക്കയും ഒളിക്കയും ചെയ്യുന്ന ഇന്നത്തെ പരിഷ്കാരത്തിൽ പുറമെ എങ്കിലും ഒരു തരമുണ്ടെന്നു എനിക്കു തോന്നി. പക്ഷേ അതു അകത്തുനിന്നു വരേണ്ടതാണല്ലോ. ഇപ്പോൾ 'ജി' കണ്ട ഗൃഹനാമവും [illegible] ദരനാമവും സ്വന്തനാമത്തിലെ ആദ്യക്ഷരംപോലും തിരസ്കരിച്ചിരിക്കുന്ന ആ പരിഷ്കാരം ഇതേവരെ കഴിഞ്ഞതില്ല; മെല്ലുമണ്ണെന്നുതന്നെ നിശ്ചയിച്ചു. പക്ഷേ 248 എന്നും 456 എന്നും ഒക്കെ പോലീസ്സുകാൺസ്റ്റബിൾമാരെ പരാമർശിച്ചും സംബോധന ചെയ്തും പറയുന്ന പ്രതീതിയാണു എനിക്കുടനെ ഉണ്ടായതു്. അതിനെന്തും ഇനിയത്തെ പരിഷ്കാരം അങ്ങനെയല്ലെന്നാരുകണ്ടു?

ഗ്രന്ഥനിരൂപണം തീർന്നെങ്കിലും ഒരു പൂർവ്വസ്മരണ കൂടി രേഖപ്പെടുത്താൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നതിനെ ക്ഷമിക്കണം. ഒട്ടും നീളുകയില്ല. ഇന്നു ഒരു കവിയെന്ന നിലയിൽ വേണ്ടുവോളം ഉപാർജ്ജിതയശസ്കനായിത്തീർന്നിട്ടുള്ള മി. ശങ്കരക്കുറുപ്പ് തൊണ്ണൂറിനോടടുത്ത കാലങ്ങളിൽ അതിന്റെ ഹരിഃ ശ്രീ കുറിക്കുന്നുണ്ടായിരുന്നേയുള്ളു. ഏതാണ്ടു ഇരുപതുകളുടെ പ്രാരംഭപാദങ്ങളിൽ എവിടെയോ സഞ്ചരിക്കയുമായിരിക്കണമെന്നു തോന്നുന്നു. തിരുനാൾക്കരുക്കളുടെയും ഈയലുകളുടേയും ശല്യം അക്കാലത്തു വളരെയുണ്ടായിരുന്നു. അതുകൊണ്ടു മിക്കവാറും എല്ലാ പദ്യകൃത്തുക്കളോടും അവരുടെ പദ്യങ്ങളോടും ഒരുമാതിരി നിസ്സഹകരണവ്രതം തന്നെ സഹൃദയന്മാർ അനുഷ്ഠിച്ചിരുന്നതിൽ ആശ്ചര്യത്തിനവകാശമില്ല. കൂട്ടത്തിൽക്കൂടാൻ നിർബ്ബന്ധിതനല്ലാത്ത ഞാൻ പേരുപിടിക്കാത്ത 'കന്നി'ക്കാരോടുപോലും ന്യായം കാണിക്കണമെന്നുള്ള പക്ഷക്കാരനായിരുന്നു. അതുകൊണ്ടു അങ്ങനെയുള്ളവരുടെ പദ്യങ്ങൾ ഓടിച്ചുനോക്കിയെങ്കിലും ആ നിഷ്ഠ പരിപാലിച്ചുപോന്നിരുന്നു. അങ്ങനെയിരിക്കെ ഭാഷാപോഷിണിയിൽ ആണെന്നു തോന്നുന്നു ഒരു പുതിയ പേരിനോടു സംബന്ധിച്ചു കണ്ട രണ്ടു പദ്യങ്ങൾ എടുത്ത് ഹൃഷ്ടനാകയാൽ ഞാൻ എന്റെ പരിചയചക്രത്തിൽ ഉൾപ്പെട്ട സഹൃദയന്മാരെക്കൊണ്ടു അവ വായിപ്പിക്കയും അവർ എന്റെ അഭിപ്രായത്തോടു യോജിക്കയും ചെയ്തു. അതിൽപിന്നീടു മി. ശങ്കരക്കുറുപ്പിന്റെ കവിത എവിടെ കണ്ടാലും ഞങ്ങൾക്കും അനുചരന്മാർക്കും അതാദ്യം വായിച്ചുനോക്കുക എന്ന ഒരു ശീലംതന്നെ ഉണ്ടായി. ഞങ്ങൾ അതിനെ കീർത്തിച്ചും അവസരംപോലെ ഉദ്ധരിച്ചും സംസാരിച്ച ഭാഷാഭിമാനികളുടെ ഇടയിൽ അദ്ദേഹത്തിന്റെ കീർത്തിയ്ക്കുള്ള വിള്ളൽ വരുത്താൻ ഒരു അവസരവും പാഴാക്കിയിരുന്നതുമില്ല. കുറച്ചുകാലം കഴിഞ്ഞു അതേ ഓളമോ അതിനെ മാറ പുതുതായി എങ്ങും ഉണ്ടായ മറെറാന്നോ ഉരസ്ഥലങ്ങളിൽപ്പോലും വ്യാപിച്ചിരിക്കുന്നതായി ഞങ്ങളിൽ ചിലർക്കു നേരിട്ടുകണ്ടു സന്തോഷിക്കാൻ ഇടയായിട്ടുണ്ടു്. അന്നു പ്രവചിച്ചിരുന്ന ഭാവി ഇന്നു ശരിയായി നേരേതന്നെ അനുഭവിച്ചറിയാൻ ജീവിച്ചിരിക്കുന്ന ആ ഞങ്ങളിൽ ചിലർ, പണ്ടു ഒരു കണിയർ ഇന്നപ്പോൾ മഴപെയ്യുമെന്നു പറഞ്ഞിരുന്നതു് എങ്ങനെയോ ഒത്തുകണ്ടപ്പോൾ ലോകം മുഴുവൻ അയാളോടു കടപ്പെട്ടതാണെന്നു ഭാവിച്ചു തലപൊക്കിപ്പിടിച്ചു ഗൗരവം നടിച്ചു നടന്നതുപോലെ നർമ്മോല്ലേഖമായി അഭിമാനിക്കുന്നുണ്ടെങ്കിൽ അതിനെയും അതു ക്ഷന്തവ്യമാണെന്നു സമാധാനിക്കുന്നു. ഇന്നുള്ള മലയാളകവികളിൽ ഒരു വിശേഷകമഹാകവിയായി ഉയരാൻ വേണ്ട കഴിവും അനുഗ്രഹവും പ്രയത്നവും കാലവുമുള്ള മി. കുറുപ്പിന്ന് അതിനു സംഗതിയാകട്ടെ, കൈരളിയും കൃതാർത്ഥയാകട്ടെ, എന്നുള്ള പ്രാർത്ഥനയോടുകൂടിയാണു വിരമിക്കുന്നതു.

—o—

# നിറപറ

—o—

കവി, ശ്രീ. പി. കുഞ്ഞുരാമൻനായർ
(സി. ജി. മാധവൻപിള്ള)

കേരളീയസംസ്കാരം മുഴുവനും കേരളത്തിന്റെ പ്രകൃതിവിലാസങ്ങളോടുകൂടി ഒരു ഗ്രന്ഥത്തിൽ സമഞ്ജസമായി ഒതുക്കിവെച്ചിരിക്കുന്നതു കാണണമെങ്കിൽ, മി. കുഞ്ഞുരാമൻനായരുടെ 'നിറപറ' നോക്കിയാൽ മതി. ഇത്രമാത്രം അമൂല്യവും അതുല്യവും ലളിതസുഭഗവുമായ ഒരു കാവ്യതല്ലജം കൈരളിക്കു് അടിയറവച്ച ഒരു കവിയെ എത്രതന്നെ ശ്ലാഘിച്ചാലും മതിയാവില്ല. യുവകവികളിൽ മി. നായരെപ്പോലെ ഭാവനാസമ്പൂർണ്ണനായ ഒരാൾ വേറെയുണ്ടോ എന്നു സംശയിച്ചുപോകുന്നു. ഒന്നു തീർച്ച. അദ്ദേഹം മററാരെക്കാളും ആ കാര്യത്തിൽ താഴ്ന്നവനല്ല. കേരളഭദ്ര മററാരുടേയും കവിതകളിൽ ഇത്രധാരാളമായി പ്രകാശിച്ചു കണ്ടിട്ടില്ലെന്നു ഉറപ്പുപറകയും ചെയ്യാം. നിറപറയിലെ ആദ്യത്തെ കവിത 'കർഷകഗാന'മാണ്. പ്രഥമസ്ഥാനം അതിനു നല്കിയതു് എല്ലാംകൊണ്ടും ഉചിതമായി; കാവ്യഗുണംകൊണ്ടുമാത്രമല്ല അതെന്നു ഗ്രന്ഥം വായിച്ചുതീരുമ്പോൾ ബോധപ്പെടും. അതിൽ ആദ്യത്തെ ഏതാനുംവരികൾ ഞാൻ ഇവിടെ പകർത്തിക്കാണിക്കുന്നു. 'മാതാവെ, നമസ്കാരം, മാതാവെ നമസ്കാരം മാതാവെ, ജഗദേകധാത്രി തേ നമസ്കാരം നാഗകന്യകളാം ചിന്തു-ക്കുരുളഴിച്ചിട്ട-സാഗരവരോർവ്വരിയിൽനിന്നാറാടി-നിർവൃതി പുലർത്തുന്ന [illegible]ബിംബം-നിത്യവും വലംവച്ചുനിർമ്മലാംബരയായി മന്ദം നിർമ്മലമായ തീർത്ഥവും പ്രസാദവും-പൊന്നോല മെയ്യിൽച്ചാർത്തി പുളകോൽഗമങ്ങളോടെ ബുദ്ധനീഡങ്ങൾ-മന്ത്രഗീതയായന്തഃശുദ്ധയായ്, ശുഭ്രകാന്തിയാൽ വിളങ്ങുന്തി-വിശേഷകഗൃഹശോഭപത്തിയായ്പുര.തന-വിശ്രുതഗൃഹഭാരവ്യഗ്രയായനുവേലം-മാലകറ്റീടുന്നോരുമാലേയസുഗന്ധിയാം-ചാലനീരമൃതവും മധുരക്കനികളും-ആദവാളമൂട്ടിത്തന്നു, പുത്രസന്തർപ്പണൈക കൈവല്യപ്രതിഫലമേല്ക്കുമെൻ മാതാവനീ-രാവലെ വടക്കുന്നാഥക്ഷേത്രത്തിൽ കുളിച്ചുതൊഴുതു്, നീണ്ടതലമുടിത്തുമ്പുംകെട്ടി പുറകോട്ടിട്ടു പൂവും ചന്ദനവും അണിഞ്ഞു്, ഈറൻവസ്ത്രങ്ങളുമായിവരുന്ന ഉൽകൃഷ്ടകുലജാതയായ ഒരു കേരളീയപ്രൗഢമാതാവിന്റെ സുന്ദരരൂപം എത്ര വ്യക്തമായും ഭംഗിയായും നിഴലിക്കുന്നുവെന്നുനോക്കുക. ആപാദചൂഡം കേരളസംസ്കാരവും കേരളപ്രകൃതിവിലാസവുംകൊണ്ടു നിറഞ്ഞതാണ് ഈ കവിത. കർഷകമാഹാത്മ്യം കീർത്തിച്ചിരിക്കുന്നതു ഏതുമഹാകവിക്കും തെല്ലൊരു അസൂയഹരമായയോടുകൂടിയ സന്തോഷത്തെ ഉളവാക്കുകയുംചെയ്യും. നോക്കുക. ഗ്രാമദേവതയാം നിൻ സീരനാരായത്തുമ്പു-നാശരികത ഭാഗ്യജാതകം കുറിക്കുന്നു; ലക്ഷണമുറക്കൊണ്ടോരു മനുഷ്യപരിഷ്കാരലക്ഷ്മിക്കു കരഭാഗ്യരേഖകളണിയുന്നു; ആലസ്യം വെടിഞ്ഞെത്തും യാമവേട്ടകൾ തോറും-കാളയെത്തെളിക്കും നിൻകാലികോലിളകായ്കിൽ ചെഞ്ചായം കയററിയ നരവാഹനരുടെ-ചെങ്കോലിനാ ങ്ങുവാനൊക്കുത്തുണ്ടാകുമോ? വേലയിൽ മുഴുകും നിന്നുടെമഗ്രാമങ്ങൾ തന്നോളമലവിയർപ്പുകൾ തങ്ങളെന്നറിയാതെ, പൊത്തുമുതാഗർവ്വസ്മിതം പൊഴിപ്പൂ, കൊട്ടാരത്തിൻ-മാത്തട്ടിൽത്തിളങ്ങുന്ന മുത്തുമാലകളിന്നും! കാളനാലിലപ്പുറോൻ, ഗ്രാമലക്ഷ്മി നിൻ ദയകാക്കുന്നു, പണം വെച്ചുകളിക്കും നഗരങ്ങൾ! ആലോചനാമൃതങ്ങളായ രൂപകങ്ങളും ആനന്ദനൃത്തം ചെയ്യിക്കുന്ന സൂക്തികളും ഇതിലെന്നുമാത്രമല്ല ഈ ഗ്രന്ഥം മുഴുവനിലും നിറഞ്ഞു കാണാം. അർത്ഥകല്പനകളും ഭാവനകളും എത്രതന്നെ ഉണ്ടായാലും കവിക്കു് ഭാഷയിലെ സംഗതിയിൽ വേണ്ടയളവിൽ തദ്ദേശ്യം വന്നിട്ടില്ലെങ്കിൽ വാചയിതാക്കളിൽ അവ ഒരു ഫലം ചെയ്യുകയില്ല. നേരമററു തദ്ദേശ്യംവന്ന ഒരു കവി അവമൂലം അവരെക്കൊണ്ടു എന്തെന്തു ചെയ്യിക്കാനും അനുഭവിപ്പിക്കാനും പ്രാപ്തനാകയില്ല? പക്ഷേ ഒരു മിതത്വം എല്ലാററിലും ഉണ്ടായിരിക്കണമെന്നേയുള്ളു.

അവതാരികാകാരൻ മി. സി. എച്ച്. കുഞ്ഞപ്പ ഒരു നല്ല ആസ്വാദകനും ഒന്നാന്തരം ഒരു നിരൂപകനുമാണെന്നു് ഇതിലെ ചെറിയ അവതാരിക തെളിയിക്കുന്നുണ്ടു്. അദ്ദേഹം പറയുന്നതു നോക്കുക. "ബാഹ്യപ്രപഞ്ചത്തെ അദ്ദേഹം (കവി) വളരെ തന്മയത്വത്തോടും പുളകോൽഗമകാരിയായും വർണ്ണിച്ചിട്ടുണ്ടു്. ഈ സുന്ദരചിത്രങ്ങൾ എണ്ണത്തിൽ എത്രപെരുകിയാലും അതിൽ ആരോചകത്വമില്ല. എങ്കിലും ഏതു മധുരവസ്തുവും ഇടതടവില്ലാതെ അനുഭവിച്ചുകൊണ്ടേയിരിക്കുവാൻ എല്ലാവർക്കും സാധിക്കയില്ല. അവയുടെ അന്യോന്യഭിന്നതയും വൈവിധ്യവും വേർതിരിച്ചറിയുവാനും, ഓരോന്നിനേയും വെവ്വേറെ മനസ്സിലാക്കുവാനും നമ്മളിൽ അധികംപേരുടെയും ഭാവനയ്ക്കും മനസ്സിനും കെല്പു പോരാതെവരുന്നു. ഒരു ചിത്രത്തെ ഭാവനകൊണ്ടു കാണുമ്പോഴേക്കു വേറൊന്നു വിഭാവനംചെയ്യേണ്ടി വന്നുപോയി. ഒരു സാധാരണ വായനക്കാരന്റെ ബുദ്ധിമുട്ടു നമ്മുടെ കവി ആദരിച്ചു കാണുന്നില്ലെന്നാണ് എനിക്കു് അദ്ദേഹത്തിന്റെ മേലുള്ള ആവലാതി.' ഈ പറഞ്ഞതു് ഏററവും ശരിയാണെന്നു ഞാനും ഒപ്പുകൊള്ളുന്നു. ഒരു സദ്യയ്ക്കു് ഇഞ്ചിക്കറി നാരങ്ങാക്കറിവരെയുള്ള ഉപദംശങ്ങൾ ആവശ്യമാണല്ലോ. പാലടപ്രഥമൻതന്നെ മുക്കുമുട്ടെ കുടിക്കാൻ സാധിക്കയില്ല. മി. നായരുടെ കവിതയ്ക്കു് ഈ ഒരു ദോഷമേയുള്ളു. 'ഏകോഹി ദോഷോ ഗുണസന്നിപാതേ നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ' എന്ന പ്രമാണം പറയാനുണ്ടു്, ശരിതന്നെ. എങ്കിലും മി. നായർ ഇതിലൊരു കുറച്ചു വിളമ്പിയാൽ മതിയെന്നു ഞാൻ പറയും. എന്തുകൊണ്ടെന്നാൽ പച്ചമുളകും നാരകത്തിലയും അല്പം ഉപ്പുംകൊണ്ടു സ്വാദുപിടിപ്പിച്ച നീണ്ട സംഭാരമാണു ഭടജനങ്ങളുടെ സദ്യയ്ക്കു കൂടുതൽ കരുതിയിരിക്കേണ്ടതു്.

'കാനനകേളിക്കുപ്പുമിപ്പൊൻതളിർക്കാൽത്തളിരലടിയറ വെക്കുവാൻ-ഇത്തുളസീദളമന്യേ മററാന്നുമില്ലപൂന്താനവിപ്രന്റെ പൂന്തോട്ടത്തിൽ. കാമാർത്ഥമഹലംകൊണ്ടു വെക്കമീ-കാലടികളിൽ നേദിച്ചുകൊള്ളുവാൻ-ഇക്കദളിക്കുലയെന്യേ മററാന്നു-മില്ലപൂന്താനവിപ്രന്റെപൂന്തോട്ടത്തിൽ' എന്നും നേരെമറിച്ചു 'മുല്ലപൊൻപനിനീരുചെമ്പകം നല്ലചെമന്തിചെമ്പകമെന്നിവ-കൊണ്ടുവല്ലഭനിൻപൂജയ്ക്കു വേണ്ടോളം-ഉണ്ടുമേല്പത്തൂരില്ലത്തെത്തോട്ടത്തിൽ. കണ്ണുതട്ടും കരിമ്പുമരച്ചന്തങ്ങളും-വണ്ണനാനൊട്ടുനേന്ത്രയുംപൂവനും-വെണ്ണകുക്കുന്ന കുഞ്ഞിനു

(ശേഷം ൧൧-ാംപേജിൽ)



ഫ്രാൻസ് ജർമ്മനിയോടു യുദ്ധം പ്രഖ്യാപിച്ചവേളയിൽ ഫ്രഞ്ച് മന്ത്രിസഭയിലെ ഒരംഗമായിരുന്ന എം. ബോണെ.

# സ്ഥിതിസമത്വവും ഭാരതസംസ്കാരവും

(വടയാററുകോട്ട, കെ. പരമേശ്വരൻപിള്ള)

നിരങ്കുശയായ 'നാസിസ്'പ്പിശാചിയുടെ നഗ്നമായ അഴിഞ്ഞാട്ടത്തിൻെറ കനത്ത കാലുവയ്പിൽ റഷ്യ അന്നു ധൂളീകൃതമായിപ്പോയെന്നുതന്നെ ലോകം സംശയിച്ചു. ആ ദയനീയ ഘട്ടത്തിൽ റഷ്യയുടെപേരിൽ നമുക്കുണ്ടായ അനുകമ്പ അനിർവചനീയമായിരുന്നു. യുദ്ധത്തിൻെറ തുടക്കത്തിൽ തന്നെ, ഈ ലോകമഹാവിപത്തിനു ഹേതുഭൂതന്മാരെന്നനിലയിൽ നാസികളിൽ നമുക്കുണ്ടായിരുന്ന വിദ്വേഷത്തെ ആ അനുകമ്പ ശതഗുണിതമാക്കിച്ചെയ്തു. തന്നിമിത്തം ജർമ്മനിയുടെ തലസ്ഥാനനഗരിയിൽ റഷ്യൻ പതാക, പകവീട്ടൽ സാധിച്ച കൃതാർത്ഥതയോടുകൂടി ഉയർന്നു നിവർന്നുനിന്നു സ്വാതന്ത്ര്യാസനിശ്വാസവായു വീശിത്തുടങ്ങിയ ഭടന്മാരുടെ മനസ്സും വപുസ്സും കുളുപ്പിച്ചവേളയിൽ നമുക്കുണ്ടായ ആഹ്ലാദോദ്വേഗം ദുർവ്വഹമാണെങ്കിൽ എന്താണു് അത്ഭുതം!

ഭാരതാംബ ആഹ്ലാദതരളിതയായി എന്ന പരമാർത്ഥത്തെ ലോകം തികച്ചും അറിയുന്നുണ്ടെങ്കിലും, ലേശം പോലും അറിഞ്ഞിട്ടില്ലാത്ത മറെറാരു പരമാർത്ഥം ലോകദൃഷ്ടിയിൽ മറഞ്ഞു കിടക്കുന്നു. റഷ്യയുടെ വിജയക്കൊടി ജർമ്മനിയിൽ പറന്നതുകണ്ടിട്ടോ നാസിസത്തിൻെറ ചുടലപ്പുകനശിച്ചുംബനംചെയ്തതു വീക്ഷിച്ചിട്ടോ അല്ല, നിയതിയുടെ അചഞ്ചലമായ നീതിനിഷ്ഠയെ അവലോകനംചെയ്തതിലാണു ധർമ്മമൂർത്തിനിയായ ഭാരതജനനി ആഹ്ലാദഭരിതയായതെന്നു് അധികമാരും അറിയുന്നില്ല. അതിലവരെ കുററപ്പെടുത്താനുമില്ല. ഭാരതാംബയുടെ സന്താനങ്ങളിൽത്തന്നെ ചിലർ ഈ വസ്തുത ഗ്രഹിച്ചിട്ടില്ലാത്തവരായിട്ടുണ്ടല്ലോ.

ബോൾഷേവിസമെന്നോ കമ്യൂണിസമെന്നോ സോഷ്യലിസമെന്നോ മററും പറയുന്ന 'ഇസ'ങ്ങളിൽ റഷ്യയുടെ ഭരണക്രമം അടിയുറച്ചതുകൊണ്ടാണു് ജർമ്മനിയെ തോല്പിക്കാൻ സാധിച്ചതെന്ന അഭിപ്രായകോടിയിൽ വിഹരിക്കുന്നവരാണവർ. അതിൻെറ സാംഗത്യം ഏതു രൂപത്തിലോ ആയിക്കൊള്ളട്ടെ! ആ 'ഇസ'ങ്ങളെ ഇന്ത്യയുടെ വിശ്വാസപ്രമാണങ്ങളാക്കണമെന്നും അതുകൊണ്ടല്ലാതെ ഇന്ത്യയ്ക്കു അടിമത്തത്തിൽനിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ലെന്നും അവർ വിശ്വസിക്കുന്നതിലും നാം അപത്ഥ്യ ചിന്തിക്കണമെന്നില്ല. മററുള്ളവരെ അപ്രകാരം വിശ്വസിപ്പിക്കാൻ അടുക്കുന്ന അവരുടെ പ്രചാരണോൽസുകതയെയും നമുക്കു ക്ഷമിക്കാം. പക്ഷേ, അതിനു വഴിപ്പെടാത്തവരെ വഴിപ്പെടുത്താതടങ്ങുകയില്ലെന്നനിലയിൽ വീറോടുകൂടി കുതിച്ചുനിൽക്കുന്ന മനോഭാവത്തെ കുറക്കിടാതിരിക്കുന്നതെങ്ങനെ?

റഷ്യയുടെ 'ഇസ'ങ്ങൾ ഇവർ വിശ്വസിക്കുന്നതുപോലെ ആദരണീയങ്ങളാണെന്നു സമ്മതിക്കുന്നു. നേരെമറിച്ചായിരുന്നെങ്കിൽ ഒരു വമ്പിച്ച ജനവിഭാഗം അവയെ സ്വജീവിതാദർശമായും സ്വന്തം രാഷ്ട്രീയപ്രമാണമായും അംഗീകരിക്കാനിടയില്ല. പക്ഷേ, ആദർശമെന്നു കേൾക്കുമ്പോൾ സ്വന്തം ചിന്താശക്തിയെ അതിനു ബലികഴിക്കുന്നതു ആത്മഹത്യ പരമായ ഒരു സാഹസമാകുന്നു. റഷ്യയിലെ 'ഇസ'ങ്ങളെയും അവയുടെ ജനയിതാക്കളെയും ജനിപ്പിച്ചതു് ഏതൊരു സംസ്കാരമോ ആ സംസ്കാരം അവയെ പുലർത്തിക്കൊണ്ടിരിക്കുന്നു. സംസ്കാരം 'ഇസ'ങ്ങളെ ജനിപ്പിക്കുകയല്ലചെയ്തതെന്നും സമുദായോദ്ഗതിക്കു പ്രതിബന്ധമായിനിന്ന സംസ്കാരത്തെ 'ഇസ'ങ്ങൾ തട്ടിത്തകർക്കുകയാണുണ്ടായതെന്നും ഒരുപക്ഷേ, ഇവർ വാദിച്ചേക്കുന്നവരാം. ആ വാദം ശരിയാണെങ്കിൽ, സംസ്കാരശൂന്യമായ ഒരാദർശം ഇന്നല്ലെങ്കിൽ നാളെ നിലംപതിക്കത്തക്ക അടിയുലച്ചിലോടുകൂടി ധാർമ്മികമായ പിന്തുണയില്ലാതെ, സായുധബലംകൊണ്ടുമാത്രം നിലനിന്നുപോരികയാണെന്നു അവർ ധരിക്കട്ടെ! 'ഇസ'ങ്ങളെ അനുകൂലിക്കുന്നവരായി കൈയൊപ്പിട്ട അംഗങ്ങൾ എൺപതുലക്ഷത്തിലധികമില്ലെന്നു സോവിയററുഭക്തനായ ഒരു സ്നേഹിതൻ ഈയിടെ എന്നോടു പറഞ്ഞു. പതിനെട്ടുകോടിയെ ഭരിക്കുന്ന ആ രാഷ്ട്രീയപ്രമാണത്തെ അനുകൂലിക്കുന്നവർ ഒരുകോടിപോലുമില്ലെന്നുള്ളതു പരമാർത്ഥമാണെങ്കിൽ, ഇന്നു റഷ്യയിൽ ഒരു ചെറിയ ന്യൂനപക്ഷം ഒരു വലിയ ഭൂരിപക്ഷത്തെ ഭരിക്കുന്നു എന്നാണല്ലോ അർത്ഥമാക്കേണ്ടതു്. സായുധശക്തികൊണ്ടല്ലെങ്കിൽ ഇതെങ്ങനെ സാധിച്ചുപോരുന്നുഎന്നു ചിന്തിക്കുമ്പോഴാണു് സ്ഥിതിസമത്വത്തിൻെറ പൊള്ള വെളിപ്പെടുന്നതു്.

സ്ഥിതിസമത്വമാണു് ആധുനിക റഷ്യയുടെ ആദർശമെന്നു സോവിയററുഭക്തന്മാർ പറയുന്നു. ഏതർത്ഥത്തിലാണു് ഈ സമത്വശബ്ദത്തെ അംഗീകരിച്ചിരിക്കുന്നതെന്നു നമ്മെപ്പോലെതന്നെ അവർക്കും ഒരു രൂപവുമില്ല. ധനപരമായ സമത്വമാണു വിവക്ഷിതമെങ്കിൽ, യഥാർത്ഥമായ സ്ഥിതിസമത്വം അതുകൊണ്ടു സാധിക്കുന്നില്ല. യഥാർത്ഥമായ സ്ഥിതിസമത്വം ആർഷഭാരതത്തിൽനിന്നല്ലാതെ ലോകത്തിനു പഠിക്കാൻ സാധിക്കുന്നതല്ല. ലോകൈകമാന്യനായിരുന്ന ലോകമാന്യൻെറ അഭിപ്രായത്തെ ആദരിക്കുന്നപക്ഷം പന്തീരായിരംകൊല്ലങ്ങൾക്കുമുമ്പു തുടങ്ങി പത്തുണ്ടു നൂററാണ്ടുകൾക്കുമുമ്പു വിദേശ്യരുടെ ആക്രമണം ഭാരതത്തിൻെറ ഓജസ്സിനെ നശിപ്പിച്ചതുവരെ സാമാന്യമായും അതിനുമുമ്പു സ്മൃതികാലത്തോളം സാകല്യേനയും യഥാർത്ഥമായ സ്ഥിതിസമത്വം ഭാസുരമായും അന്യൂനമായും ഭാരതത്തിൽ നിലനിന്നുപോന്നുവെന്നു ചരിത്രപണ്ഡിതന്മാരായ വിദേശികൾപോലും തലകുലുക്കി സമ്മതിക്കുന്നതാണു്. വിപ്ലവബുദ്ധികൾക്കു് ഈ സമർത്ഥനം ഇഷ്ടപ്പെടാനിടയില്ല. ഉപരിപ്ലവബുദ്ധികൾ, അടിത്തട്ടൽ താണുകടക്കുന്ന ചരിത്രപരമാർത്ഥങ്ങളെ ഉദ്ധരിച്ചുനോക്കാൻ കഴിവുള്ളവരുമല്ലല്ലോ. ആർഷഭാരതം അംഗീകരിച്ചിരുന്ന സ്ഥിതിസമത്വാദർശം മനുഷ്യർതമ്മിൽ സ്ഥിതിസമത്വം സാധിച്ചതുകൊണ്ടായല്ലെന്നു് അഭിമാനിക്കുന്നു. സർവ്വഭൂതങ്ങളെയും ലോകത്തുണ്ടായിട്ടുള്ളതിനെ എല്ലാം തന്നെ—സമഭാവേന വീക്ഷിക്കണമെന്നാണു ശാസിക്കുന്നതു്. അങ്ങനെ ചെയ്യുന്നവൻ പണ്ഡിതനെന്നും തദിതരൻ പാമരനും—മൂഢനും—എന്നു പഠിപ്പിക്കുകയല്ലാതെ തോക്കുനീട്ടിയും കുന്തം കാട്ടിയും സംസ്കാരസമ്പന്നയായ ഭാരതമാതാവു് സ്ഥിതിസമത്വത്തെ സ്വീകരിപ്പിക്കുന്നില്ല. ആകയാൽ യാതൊരു ഭൗതികശക്തിയുടെയും പ്രേരണ കൂടാതെ, സ്വാന്തഃകരണപ്രേരണയാൽമാത്രം സ്ഥിതിസമത്വതത്വത്തെ ഭാരതീയർ അംഗീകരിച്ചിരുന്നുവെന്നു തെളിയുന്നു. ഇന്നും നിലവിലിരിക്കുന്ന പല ആചാരങ്ങളും ഈ വസ്തുതയ്ക്കു അലംഘനീയങ്ങളായ തെളിവുകളാണു്. ഇന്നു ഒച്ചപ്പെട്ടവരായിരിക്കുന്ന സ്ഥിതിസമത്വവാദികൾ നിർദ്ദയം കൊന്നുതിന്നുന്ന മൃഗങ്ങളെയും പക്ഷികളെയും, വെട്ടിനശിപ്പിക്കുന്ന വൃക്ഷങ്ങളെയും എന്നുവേണ്ട ക്രൂരസർപ്പങ്ങളെപ്പോലും ഭാരതീയർ ഇക്കാലത്തുതന്നെയും പൂവിട്ടു പൂജിച്ചുപോരുന്ന അവരുടെ ഈ മനഃസ്ഥിതി, പണ്ടത്തെ "ആത്മവൽ സർവ്വഭൂതാനി"ത്വവാസന യഥാർത്ഥമായ സ്ഥിതിസമത്വവാസന കേവലം വിട്ടുമാറിയിട്ടില്ലെന്നും വിട്ടുമാറുന്ന ഒന്നല്ലെന്നും നിഷ്പക്ഷബുദ്ധികൾക്കു തെളിവു നൽകുന്നു. വസ്തുസ്ഥിതി ഈവിധമിരിക്കെ, വിദേശ്യരുടെ ഭൗതികജടിലമായ സ്ഥിതിസമത്വത്തെ ഭാരതത്തിൻെറ തലയിൽ പിടിച്ചുവയ്ക്കാൻ തുടിച്ചു നിൽക്കുന്നവർ പരാജയപങ്കപ്പാടിൻെറ അപമാനത്തെ അറിയുന്നില്ലല്ലോ എന്നു ഖേദിക്കയല്ലാതെ എന്തു പറയട്ടെ!

ഭാരതസംസ്കാരം ദുഷിച്ചുപോയെന്നോ, നശിച്ചുപോയെന്നോ, പഴഞ്ചനായിപ്പോയെന്നോ പലവിധത്തിൽ ഖേദിക്കുകയും തിരുത്തിക്കളയാമെന്നും നവീകരിച്ചുകളയാമെന്നും മററും വ്യാമോഹിക്കുകയുംചെയ്യുന്ന ഈ സാമൂഹ്യപരിഷ്കർത്താക്കൾ ഭാരതസംസ്കാരത്തെ ഏതു രൂപത്തിൽ വീക്ഷിക്കുമെന്നു അവർക്കുതന്നെയും ഒരു രൂപവുമില്ല. അക്കൂട്ടർ തിരുത്തിച്ചെയ്യാൻ പുറപ്പെടുംമുമ്പു ഭാരതസംസ്കാരത്തെ വേണ്ടവണ്ണം പഠിച്ചറിയാൻ ശ്രമിക്കട്ടെ! അതിനുശേഷം ആദ്ധ്യാത്മബന്ധത്തിൽ നിന്നും അതിനെ അടർത്തി എടുക്കാൻ സാധിക്കുമെങ്കിൽ യഥേഷ്ടം തിരുത്തിക്കൊള്ളട്ടെ! അടർത്തിഎടുക്കാൻ സാധിക്കാത്തവിധത്തിൽ, അവ— അദ്ധ്യാത്മവും ഭാരതസംസ്കാരവും—നിത്യ സമ്പൃക്തങ്ങളെന്നു ബോദ്ധ്യപ്പെട്ടാൽ കുമ്പിട്ടു പിന്മാറി തങ്ങളുടെ സദ്ബുദ്ധിയെ തെളിയിക്കട്ടെ! സ്മൃതികളെക്കൊണ്ടും വിദേശികളുടെ ഇടപെടൽ നിമിത്തവും നമ്മുടെ സംസ്കാരത്തിനു സംഭവിച്ചിരിക്കുന്ന സാരമായ കേടുപാടുകളെ അകററി, ആർഷഭാരതത്തിൻെറ സ്ഥിതിസമത്വത്തെ പുനഃസ്ഥാപിക്കുകയെന്ന സ്വജന്മകാര്യത്തെ നിശ്ശബ്ദമായി നിർവ്വഹിച്ചുകൊണ്ടു്, ഇന്നത്തെ സർവ്വലോകശ്രദ്ധയ്ക്കു വിഷയീഭൂതനായി ഏതൊരു ലോകൈകവന്ദ്യൻ വിളങ്ങുന്നുവോ, ലോകാനുഗ്രഹനിരതനായ ആ മഹാപുരുഷൻെറ കാലടിപ്പാടുകളെ സാദരമായും സശ്രദ്ധമായും അനുഗമനംചെയ്തു തദനുയായിത്വപുണ്യം സമ്പാദിക്കുവാൻ ധൈര്യപ്പെടട്ടെ! ഇതിനൊന്നും തയ്യാറില്ലാത്തപക്ഷം, ഭൗതികജടിലമായ സ്ഥിതിസമത്വച്ചുമടെടുക്കാൻ വിസമ്മതിക്കുന്നവരെ ശല്യപ്പെടുത്താതിരിക്കുന്നതിനുള്ള സന്മനസ്സെങ്കിലുമുണ്ടാകട്ടെ!

—o—

## കുസുമോത്സവം

—•—

അനാഥയായ കുസുമകുമാരി ചാരിത്ര്യസൂക്ഷ്മനിമിത്തം അനുഭവിക്കുന്ന നഗ്നമായ കഷ്ടതകളും, ധനവാനെങ്കിലും കുടിലബുദ്ധിയായ ഭഗീരഥിചരൻെറ കൗടില്യങ്ങളും അനുകരണയോഗ്യനായ വിനയചന്ദ്രൻെറ സ്ഥിരപ്രണയവുംമററും എത്ര തന്മയത്വത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു.

വില രൂ. 2 ണ. 4.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.


# അസാദ്ധ്യമല്ല

യാതൊരു നിഘണ്ടുവിലും "അസാദ്ധ്യം" എന്ന വാക്കിനു സ്ഥാനം കൊടുക്കരുതെന്നു് ലോകം മുഴുവൻ കിടുകിട വിറപ്പിച്ച ഫ്രഞ്ചു ചക്രവർത്തി നെപ്പോളിയൻ പറഞ്ഞതു് എത്രയും പരമാർത്ഥമാണു്.

"അസാദ്ധ്യം" എന്ന മുദ്രയടിച്ചു് തള്ളപ്പെട്ട, കൈയൊഴിച്ച അനേകം ക്ഷയരോഗികൾ ഞങ്ങളുടെ "കരിംകുരങ്ങുലേഹം" സേവിച്ചു് രോഗശാന്തി വരുത്തി ജീവിതസുഖം അനുഭവിക്കുന്നു.



ശരീരപുഷ്ടിക്കും, കാസം, വാതം മുതലായ രോഗങ്ങൾക്കും, പ്രസവരക്ഷയ്ക്കും അത്യുത്തമമായ ഈ ദിവ്യൌഷധം നിങ്ങളും ഉടനടി സേവിച്ചു് ആരോഗ്യം നിലനിർത്തുക!

റാത്തൽ 1-ക്കു് 5 ക. (പാക്കിങ്ങ് & പോസ്റ്റേജ് വരെ)

പ്രൊപ്രൈറ്റർ,
K. P. K. കുറുപ്പ്
വൈദ്യാചാര്യ.

## ഭാരതവൈദ്യശാല (Regd.)

ചാലക്കുടി

കൊച്ചിൻസ്റ്റേററ്.

# ഹെർമാൻ വോഹൽ

## ഒരുകാലത്തു് ഹിററ്ലറെയും മുസോളിനിയെയും രക്ഷിച്ച ഭടൻ

(എം. പി. വരിക്കോലിൽ)

അൽസേഷ്യാക്കാരനായ ആ മനുഷ്യൻ ഒരു സാധാരണ പട്ടാളക്കാരൻ മാത്രമാണെങ്കിലും, സ്വയം അഭിമാനസമേതം വിവരിക്കുന്ന ഒരത്ഭുതകൃത്യം അയാളുടെ ജീവചരിത്രത്തിലുണ്ടു്. കഴിഞ്ഞ ലോകമഹായുദ്ധത്തിൻെറ ഭീകരതകളിൽനിന്നും ജർമ്മനിക്കും ഇററലിക്കും അപ്രതിഷേധ്യരായ രണ്ടു നേതാക്കന്മാരെ രക്ഷിച്ചുകൊടുത്തുവെന്ന ജർമ്മനിയുടെ 'അയൺക്രാസ്സ്'നും ഇററലിയുടെ 'ഫസിസ്റ്റ് മെഡൽ ഫാർമെറിററ്'നും വോഹലിനെ അവകാശിയാക്കിയ ആ സംഭവം കഴിഞ്ഞ മഹായുദ്ധത്തിൻെറ പ്രതാപപ്പെരുമയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും ഇന്നു അക്കാര്യം സർവ്വലോകപ്രസിദ്ധമാണു്.

ഒരു ഒററിക്കൊട്ടക്കലുകാരനായിട്ടാണു അയാൾ കഴിഞ്ഞ മഹായുദ്ധത്തിൽ ആദ്യമുൾപ്പെട്ടതു്. അൽസേഷ്യാക്കാരെ ഫ്രാൻസിനെതിരായി യുദ്ധം ചെയ്യുന്നതിനു പ്രേരിപ്പിക്കുവാനുള്ള പണികളിൽ 1914-ൽ അയാൾ ജർമ്മനിക്കുവേണ്ടി വേലചെയ്തു. യുദ്ധം മുറുകിക്കൂടിയപ്പോൾ അയാൾ പരസ്യമായി ജർമ്മൻ പട്ടാളത്തിൽ ഒരു സാധാരണഭടനായിച്ചേർന്നു.

അഡോൾഫ് ഹിററ്ലർ ഒരു നാൺ കമ്മീഷൻഡ് ആഫീസറായി ജോലിചെയ്തിരുന്ന കമ്പനിയിലായിരുന്നു വോഹലിൻെറയും ഉദ്യോഗം.

1916-ൽ യുദ്ധത്തിൻെറ ഏററവും പ്രസന്നമായ ഒരു സന്ദർഭമായിരുന്നു. ഇന്നത്തെപ്പോലെ യൂറോപ്പിൽ ഭൂരിഭാഗവും ജർമ്മനിക്കെതിരായി അന്നു പടക്കളത്തിൽ അണിനിരന്നു മരണമടഞ്ഞവരെ സംസ്കരിക്കുവാനും, മുറിവേററവരെ ശുശ്രൂഷാലയങ്ങളിലേക്കു മാററുവാനും ഉള്ളജോലിയായിരുന്നു വോഹലിൻേറതു്.

1916 ഏപ്രിൽ 16-ാംനു- പ്രഭാതത്തിൽ അയാൾ പതിവുപോലെ പടക്കളത്തിലെത്തി. പ്രേതങ്ങളെമാററുന്നതിനുമുൻപു് മുറിവേററവരെ സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ അയാൾ ഏർപ്പെട്ടു

ഇരുകക്ഷികളിലും ഇതേപണിതന്നെ നടക്കുകയായിരുന്നു. വോഹൽ സ്വകൃത്യത്തിൽ ബദ്ധശ്രദ്ധനായി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. പക്ഷെ പെട്ടെന്നു അയാളുടെ ശ്രദ്ധ അല്പം അകലെ നടക്കുന്ന മറെറാരു സംഭവത്തിലെത്തി. അയാൾ ചെവിയോർത്തു. അയാൾ സൂക്ഷിച്ചുനോക്കി ആയുധങ്ങളൊന്നും ഇല്ലാതെ രക്തംവുമൊലിപ്പിച്ചു പിറകോട്ടുമാറുന്ന ഒരു ജർമ്മൻ ആഫീസറും അയാളുടെ മാർവ്വിടത്തിനുനേരെ കൈത്തോക്കിലെ നിറയൊഴിക്കാൻ ഉന്നം വയ്ക്കുന്ന ഒരു റഷ്യൻഭടനും അയാളുടെ ദൃഷ്ടിയിൽ പെട്ടു. വോഹൽ നിമിഷത്തിനിടയിൽ അവിടെ എത്തി റഷ്യൻഭടൻെറ കൈത്തോക്കിലെ നിറയൊഴിയുന്നതിനുമുൻപു് വോഹലിൻെറ റൈഫിൾ വമിച്ച ഉണ്ട റഷ്യൻഭടനെ നിലത്തു പതിപ്പിച്ചു. വോഹൽ ആ ജർമ്മൻ ആഫീസറുടെ മുറിവുകൾ വച്ചുകെട്ടി. അയാളെ കമ്പനിയുടെ പാളയംവരെയും വോഹൽ കൊണ്ടുചെന്നാക്കി.

ധീരമായ ഈ സേവനം മിലട്ടറി അധികൃതർ ഹെഡ്ക്വാട്ടേഴ്സിലേക്കു റിപ്പോർട്ടുചെയ്തു. പക്ഷെ യുദ്ധാവസാനംവരെയും അതു തീരുമാനിക്കപ്പെട്ടില്ല.

അന്നു വോഹൽ ജീവരക്ഷചെയ്ത ജർമ്മൻ ആഫീസർ ആയിരുന്നു 1933-ൽജർമ്മനിയുടെ ഫ്യൂറർ ആയ ഹിററ്ലർ. 1938-ൽ ലോകജേതാവായിത്തീരാനുള്ള വിജയയാത്രയുടെ പ്രാരംഭംകുറിക്കുമ്പോഴാണു് വോഹൽ ഇക്കാര്യം പ്രസിദ്ധീകരിച്ചതു്. ഹിററ്ലർ കൃതജ്ഞതാപൂർവ്വം ജർമ്മൻ മിലിട്ടറി ഡെക്കറേഷനിൽ ഏററവും പ്രശസ്തമായ 'അയൺക്രാസ്' വോഹലിനായി പ്രഖ്യാപനംചെയ്തു പക്ഷെ അന്നു ഒരു ഫ്രഞ്ചു പൗരനായിത്തീരുകയും ഫ്രഞ്ചു ആർമി റിസർവിൽ പേരുകൊടുക്കയും ചെയ്തിരുന്ന ഹോവലിനു ജർമ്മൻ സൈനികബഹുമതി സ്വീകരിക്കാൻ ഫ്രഞ്ചു് അധികൃതർ അനുവാദം കൊടുത്തില്ല

1917-ൽ വോഹൽതന്നെ മുസ്സോളിനിയെ രക്ഷിച്ച മറെറാരു കഥയും തികഞ്ഞ പരമാർത്ഥമായി ഇന്നും അവശേഷിക്കുന്നു ഇററാലിയൻ സമരരംഗത്തെ പ്രതിരോധശ്രമങ്ങൾക്കിടയിലായിരുന്നു ആ സംഭവം. ആസ്ത്രിയൻ സൈന്യങ്ങളെ ശക്തിപ്പെടുത്താൻ നിയോഗിക്കപ്പെട്ട ജർമ്മൻ യൂണിററുകളിലൊന്നിലായിരുന്നു അക്കാലത്തു വോഹൽ. അഡായിൻ (Udine) എന്നിടത്തെ യുദ്ധക്കളമായിരുന്നു വോഹലിൻെറ പണിസ്ഥലം. 1917 ജൂലൈമാസത്തിൽ ഒരു ദിവസം മുറിവേററവരെ പടക്കളത്തിൽനിന്നും മാററുന്ന ഒരു 'സ്റ്റ്രെച്ചർ പാർട്ടി'യിൽ വോഹൽക്കൂടിയുണ്ടായിരുന്നു. ആസ്ത്രിയനും ജർമ്മനും പട്ടാളക്കാരെ പെറുക്കിയെടുക്കുന്ന പണിയിൽ ഉൾപ്പെട്ടിരുന്ന വോഹൽ, അപകടകരമാംവിധം മുറിവേററു് രക്തം പ്രവഹിച്ചുകൊണ്ടു കിടക്കുന്ന ഒരു ഇററാലിയൻ ഭടൻെറ മുറിവുകൾ ജീവകാരുണ്യപരമായ ആന്തരപ്രേരണയാൽമാത്രം വച്ചുകെട്ടി. തുടന്നു സൈനികനിയമങ്ങളെ അനുസരിച്ചായാലും അല്ലെങ്കിലും അയാൾ ഈ മുറിവേററ ഭടനെ ഇററാലിയൻസൈനികകേന്ദ്രത്തിലെത്തത്തക്കവണ്ണം നടത്തിക്കൊണ്ടുപോയി. വഴിയിൽ കണ്ടെത്തിയ ഇററാലിയൻ ഭടസംഘത്തിൽ ഏല്പിച്ചിട്ടാണു വോഹൽ, തൻെറ പാളയത്തിലെത്തിയതു്.

അതു മുസ്സോളിനിയാണെന്നു വോഹലിനു് അറിയാനിടയായതു് ഡ്യൂസ് എഴുതിയ സ്വന്തം ജീവചരിത്രംമൂലമായിരുന്നു. വോഹൽ ആ പഴയ സംഭവം റോമിലെ ഒരു വർത്തമാനപ്പത്രത്തിലെഴുതി. അതു മുസ്സോളിനിയുടെ ശ്രദ്ധയെ ആകർഷിച്ചു അദ്ദേഹം വോഹലിനെ ഇററലിയിലേക്കു ക്ഷണിക്കുകയും കൂടിക്കാഴ്ചയും പ്രശസ്തമായ 'ഫസിസ്ററുമെഡൽ ഫാർമെറിററ്' സ്വീകരണത്തിനും അപേക്ഷിക്കുകയും ചെയ്തു

എന്നാൽ ജർമ്മനിയുടെതെന്ന പോലെ ഇററലിയുടേയും സ്വീകരിക്കാൻ വോഹലിൻെറ അധികാരികൾ അനുവദിച്ചില്ല.

എങ്കിലും ജർമ്മനിയുടേയും ഇററലിയുടേയും സൈനികബഹുമതിദാനരജിസ്റ്ററിൽഹെർമാൻഹോവലിൻെറ പേരു ഉൾപ്പെട്ടിട്ടുണ്ടു്. ഓരോന്നിലും "നേതാവിനെ രക്ഷിച്ച ധീരതയ്ക്കു", എന്ന കാരണവും കാണിച്ചിട്ടുണ്ടാവും.

—ഠ—


ശ്രീ മേക്കൊല്ല്യ അവർകളുടെ

കനകപ്രഭ (2-ാം പതിപ്പ്)

(ഒന്നാമത്തെ ജീവൽസാഹിത്യനാടകം)

തൊഴിലാളി മുതലാളിപ്രശ്നപരമായ ഒന്നാമത്തെ ജീവൽസാഹിത്യനാടകം. സുന്ദരമായ കഥാഘടന. നിഷ്പക്ഷമായ പരിചിന്തനം. കോമളമായ പ്രതിപാദനം. ജീവൽപ്രശ്നങ്ങളെ സജീവമായി യാഥാർത്ഥ്യങ്ങളെ മറയ്ക്കാതെ ബോധ്യമാകണമെങ്കിൽ കനകപ്രഭതന്നെ വായിക്കണം. അഭിനയത്തിനു അതിമനോഹരം. വില രൂ. 1. ണ. 4.

ശ്രീവിലാസം ബുക്കുഡിപ്പോ—ആലപ്പുഴ.

ശരീര സൌഖ്യ സൂചനകം 3

ഉപേക്ഷയുടെ ഭവിഷ്യത്തുകൾ



സാധാരണ ചുമയെപ്പററി നിസ്സാരമായി വിചാരിക്കുന്നതു് പൊതുവേയുള്ള ഒരു സ്വഭാവമാണ്. എന്നാൽ ഉപേക്ഷ പലപ്പോഴും പല കഷ്ടതകൾക്കും കാരണമാകുന്നു. തക്ക സമയത്തു് ഉന്മൂലനാശം ചെയ്തില്ലെങ്കിൽ സാധാരണ ചുമ ഭയങ്കര വ്യാധികളെ ഉണ്ടാക്കുന്നു.

സാധാരണ ചുമയെ തീരെ നശിപ്പിക്കുവാൻ വൈദ്യന്മാർ വിധിക്കുന്ന ഒരു ഉത്തമ ഔഷധമാണ് ഗ്ലൈക്കോടിൻ ടെർപ്പ് വസാക. പകച്ചയുടെയും, പഴപ്പിൻെറയും വേരുകളെ തന്നെ എതിർത്ത് ചുമയെ പരിപൂർണ്ണമായി നശിപ്പിക്കുവാൻ ഗ്ലൈക്കോടിൻ ടെർപ്പ് വസാക സഹായിക്കുന്നു.

അന്തർലീനമായ വലിയ കഴപ്പങ്ങൾ മൂലം ഉണ്ടാകുന്ന എല്ലാവിധ ചുമകൾക്കും നിങ്ങൾ ഡാക്ടരുടെ ഉപദേശത്തെ വാങ്ങുവിൻ.

ഗ്ലൈക്കോടിൻ ടെർപ്പ് വസാക ചുമയെ ശാന്തമാക്കുകയും നിർമ്മൂലനാശം വരുത്തുകയും ചെയ്യുന്നു.




ഗ്ലൈക്കോഡിൻ ടെർപ്പ്-വസാകാ

ചുമയെ ഭേദപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുന്നു

അലമ്പിക്ക് കെമിക്കൽ വർക്സ് കമ്പനി ലിമിറ്റെഡ് ബറോഡാ

മദ്രാസ്പ്രസിഡൻസിയിലെ പ്രധാന വിതരണക്കാർ:—

അലംബിക്ക് ഡിസ്റ്റ്രിബ്യൂട്ടിങ്ങ് ഏജൻസി (മദ്രാസ്)

154 നൈനിയപ്പനായ്ക്കു് തെരുവ്, പാർക്ക്ടൌൺ, മദ്രാസ്.

## ഗ്രന്ഥനിരൂപണം

(എട്ടാംപേജിൽനിന്നും തുടർച്ച)

നേടിക്കൊണ്ടുമല്ലാതെയില്ലാത്ത തോട്ടത്തിൽ' എന്നും 'പൂത്താനത്തിന്റെ പൂത്തട്ട്'' എന്ന കവിതയിൽ താന്റെ എളിമതന്നെയാണ് മററു കവികളുടെ കുബേരതാവുമായി രക്ഷിച്ചുന്നതെന്ന് അദ്ദേഹം സഖേദം ചിന്തിക്കുന്നുവെന്ന ഒരു പ്രതീതികൂടി മേല്പറഞ്ഞ വരികളിലുണ്ടല്ലോ. കവിയ്ക്കു ഒന്നുസമാധാനിക്കാം. അർപ്പണദ്രവ്യങ്ങളുടെ ഗുണഭേദങ്ങളും മാഹാത്മ്യവ്യത്യാസങ്ങളും വേർതിരിച്ചറിഞ്ഞു ബഹുജനങ്ങളുടെ ഉള്ളിൽ നിവസിക്കുന്ന കണ്ണന്നുണ്ണി ഫലം നൽകിക്കൊള്ളുമെന്ന്.

'കൈകൊട്ടിക്കളി'യിൽ പ്രകൃതിയിലുള്ള ഓരോ വസ്തുവിനെക്കൊണ്ടും കവി അതിനു് ഒരുക്കങ്ങൾ ചെയ്യുകൊടുത്തു സഹായിപ്പിക്കയും കളിയിൽ ഭാഗഭാക്കാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പൂനിലാവിനും പൂനിലാവും ലക്ഷണയുക്തയായ പൂവലാംഗിയും ആയ കാവ്യലക്ഷ്മിയെക്കൊണ്ടുകൂടി പാട്ടുപാടി വട്ടംചുററി കളിപ്പിക്കാൻ വിട്ടുപോയിട്ടില്ല.

'കൊയ്ത്തുകാലത്തിൽ കൃഷീവലന്മാരുടെ പീഠത്തെ തൊഴുകൈകൊട്ടിനാൽ അഭ്യർച്ചിതമാക്കിച്ചെയ്തിട്ട് പാനം, ഗാഥ, കുറത്തി ഈ രീതികളിൽകൂടി കവി പ്രത്യക്ഷമാക്കിയിട്ടുള്ള ഭാവനകളെ സഹൃദയഹൃദയാഹ്ലാദകരം അനുഭവിച്ചുതന്നെ അറിയണം. ''ചെട്ടിപ്പുടയിട്ടു പൊരിച്ചാലും വിത്തെത്തുണ്ണുക''യില്ലെന്നും ''പ്രാണനും പ്രാണനായ് പൂർവികർ നേടിയ മാനം പണയ''ത്തിലാക്കുകയില്ലെന്നും ശപഥം ചെയ്തിരിക്കുന്ന സ്വന്തം നാട്ടുകാരെ കവി പ്രതിനിധീകരിച്ച് ആ 'മാനം' ഇന്നയിന്നതരത്തിലുള്ള വയാണെന്ന് വിവരിക്കുന്നു. പിന്നെ വിത്തിന്റെ കാര്യമാണ്. 'മഞ്ഞുമലയും കുമാരിയും കാക്കമീമണ്ണിൽ' വിളഞ്ഞുവരുന്ന വിത്ത്. മംഗളത്താരാട്ടുപാടിയുറക്ക ഗംഗയലകൾ നനയ്ക്കുന്നവിത്ത്-'കാലംപതിരുകൊഴിച്ചു-പരീക്ഷതൻ കാററും വെയിലും' ഏററവിത്ത്', 'ഉച്ചുപിടിച്ച പടനിലമൊക്കയും പച്ചപിടപ്പിക്കാൻ പോന്നവിത്ത്, കർമ്മപ്രപഞ്ചത്തെത്തളിർപ്പിക്കാൻ ഭാരതകർഷകർ വാരിവിതച്ചവത്ത്, ഭാവിതലമുറയ്ക്കില്ലം നിറയ്ക്കേണ്ടും ഭാരതസംസ്കാരമെന്നവിത്ത്'' അങ്ങനെയുള്ള വിത്താണ് 'വിത്താസംപ്രാപ്തിക്ക പത്തനംവിട്ടൊരു പുത്രനെയാത്മ്മമാഴ്കുംപോലെ മാഴ്കിക്കൊണ്ടു അർക്കനും ചന്ദ്രനും സസാക്ഷിനില്ക്കേ വാരിവിതയ്ക്കുന്നതു്. കൊയ്ത്തുകാലംവരെ ആ വിത്തിന്റെ ഓരോ വളർച്ചയേയുംപററിയുള്ള കവിയുടെ ഭാവനകൾ അനിതരസാധാരണങ്ങളെന്നേ പറയുവാനുള്ളൂ.

നീണ്ടുപോയെങ്കിലും മററു പലതു കവിതകളേയും വിട്ടിട്ട് ''ആദ്യത്തെ പ്രഭാതം'' എന്ന അമൃതനിഷ്യന്ദിയായ ഒന്നിനെപ്പററി രണ്ടുവാക്കു പറയാതിരിക്കുന്നേം അതിലെ അല്പം വരികൾ ഉദ്ധരിക്കാതിരിക്കാനും നിവൃത്തിയില്ല. കോരിത്തരിയ്ക്കാതെ ആ കവിത വായിക്കാൻ കഴിവുള്ള ഒരു മലയാളി ഇക്കാലത്തു് അങ്ങനെയുള്ള ചില മൂഢശിരോമണികൾ ഉണ്ടെന്നറിഞ്ഞിട്ടുണ്ട്—അവൻ ഷേക്സ്പീയർ മറെറാരുകാര്യത്തിൽ പറയുന്നതുപോലെയുള്ള ഒരു ഘാതകൻതന്നെ ആയിരിക്കണം. അല്ലെങ്കിൽ അവൻ അനുകമ്പാർഹനായ ഒരു പരമമൂഢൻ, സംശയമില്ല. ആലത്തൂർ ഗ്രാമത്തിലെ അരയാൽമരത്തിൽനിന്ന്—''മണിക്കൊക്കല്പം നീട്ടി-അരമപ്പെത്തക്കനിയൊന്നാഘത്തമാവിൻചശ തീർത്താരുമപ്പഞ്ചവർണ്ണപ്പൈങ്കിളിപ്പിട പാടീ—:

''അന്നത്തെമലനാട്ടു മൂകമാമവിദ്യത-ന്ധകാരവും മൂടിപ്പുതച്ചുകിടക്കമ്പോൾ, മംഗളമുഹൂർത്തത്തിൽ, അന്തിമയാമത്തുങ്കൽ-തെങ്ങിനുമറച്ചുതാം മീററില്ലമിതിലുണ്ടായ് സഹസ്രശതവർഷ സഞ്ചിതതപോഭാരം-സന്തതയുഗഗ്രഹ ജീവിതപ്രഭാപൂരം ബന്ധുരംസമസ്തച്ചു ചിന്തിത 'ചിന്താമണി-മന്ദിരം' ഉപനിഷദ്ഗല്ലഭേദഷധീസാരം സുന്ദരസുധാകരകോടിഭാസ്കരാകര-മണ്ഡലാകാരം മഹാകവിതന്നവതാരം''

ഭക്തിജലപ്പെരുപ്പത്താൽ ധാരാവാഹിയായി ഒഴുകിക്കൊണ്ടിരിക്കുന്ന കവിയുടെ കൃതജ്ഞതാപ്രവാഹം ഇങ്ങനെ തുടരുകാണണമെങ്കിൽ ആ കവിതമുഴുവൻ വായിക്കതന്നെവേണം. കഷ്ടം, അക്ഷരലക്ഷം പോയിട്ട് അതിനു ഒരു അഞ്ചു ഉറുപ്പികപോലും കൊടുക്കാൻ നമ്മുടെയിടയിൽ ഇന്നു ആളുകളില്ലല്ലോ.

'മുല്ലയോട്'' എന്ന കവിതയിലെ 'മുല്ല' നമ്മുടെ കവിയുടെ കവിതയും അതിലെ ഞാൻ നമ്മെപ്പോലെയുള്ള വായനക്കാരിൽ ഓരോരുത്തനും ആണെന്നു സങ്കല്പിക്കുന്നപക്ഷം, നമ്മുടെ ആസ്വാദനം കൃതജ്ഞതോന്മുഖമായ പൊങ്ങുന്ന ആശ്ചര്യ സന്തോഷങ്ങളുടെ സത്യത്തെ രേഖപ്പെടുത്തുന്ന വരികളായി അതു മാറും. ഈ അപൂർവാനുഗൃഹീതനായ കവിക്കു സകലവിധ ഭാഗ്യശ്രേയസ്സുകളും ഉണ്ടാവട്ടെ. ഒതുക്കപാമാത്രം വിലയുള്ള ഈ ഗ്രന്ഥം പി. കെ ബ്രദേഴ്സ് കോഴിക്കോട് എന്ന മേൽവിലാസക്കാരോടു വിലയ്ക്കുവാങ്ങി മലയാളികളെല്ലാം വായിച്ചു നിത്യവും മനസ്സിനു ആനന്ദം നൽകിക്കൊണ്ടിരിക്കാൻ ഇടവരുമാറാകട്ടെ.

—o—

## ഇനിമേൽ

(ആർ. പി. ചിറേറഴം)

ഇനിമേൽ സാഹിത്യവനികയിൽകൂടി
മലർചൂടിപാടാനിവളില്ല
മനമുരുട്ടിട്ടമൊരുതരംനാറ-
ച്ചെടിയും പൂവുമതേ വിടെല്ലാം
ഇനിമേലാമ്രപവമാനനേറക്കാം-
നവിടെക്കൂടുവാനിവളില്ല.
മദനകാകളിയുരുചിട്ടാവിട-
മധുപരല്ലാതില്ല ചിട്ടാരും
മദതരളിതരവരെല്ലാം മധു-
നിലയംതോറുമലയുന്നോർ
തലതിരിയുന്നലഹരിയാൽലോകം
തലകീഴായ് കണ്ടുതെളിയുന്നോർ
അമൃതധാരയായവരിൽനിന്നാഴി-
കയാഴകിട്ടംഗാനയമുനയിൽ
മദിരതൻപുതുപരിമളമുണ്ടെ-
ന്നരുളുന്നാളുകൾ മുഴക്കന്നു
മതിമതിമദ്യമഹിതസാഹിത്യ
വിഭവസദ്യയിന്നിതുമതി
ഇതിലതീരയ,മലിയുന്നാളുകൾ
വിലയംപ്രാപിച്ചുതുലയുന്നു
ഇനിമേലിമ്മലർവനികയിൽപുതു
പനിനീർപൂവൊന്നുംവിരിയാതേ
മദനഗാനവും മദിരാസേകവും

## ചേന്നന്റെ മകൻ

(ഏഴാംപേജിൽനിന്നും തുടർച്ച)

അയ്യോ, മറച്ചിരുന്നോ ഈ പരമരഹസ്യങ്ങളെല്ലാം? എന്തോ!

'ഫ! കള്ളറാസ്കൽ! നിന്നോടു മര്യാദയ്ക്കു പറവല്ല അല്ലേ? പറയെടാസത്യം' രോഷാകുലനായ ഇൻസ്പെക്ടർ ചെകിട്ടത്തു് ആഞ്ഞൊരടികൊടുത്തു. അയാൾ തണ്ണയിൽനിന്നും നിലംപതിച്ചു. ദൈവത്തിന്റെ ശിക്ഷയോ? പാടുപെട്ടും പുത്രനെപ്പോററിയതിനു വയസ്സുകാലത്തുള്ള പ്രതിഫലമോ?............

'എടമോനേ! എനന്നേ പറഞ്ഞില്ലിയോടാ ഒരു ചീവിയോ ഉദ്യോഗക്കല്ലേന്ന് കട്ടമാന്നേന്ന്'' കിഴക്കുവശത്തുകേട്ട അടിയുടെ ശബ്ദത്താൽ ആഗതനായ വൃദ്ധൻ പുത്രനോടു ചോദിച്ചു.

'അപ്പൻ അകത്തു പോകണം. ആവശ്യമില്ലാതെ ശല്യപ്പെടുത്തരുത്. പൊന്നുതമ്പുരാന്റെ ചോറുണ്ണുന്നതിവന്മാരപ്പോലുള്ള കള്ളറാസ്കൽസിനെ മര്യാദപഠിപ്പിക്കാനാണ്. ഉം പോകണം' ഇൻസ്പെക്ടർ പിതാവിനോടു പരുഷമായി പറഞ്ഞു. നരച്ചുചുളുങ്ങിയ ശരീരവും പ്രാകൃതമായ ഭാഷയും പ്രതാപശൂന്യമായ വേഷവും പോലീസ് ഇൻസ്പെക്ടറിന്റെ പിതാവിനു യോജിച്ചതല്ലെന്നിരിയ്ക്കേ, ആ അനുഭവം തനിയ്ക്കു നേരിട്ടപ്പോൾ അതു സഹിയ്ക്കുവാനുള്ള ക്ഷമ ഇല്ലാതെപോയി, ഇൻസ്പെക്ടർക്കെങ്കിൽ അദ്ദേഹത്തെ അതിനു പഴിയ്ക്കുന്നതെന്തിനു? പിതാവു പുത്രനാൽ ശാസനീയനാണെങ്കിൽ പഴിയ്ക്കും തിരിക്കുന്നതെങ്ങനെ?

''ദയമാനേ കൊല്ലല്ലേ. ആ ദ്രോഹി! അവന്റെ തലയിൽ ഇടിവീഴട്ടെ. അയ്യോ ടമോഹാപാപീ! നിന്നെ ഇതിനോ പള്ളികെടന്നും പൊന്നുപോലെ വളത്തിയതു്'' അടികൊണ്ടേ വീണിടത്തുന്നുമെഴുന്നേറ വൃദ്ധൻ അഞ്ജലിബദ്ധനായിദയയാചിച്ചു.

പെട്ടെന്ന് ആ വൃദ്ധ പിതാക്കളുടെ ദൃഷ്ടികൾ തമ്മിലിടഞ്ഞു. അവരിലുണ്ടായ വികാരവിദ്യുല്ലത ഏതോ ആമന്ത്രണംചെയ്തു 'ചേന്നൻ...വല്യമ്പ്രാൻ' ആത്മമന്ത്രോച്ചാരം കേട്ടില്ല.

വീണ്ടും അടിക്കുവാൻ ആഞ്ഞോങ്ങിയ സമാധാനപാലകന്റെ ഹസ്തം പിൻവലിഞ്ഞു. കാരണം?

'അയ്യോടമോപാവീ! മങ്ങലത്തെമ്മേടെ വല്യമ്പിരാൻ അല്ലേയോടോ ഇതു്. എന്റെ തന്നെ ഭാഗ്യദോഷീ. എനിതിനോ, വല്യമ്പ്രാൻ കന്നാലിക്കാഴുനാക്കാമ്പാവിച്ചിട്ടും, എന്റെ വീട്ടുപോലുമുപേക്ഷിച്ചു കട്ടപ്പെട്ടു പഠിപ്പിച്ചേ. പഷ്ഷികെടന്നു പൊന്നുപോലെ വളത്തി പീയേക്കാരനാക്കിയെ...അയ്യോ! എന്റെ മേലാംകോണത്തു തേവന്തമ്പിരാനേ!......

മംഗലത്തു ഗോവിന്ദപ്പിള്ളയുടെ വേലക്കാരൻ—പോലീസ് ഇൻസ്പെക്ടർ ശങ്കരിന്റെ പിതാവ്-ചേന്നൻ നിലംപതിച്ചു.

'അയ്യോ! ഇതു ശങ്കരനോ?......ചേന്നന്റെ മകനോ?......ഹാ!...

—o—


## പരമാർത്ഥങ്ങൾ

ശ്രീ. തകഴിയുടെ ജീവിതരഹസ്യങ്ങളെ തുറന്നുകാട്ടുന്ന ഫലിതസമ്മിശ്രമായ ഏക നോവൽ. 1—8—0.

## നിശാഗന്ധി

എസ്. കെ. പൊറ്റെക്കാട്ടിന്റെ ഒമ്പതു ചെറുകഥകളുടെ സമാഹാരം. 1—8—0.

## .ബാല്യകാലസഖി

സജീവവും സ്വാഭാവികവുമായ കഥാപാത്രങ്ങളാൽ പുരോഗമനസാഹിത്യത്തിനു് കാഴ്ചവെച്ചിട്ടുള്ള മലയാളസാഹിത്യത്തിലെ അമൂല്യനിധി. 1—4—0.

by വൈക്കം ബഷീർ.

കഥാകൃത്തുക്കളിൽ ഭാവനാചതുരനായ കേശവദേവിന്റെ

## പ്രവാഹം 1—0—0.

കലാസുന്ദരമായ, വൈക്കം മുഹമ്മദുബഷീറിന്റെ ഗദ്യകവിത

## അനർഘനിമിഷം 1 4—0.

പീപ്പിൾസ് ബുക്കുസ്റ്റാൾ, ആലപ്പുഴ.



# സ്വതന്ത്രഫാർമസി

## ചാലക്കുടി, കൊച്ചിൻ സ്റ്റേറ്റ്

ബ്രാഞ്ചുകൾ:—കൊടകര, ആലപ്പുഴ & എറണാകുളം

ശാസ്ത്രജ്ഞന്മാരും പരീക്ഷാവിജയികളുമായ വൈദ്യന്മാരുടെ വിദഗ്ദ്ധമായ മേൽനോട്ടത്തിൽ വളർന്നുവന്നുവരുന്ന ഒരു മാതൃകാവൈദ്യസ്ഥാപനമാണ് സ്വതന്ത്രഫാർമസി. ശാസ്ത്രത്തിൽനിന്നു അണുമാത്രം വ്യതിചലിക്കാതെ നിഷ്കൃഷ്ടമായി സംസ്കരിച്ചിട്ടുള്ള എല്ലാം ആയുർവേദൌഷധങ്ങളും ഇവിടെനിന്നു ലഭിക്കുന്നു. രോഗവിവരം വിശദമായി എഴുതി അറിയിച്ചാൽ ശാസ്ത്രീയമായി വിചിന്തനം ചെയ്തു ചികിത്സ നിശ്ചയിക്കുന്നതും ഔഷധങ്ങൾ വി. പി. യായി എത്തിച്ചുകൊടുക്കുന്നതുമാണ്,

വി. ഗംഗാധരൻവൈദ്യൻ
വൈദ്യകലാനിധി, പ്രൊപ്രൈറ്റർ



കൊട്ടാരക്കര യൂണിയൻ ടാക്കീസിൽ

## ''ശാന്താ ബാലനാഗമ്മ''

എന്ന തെലുങ്കുചിത്രം

പ്രദർശിപ്പിക്കുന്നു.

7-30-നു 10-30-നു


മലർവല്ലിച്ചോട്ടംപഴകിപ്പോയ്
പുതിയപൂക്കൾക്കമദിരദുർഗ്ഗന്ധം
പെരുകിക്കൂടവേ, നുകരുവാൻ
മധുപരാകിയജനതയാത്തിപൂ-
ണ്ടുഴറുന്നു, നുകർന്നാടിയുന്നു
മജനഗാനവും പനിനീർപൂക്കളും
മണിനിരണിതവുമവിടില്ല
മദനഗീതിയും വികൃതചിന്തതൻ
തകൃതിയുമല്ലാതവിടില്ല
സരളകേരളമഹിളാമണി
മയമനോഹരവനികയിൽ
ഇനിയുമമന്നൊരുപൂ
പ്പനീരലർചെടികുസുമിക്കും.

—*—

## വിജയലക്ഷ്മിപണ്ഡിററ്

(൨-ാംപേജിൽനിന്നും തുടർച്ച)

ജ്യങ്ങളും ഹിററ്ലർവാഴ്ചയെ താലോലിച്ചുകൊണ്ടിരുന്നപ്പോഴും, അതിനെതിരായുള്ള തന്റെ നില ജവഹരിലാൽനെഹ്റു പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിട്ടും അദ്ദേഹവും സഹപ്രവർത്തകരും ഇന്നു ജയിലിലാണ്. ഈ സ്ഥിതി ഒരിക്കലും ഇന്ത്യയെ സ്വാതന്ത്ര്യരാജ്യമാക്കുന്നില്ല. അതിനു വിസ്തൃതമായ ഒരു തടങ്കൽപാളയത്തിന്റെ ഛായതന്നെയാണുള്ളത്.

### അനൈക്യമെന്ന പഴങ്കഥ

ഹിന്ദു-മുസ്ലിംഭിന്നതകൾ വർണ്ണിക്കപ്പെട്ടുകാണുന്നതരത്തിൽ വിപുലങ്ങളാണോ? പ്രധാനമായും രാഷ്ട്രീയമായുമുള്ള ഈ ഭിന്നതകൾ തൃപ്തികരമായതരത്തിൽ പരിഹരിക്കുന്നില്ലെങ്കിൽ അതു അവയുടെ അപരിഹാര്യതയെയല്ല, രാജ്യതന്ത്രജ്ഞതയിൽ നമുക്കുള്ള പരാധീനതയെയാണു കാണിക്കുന്നതു്. പകിസ്ഥാനുവേണ്ടിയുള്ള അവകാശവാദം അടുത്തകാലത്തുണ്ടായിട്ടുള്ളതാണ്. വിഭജനത്തിനുള്ള ഈ അവകാശവാദത്തിൽ മുസ്ലീങ്ങൾതന്നെയും ഏകാഭിപ്രായക്കാരല്ല. ഗ്രാമങ്ങളിലും നഗരങ്ങളിലും ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരരമ്യതയോടെ വർത്തിക്കുന്നു. ജനാനുകൂല്യംനേടുവാൻ ജനതയുടെ കണ്ണുകളിൽ ഈ ഭിന്നതകളെ അടിച്ചുകയററുമ്പോളല്ലാതെ അവർ അവയെപ്പററി അറിയുന്നതുപോലുമില്ല. "നദിയിൽ ജീവിക്കണമെങ്കിൽ ജലജന്തുവുമായിട്ടും സ്നേഹത്തിൽ കഴിയണം"എന്നുള്ള വാക്യത്തെയാണു അവർ ഇക്കാര്യത്തിൽ അനുസരിക്കുന്നതു്.

മൗലികമായി ലീഗിനും കാൺഗ്രസ്സിനും ഒരേലക്ഷ്യമാണുള്ളതു്. അതായതു ഇന്ത്യൻസ്വാതന്ത്ര്യം. യുദ്ധയത്നങ്ങൾക്കു ഇവരണ്ടും പിന്തുണ നൽകിയിട്ടില്ല. ഈയിടയിലെ ബഡ്ജററുസമ്മേളനത്തിൽ അവർ ഇരുകൂട്ടരും യോജിച്ചു ഗവർമ്മെണ്ടിനെ തുടർച്ചയായി പലപ്രാവശ്യം പരാജയപ്പെടുത്തിയിട്ടുമുണ്ട്.

### ഇൻഡ്യയുടെ അംബാസഡർ

നിരാശരായ ബ്രിട്ടീഷുപത്രപ്രവർത്തകർ മിസ്സിസ്സ് പണ്ഡിററിനെ ഒരു ശല്യമായി പരിഗണിച്ചേക്കാം. എന്നാൽ ഇന്ത്യാക്കാരെസംബന്ധിച്ചിടത്തോളം അവർ ബ്രിട്ടീഷുദുഷ്പ്രചരണദുർഗ്ഗത്തെ തന്റെ ജൈത്രയാത്രയിൽ തട്ടിത്തകർത്ത ഒരു സ്ഥാനപതിയാണ്. അവരുടെ യത്നത്തിനു നമുക്കു വിജയമാശംസിക്കാം.

(ഓറിയൻറവീക്ക്ലി)

# ശ്രീ സുഭാഷ് ബോസിന്റെ "സ്വാതന്ത്ര്യസേന"

## കൂടുതൽ വിവരങ്ങൾ

ന്യൂഡെൽഹി മേ ൧൭—ശ്രീ. സുഭാഷ് ചന്ദ്രബോസിന്റെ "ഇന്ത്യൻ സ്വാതന്ത്ര്യസേന"യെപ്പററി ദിനമണിയുടെ ന്യൂഡെൽഹിലേഖകൻ ചില വിവരങ്ങൾ പ്രസിദ്ധംചെയ്തിരിക്കുന്നു. സിംഗപ്പൂർ പതനത്തോടുകൂടി ൧൯൪൨ ഫെബ്രുവരി ൧൮-ാംതീയതി ൧൪-ാം പഞ്ചാബ് റെജിമെന്റിലെ ഒരു സിക്ക് ആഫീസറായ മി. മോഹൻസിംഗ് എന്നയാൾ ഒരു ഇന്ത്യൻ സ്വാതന്ത്ര്യസേനയ്ക്കുവേണ്ടി ആൾ ശേഖരിക്കുവാനാരംഭിച്ചു. ബ്രിട്ടീഷ് ഇന്ത്യൻസൈന്യങ്ങളെ എതിർക്കുക, ഇന്ത്യൻഭടന്മാരുടെ ഇടയിൽ പ്രചരണവേലചെയ്ത് അവരെ ഈ സേനയിൽചേർക്കുക, മുതലായവയായിരുന്നു ഈ സ്വാതന്ത്ര്യസേനാ രൂപവൽക്കരണത്തിന്റെ ഉദ്ദേശം.

കിഴക്കേ ഏഷ്യയിലെ ഇന്ത്യാക്കാർ ൧൯൪൨ ജൂണിൽ ബാങ്കോക്കിൽവച്ച് ഇന്ത്യാക്കാരുടെ ഒരു മഹായോഗം കൂട്ടുകയുണ്ടായി. അവിടെവച്ച് ശ്രീ റാഷ്ബിഹാരിബോസിന്റെ ആദ്ധ്യക്ഷത്തിൽ 'ഇന്ത്യൻസ്വാതന്ത്ര്യലീഗ്', എന്നപേരിൽ ഒരു സംഘടന ആരംഭിച്ചു. റാഷ്ബിഹാരിബോസ് വൈസ്രോയിയായിരുന്ന ഹാർഡിഞ്ജ്പ്രഭുവിന്റെനേർക്ക് ബോംബ് എറിയാൻ ശ്രമിച്ച ആളാണ്. ഈ സംഘടനയുടെ കീഴിൽ ഒരു ദേശീയ സേനയുംരൂപവൽക്കരിക്കപ്പെട്ടു ൧൯൪൨-ൽ ഈ സേനയിൽ ൧൬൦൦൦-ആളുകളുണ്ടായിരുന്നതായിപറയപ്പെടുന്നു. സിങ്കപ്പൂരിലുണ്ടായിരുന്ന യുദ്ധത്തടവുകാരിൽനിന്നുമാണ് ഈ സേന രൂപീകൃതമായതു്.

മി. മോഹനസിംഗ് താമസിയാതെതന്നെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ജപ്പാൻ ഗവമ്മെന്റധികാരികളുമായി സമ്പർക്കം തുടർന്നുവന്നതായി സംശയം തോന്നിയതുകൊണ്ടു മി: റാഷ്ബിഹാരിബോസ് അയാളെ അറസ്റ്റുചെയ്തു തടങ്കലിലാക്കി. അതോടുകൂടി അയാളുടെ സൈന്യവും പിരിച്ചുവിടപ്പെട്ടു. ൧൯൪൩-ൽ ശ്രീ. സുഭാഷ് ചന്ദ്രബോസ് ജർമ്മനിയിൽനിന്നും വിദൂരപൗരസ്ത്യദേശത്തു വന്നുചേർന്നതോടുകൂടി ഇൻഡ്യൻസ്വാതന്ത്ര്യലീഗിന്റെ ആധിപത്യം ഏറെറടുത്തു. ഇൻഡ്യൻസ്വാതന്ത്ര്യസേനയും അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായി. പല പ്രദേശങ്ങളിലും സഞ്ചരിച്ചു തീവ്രമായ പ്രചരണം നടത്തി ഈ സേനയിലേക്കു ആൾ ചേർത്തുതുടങ്ങി. സംഘടനയ്ക്കുവേണ്ടി ധനശേഖരണം നടത്തി ഒരു "താൽക്കാലിക ഇൻഡ്യൻസ്വാതന്ത്ര്യ ഗവമ്മെന്റും" ഏർപ്പെടുത്തി. മാർച്ച്മാസത്തോടുകൂടി ഈ സേനയിൽ ൩൫൦൦൦-പേരോളംചേർത്തു, ഇതിൽ പകുതിയും യുദ്ധത്തടവുകാരായിരുന്നു. മലയായിലെ റബ്ബർതോട്ടങ്ങളിലെ തൊഴിലാളികളെയും സേനയിൽ ചേർത്തുതുടങ്ങി.

൧൯൪൪ ഫെബ്രുവരിയിൽ മി. ബോസ് ഇപ്രകാരം പ്രസ്താവിച്ചതായി പറയപ്പെടുന്നു.—"ഇൻഡ്യൻ സ്വാതന്ത്ര്യത്തിലേക്കുള്ള ആദ്യപടിയായി നാം ഒരു വിജയം സമ്പാദിച്ചിരിക്കുന്നു. (ആരക്കാൻ സംഭവത്തെയാണ് മി. ബോസ് സൂചിപ്പിച്ചതു്) ആരക്കാനിൽബോംബുകൾ പ്രയോഗിച്ചും സ്കൗട്ടിംഗ് പ്രവർത്തനങ്ങളിലേർപ്പെട്ടും ജനങ്ങളുടെയിടയിൽ നുഴഞ്ഞുകയറിയും പ്രചരണങ്ങൾ നടത്തുകയും ജപ്പാൻഭടന്മാരെ സഹായിക്കുകയും ചെയ്തുവരുന്നു ഇംഗ്ലീഷിലും ഉർദുവിലും ഉച്ചഭാഷണംചെയ്തു സഖ്യഭടന്മാരുടെയിടയിൽ കുഴപ്പങ്ങളുണ്ടാക്കുന്നു."

ഫെബ്രുവരി 6-ാംതീയതി വൈകിട്ട് ൭-മണിക്കു ബുത്തീഡാംഗിൽവച്ചു സഖ്യസേനയുടെ ഒരു കാര്യാലയത്തിൽ ജപ്പാൻകാർ പ്രവേശിച്ചയവസരത്തിലാണു ആദ്യമായി സഖ്യഭടന്മാരും മി. സുഭാഷിന്റെ ഭടന്മാരുമായി ഏററതു്. അവർ ജപ്പാൻഭടന്മാരെ മറയ്ക്കുവാൻ മുന്നണിയിൽ അയക്കപ്പെട്ടു. അവരിൽ പലരും സാധാരണ ഇൻഡ്യൻ രീതിയിൽ വസ്ത്രധാരണംചെയ്തിരുന്നു. "ഡൽഹിയിലേയ്ക്കുപോകാം" "ഗാന്ധിക്കീജേ" എന്നെല്ലാം അവർ ഉൽഘോഷിച്ചു. ഇവർ ഇന്ത്യാക്കാരായതുകൊണ്ട് അല്പം പുരോഗമിക്കാൻസാധിച്ചു. ആ സന്ദർഭം വിനിയോഗിച്ചുകൊണ്ട് ജപ്പാൻകാരും അവരുടെകൂടെയെത്തി. എന്നാൽ ഈ തന്ത്രം അധികകാലം പ്രയോജനപ്പെടുത്തിക്കൊണ്ടുപോകാൻ അവർക്കു സാധിച്ചില്ല.

ഗൂർഖാഭടന്മാർ ഈ സേനയിലെ അഞ്ചുദ്യോഗസ്ഥന്മാരെ ഒരിയ്ക്കൽ തന്ത്രത്തിൽ പിടികൂടുകയുണ്ടായി. ഒരു ഗൂർഖാപടയെ മി. സുഭാഷിന്റെ ഭടന്മാർ വളഞ്ഞു. "ഡൽഹിയിലേക്കു പോകുക" എന്നവർ പറഞ്ഞപ്പോൾ ഗൂർഖാകൾ വളരെ സന്തോഷഭാവത്തിൽ മറുപടിപറഞ്ഞു.—ഞങ്ങൾ ഇന്ത്യാക്കാരാണ്. നിങ്ങളുടെ കൂടെ ജപ്പാൻകാർ ഇല്ലല്ലോ. നിങ്ങളും ഇന്ത്യാക്കാരാണെങ്കിൽ നമ്മളെല്ലാം സ്നേഹിതന്മാരാണ്. നമുക്കന്യോന്യം വെടിവയ്ക്കണമെന്നില്ല. നമുക്കു കാര്യം സംസാരിക്കാം."

ഗൂർഖാകൾ യഥാർത്ഥത്തിൽ കീഴടങ്ങിയെന്നു വിശ്വസിച്ച് മി. സുഭാഷിന്റെ അഞ്ചുദ്യോഗസ്ഥന്മാർ അവരുടെനിരയിലേക്കുചെന്നു. ഉടനെ ബ്രിട്ടീഷുദ്യോഗസ്ഥന്മാരും അവിടെയെത്തി വെടിതുടങ്ങി. ആഫീസറന്മാരെ പിടികൂടുകയുംചെയ്തു.

പലയവസരങ്ങളിലും ഈ ഭടന്മാർ പാതപേകരമായ പരാജയമടഞ്ഞിട്ടുണ്ട്. മണിപ്പൂരിയിൽ ജനുവരി ആദ്യവാരത്തിൽ ഈ സേനയിലെ രണ്ടു ആഫീസറന്മാരെ പിടിയ്ക്കുകയുണ്ടായി. ൩൦ പേർ കൊല്ലപ്പെട്ടു. ൨൦൦ പേർക്കു മുറിവേററു. മധ്യബർമ്മായിൽ എങ്ങെങ്കിലും പുതിയ പ്രവർത്തനമാരംഭിച്ച് ജപ്പാൻകാരുടെയിടയിൽ തന്റെ പ്രശസ്തി വർദ്ധിപ്പിയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടി മി. ബോസ് ശ്രമംനടത്തിയതു് നിഷ്പ്രയോജനമായിത്തീർന്നതായും പറയപ്പെടുന്നു.

## മുസ്സോളിയെ രക്ഷപ്പെടുത്തിയ ആൾ തടവിൽ

ലണ്ടൻ മേ 17 മുസ്സോളിനിയെ ഇററലിയിൽനിന്നും വിമാനമാർഗ്ഗം രക്ഷപ്പെടുത്തുന്നതിൽ നാസിഭടന്മാരുടെ നേതൃത്വം വഹിച്ച ലഫ്. കേണൽ ഒട്ടോസ്കോർസനിയെ തടവുകാരനാക്കിയിരിക്കുന്നു. ആറടി നാലിഞ്ചുപൊക്കമുള്ള ഒരു തടിയനാണ് ഈ മനുഷ്യൻ. അയാളുടെ ഇടത്തെ ചെകിടിൽ ഒരു അടയാളമുണ്ട്. എങ്ങനെയാണ് താൻ മുസ്സോളിനിയെ രക്ഷപ്പെടുത്തിയതെന്നുള്ള കഥ അയാൾ വിവരിക്കുകയുണ്ടായി

## വിഷയവിവരം

പേജ്

1 കമ്പിവാർത്തകൾ
2 വിജയലക്ഷ്മിപണ്ഡിററ്
(ലക്ഷ്മി എൻ മേനോൻ,
3 ശ്രീ ശങ്കരന്റെ സന്ദേശം
(ആഗമാനന്ദസ്വാമികൾ)
5 ബർമ്മയിൽനിന്നുള്ള എന്റെ വിജയകരമായ പിന്മാററം
(പി. കെ. രാജരാജവർമ്മ എം. എ.)
6 പ്രശസ്തവ്യക്തികൾ
" വിയർപ്പിനോട് (കവിത)
" സ്മരണയിൽ (കവിത)
7 ചേന്നന്റെ മകൻ (ചെറുകഥ)
(പുത്തൂർ, നാരായണൻനായർ, വിദ്യാർത്ഥി)
8 ഗ്രന്ഥനിരൂപണം
9 സ്ഥിതിസമത്വവും ഭാരതസംസ്കാരവും
(വടയാററുകോട്ട, കെ. പരമേശ്വരൻപിള്ള)
10 ഹെർമാൻ വോഹൽ
(എം. പി. വരിക്കോലിൽ)
11 ജന മേത്ത് (കവിത)
12 കമ്പിവാർത്തകൾ

മഹത്തായ ൨-ാം വാരം
കൊല്ലം S. M. P. പാലസ്സിൽ
പി. യു ചിന്നപ്പം, ററി. ആർ. രാജകുമാരി, എൻ. എസ്. കൃഷ്ണൻ, മധുരം മുതലായവർ അഭിനയിച്ച
"കുബേര—കുചേല"
എന്ന ചിത്രം പ്രദർശിപ്പിക്കുന്നു

ആലപ്പുഴ
ശ്രീകൃഷ്ണാ ടാക്കീസിൽ
ശാലിവാഹൻ
നാലാമതു വാരം

ഫോട്ടോബ്ലാക്കുകൾ
ഹാഫ്ടോൺ & ലൈൻ ബ്ലാക്കുകൾ ആവശ്യമുള്ളവർ ഇനി വിഷമിയ്ക്കേണ്ടതില്ല.
യുദ്ധകാലവൈഷമ്യങ്ങൾനിമിത്തം പ്രവർത്തനം നിർത്തിവച്ചിരുന്ന ഞങ്ങളുടെ പ്രാസസ് സ്ററുഡിയോ വേണ്ട സജ്ജീകരണങ്ങളോടുകൂടി വീണ്ടും പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.
ശ്രീരാമവിലാസ്പ്രാസസ്
സ്ററുഡിയോ കൊല്ലം

കൊല്ലം ബേബിടാക്കീസിൽ
വി എ ചെല്ലപ്പാ, എം. എം. രാധാബായി അഭിനയിച്ച
"ദക്ഷയാഗം"
പ്രദർശിപ്പിച്ചുവരുന്നു.

ചവറ ബേബിടാക്കീസിൽ
ഇടവം 4-ാംതീയതി മുതൽ
ത്യാഗരാജഭാഗവതർ, ററി. ആർ. രാജകുമാരി, കൃഷ്ണൻ, മധുരം മുതലായവർ അഭിനയിച്ച
"ശിവകവി"

Printed and published by N. Chandrasekharan Nair at the Sri Rama Vilas Press. Quilon